കേരളപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ്

## VIII

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2009

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

***Prepared by*** :
State Council of Educational
Research and Training (SCERT)
Poojappura, Thiruvananthapuram - 12, Kerala.
*Website* www.scertkerala.gov.in
*e-mail* scertkerala@asianetindia.com

© Government of Kerala • Department of Education • 2009

പ്രിയ വിദ്യാർഥികളേ,

ഭാഷയുടെയും സാഹിത്യത്തിന്റെയും ഈടുവയ്പുകൾ
സ്വന്തമാക്കാനുള്ള അവസരം നിങ്ങൾക്കു
കൈവന്നിരിക്കുകയാണ്.

ഒരു ജനതയുടെ ജീവചൈതന്യമാണല്ലോ
ഭാഷയും സാഹിത്യവും.

അതിന്റെ സദ്ഫലങ്ങൾ അനുഭവിച്ചുകൊണ്ട്
ആ പാരമ്പര്യത്തിന്റെ ഭാഗമാവാൻ മലയാളഭാഷാപഠനം സഹായകമാവും.

സമാനമായ വികാരങ്ങളും വിചാരങ്ങളും പങ്കുവയ്ക്കുന്ന കൂട്ടായ്മ
സാഹിത്യത്തെ എന്നപോലെ ജീവിതത്തെയും
സമ്പന്നമാക്കുന്നു.

വിശിഷ്ടമായ കൃതികൾ ആസ്വദിക്കുന്നതിലൂടെ
നിർമലഭാവങ്ങളും മനോബലവും കൈവരിക്കാനാവും.

സാഹിത്യത്തിലൂടെ കൈവരുന്ന അറിവുകളും
അനുഭൂതികളും തിളക്കമാർന്ന ഉൾക്കാഴ്ച നൽകുന്നു.

ചുറ്റുപാടുമുള്ള ജീവിതചലനങ്ങൾ നമ്മുടേതുമാണെന്ന
തിരിച്ചറിവ് ഇതിലൂടെയാണ് ലഭിക്കുക.

ഭാഷയുടെ സാധ്യതകൾ തിരിച്ചറിയാനും
പ്രയോജനപ്പെടുത്താനും ഈ പഠനം സഹായകമാവും.

സ്നേഹാശംസകളോടെ,

**പ്രൊഫ. എം.എ. ഖാദർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

ശ്രീ. അബ്ദുൽ കരീം സി.കെ.
ശ്രീ. ജിനേഷ്കുമാർ എം.എം.
ശ്രീ. ജോഷി ടി.കെ.
പ്രൊഫ. പി. നാരായണമേനോൻ
ശ്രീമതി പ്രീത ജെ. പ്രിയദർശിനി
ഡോ. സി. ഭാമിനി
ശ്രീ. മെഹറലി വി.എം.
ശ്രീ. മോഹനൻ കെ. വി.
ഡോ. മോഹനൻ സി. കെ.
ശ്രീ. യഹിയ പി.
ശ്രീ. രവി വി.
ഡോ. വാസുദേവൻ കെ.എസ്.
ശ്രീ. വൈശാഖൻ
ശ്രീ. ശ്യാംകുമാർ എസ്.
ശ്രീ. ഷാജിമോൻ കെ.സി.
ഡോ. സത്യനേശൻ പി.
ശ്രീ. സാബു എച്ച്.
ശ്രീ. ഹരിദാസ് കെ.

## ചിത്രകാരന്മാർ

ശ്രീ. സനൽകുമാർ പി.
ശ്രീ. സുരേഷ്കുമാർ സി.
ഡോ. സോമൻ കടലൂർ

## വിദഗ്ധർ

ശ്രീ. കെ.പി. ശങ്കരൻ
ഡോ. കെ.എ. വാസുക്കുട്ടൻ

## അക്കാദമിക് കോഡിനേറ്റർ

ഡോ. ശ്രീകുമാരി അമ്മ ബി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


**1. ഉർവരതയുടെ സംഗീതം**

കന്നിക്കൊയ്ത്ത്

അരിശ്രീ

കൃഷിക്കാരൻ

**2. വേല എന്ന കല**

പടച്ചോന്റെ ചോറ്

ആദർശവും യാഥാർഥ്യവും

മടിയന്മാർ മുടിയന്മാർ

**3. മണ്ണിൽ പുതഞ്ഞ രത്നങ്ങൾ**

പണയമുതൽ

ദാഹിക്കുന്നു ഭഗിനീ

പനങ്കുറുക്കും താളുകറിയും

**4. ജീവിതത്തിന്റെ തുടിതാളം**

നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!

കൂളിയുടെ പുറപ്പാട്

നാടൻകലകളുടെ പകർന്നാട്ടം

**5. അകം തെളിയുമ്പോൾ**

ഭൂമി

ബസവപ്പൻ എന്ന സ്വർണനാണയം

**6. ത്യാഗമെന്നതേ നേട്ടം**

വംശാനന്തരതലമുറ

വിദ്യകൊണ്ടറിയേണ്ടത്

കാടുവാഴാൻ




# 1
# ഉർവരതയുടെ സംഗീതം

*"കൊയ്ത്തുകാലം പിറന്നിതാ, ഗ്രാമം*
*മുത്തണിഞ്ഞു പുലരികൾ തോറും*
*ക്ഷുത്താൽപ്പള്ള ചുളുങ്ങിയ നാടിൻ*
*ഹൃത്തിൽ പുത്തനുന്മേഷം വഴിഞ്ഞു"*

**- അക്കിത്തം**

*വിതയും കൊയ്ത്തുമെല്ലാം ഗ്രാമീണജീവിതത്തിന്റെ ഭാഗമായിരുന്നു. അതിനാൽ, കൃഷി ഒരു സംസ്കാരത്തെത്തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആശയത്തിന്റെ വിത്തുവിതയ്ക്കുക, നന്മകൊയ്യുക തുടങ്ങിയ പ്രയോഗങ്ങൾ പ്രചാരം നേടിയത് അങ്ങനെയാവാം. കാർഷികജീവിതത്തിലെ മൂല്യങ്ങൾ ഇന്ന് എത്രത്തോളം നിലനിൽക്കുന്നുണ്ട്? ആചാരങ്ങൾ, വിശ്വാസങ്ങൾ തുടങ്ങിയവ വിലയിരുത്തി കുറിപ്പ് തയാറാക്കൂ.*



# കന്നിക്കൊയ്ത്ത്

വൈലോപ്പിള്ളി ശ്രീധരമേനോൻ

**പൊ**ന്നുഷസ്സിന്റെ കൊയ്ത്തിൽനിന്നൂരി-
ച്ചിന്നിയ കതിർ ചുറ്റും കിടക്കെ,
മേവി കൊയ്ത്തുകാർ പുഞ്ചയിൽ, ഗ്രാമ-
ജീവിതകഥാനാടകഭൂവിൽ.
കെട്ടിയ മുടി കച്ചയാൽ മൂടി,
ചുറ്റിയ തുണി ചായ്ച്ചൊന്നു കുത്തി,
വെറ്റില ചവ,ച്ചുന്മദമോളം-
വെട്ടിടുമരിവാളുകളേന്തി,
ഒന്നിച്ചാനമ്രമെയ്യൊടേ നിൽപ്പൂ
കന്നിപ്പാടത്തു കൊയ്ത്തുകാർ നീളെ,
നൽപ്പുലർകാലപാടലവാനിൽ
ശുഭ്രമേഘപരമ്പരപോലെ!
"ആകെ നേർവഴി പാലിപ്പി,നാരും
ആനപോലെ കടന്നു കൊയ്യൊല്ലേ!"
"താഴ്ത്തിക്കൊയ്യുവിൻ, തണ്ടുകൾ ചേറ്റിൽ
പൂഴ്ത്തിത്തള്ളൊല്ലേ, നെല്ലു പൊന്നാണേ!"
"തത്തപോലെ മണിക്കതിർ മാത്രം
കൊത്തിവയ്ക്കൊലാ നീ കൊച്ചുപെണ്ണേ!"
"കൊയ്യുവാനോ നീ വന്നതു, കൊള്ളാം,
'കൊഞ്ചുകാളാഞ്ചി'മീൻ പിടിപ്പാനോ?"
"നീട്ടിയാൽ പോര, നാവുകൊണ്ടേവം,
നീട്ടിക്കൊയ്യണം നീയനുജത്തി!"
"കാതിലം കെട്ടാൻ കൈവിരുതില്ലേ?
നീ തലക്കെട്ടു കെട്ടിയാൽ പോരും."
ചെമ്മിൽച്ചെങ്കതിർ ചേർത്തരിഞ്ഞേവം
തമ്മിൽ പേശുന്നു കൊയ്ത്തരിവാൾകൾ.
പാടുവാൻ വരുന്നീലവ,ർക്കെന്നാൽ
പാരമുണ്ടു പയ്യാരങ്ങൾ ചൊൽവാൻ.
തെങ്ങണിത്തണലാർന്നിവർ തീര-
ത്തങ്ങു കൂടിക്കഴിഞ്ഞിടും ഗ്രാമം,
നിത്യവും ജീവിതം വിതയേറ്റി
മൃത്യു കൊയ്യും വിശാലമാം പാടം.
തത്ര കണ്ടിടാം കൊയ്തതിൻ ചാമ്പൽ-
ക്കുത്തിലേന്തിക്കുളുർത്ത ഞാർക്കൂട്ടം
അത്തലിൻ കെടുപായലിൻ മീതേ-
യുൾത്തെളിവിന്റെ നെല്ലിപ്പൂന്തോട്ടം;

ചൂഴെയെത്തുന്ന രോഗദാരിദ്ര്യ-
ച്ചാഴിയൂറ്റിക്കുടിച്ചതിൻ കോട്ടം;
ചെംചെറുമണി കൊത്തിടും പ്രേമ-
പ്പഞ്ചവർണക്കിളിയുടെയാട്ടം!
എത്ര വാർത്തകളുണ്ടിതേപ്പറ്റി-
ക്കൊയ്ത്തുകാരുടെയിപ്പഴമ്പായിൽ!
* * * * * * * * *
കന്നിനെല്ലിനെയോമനിച്ചെത്തി-
യെന്നൊടോതി സദാഗതി വായു:
"നിർദ്ദയം മെതിച്ചീ വിളവുണ്മാൻ
മൃത്യുവിന്നേകും ജീവിതംപോലും
വിത്തൊരിത്തിരി വയ്ക്കുന്നു, വീണ്ടും
പത്തിരട്ടിയായ് പൊൻ വിളയിപ്പാൻ.
കന്നിനാളിലെക്കൊയ്ത്തിനുവേണ്ടി
മന്നിലാദിയിൽ നട്ട വിത്തെല്ലാം
പൊന്നലയലച്ചെത്തുന്നു, നോക്കൂ,
പിന്നെയെത്രയോ കൊയ്ത്തുപാടത്തിൽ!
ഹാ, വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ?"

*(കന്നിക്കൊയ്ത്ത്)*

- "ഒന്നിച്ചാനമ്രമെയ്യോടേ നിൽപ്പൂ
  കന്നിപ്പാടത്തുകൊയ്ത്തുകാർ നീളെ
  നൽപ്പുലർകാലപാടലവാനിൽ
  ശുഭ്രമേഘപരമ്പരപോലെ!"

  ഈ വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കുക. ഇങ്ങനെ കാവ്യഭംഗി വർധിപ്പിക്കുന്നതിനു കവി സ്വീകരിച്ച മാർഗങ്ങൾ കണ്ടെത്തി വിശദീകരിക്കൂ.

  സൂചനകൾ

  - പൊന്നുഷസ്സിന്റെ കൊയ്ത്ത്
  - ഗ്രാമജീവിതകഥാനാടകഭൂവിൽ
  -
  -

- "തത്തമ്മയ്ക്കുണ്ടൊരു പായാരം ചൊല്ലാൻ
  കൊയ്ത്തിന്നു പാടത്തു പോയപ്പോൾ
  കുഞ്ഞിത്തത്ത വിശന്നേയിരുന്നു
  കൂട്ടിന്നുള്ളിൽ തളർന്നിരുന്നു.
  മുത്തശ്ശിക്കേറെ വയസ്സായിക്കൊല്ലവും
  പുത്തരിയുണ്ണാൻ കൊതിയായി
  താഴ്ത്തിയരിഞ്ഞൊരു പുന്നെൽക്കതിരുമായ്
  തത്തമ്മപ്പെണ്ണു പറന്നുപോയി"

  (ആവണിപ്പാടം - ഒ.എൻ.വി. കുറുപ്പ്)

ഈ വരികൾക്കു സമാനമായ വരികൾ 'കന്നിക്കൊയ്ത്തി'ൽ കണ്ടെത്താമോ? കവിതാഭാഗങ്ങൾ താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കുക.

- "നിത്യവും ജീവിതം വിതയേറ്റി
  മൃത്യുകൊയ്യും വിശാലമാം പാടം"

  ഇവിടെ വിത, കൊയ്ത്ത്, പാടം എന്നീ പദങ്ങൾ നൽകുന്ന ആശയങ്ങൾ എന്തൊക്കെയാണ്? ചർച്ചചെയ്തു കുറിപ്പാക്കുക.

- "ഹാ, വിജിഗീഷു മൃത്യുവിന്നാമോ
  ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ?"

  – കാർഷികജീവിതത്തിന്റെ എന്തെല്ലാം സവിശേഷതകളാവാം ഇങ്ങനെയൊരു കാഴ്ചപ്പാടിലെത്തിച്ചേരാൻ കവിയെ പ്രേരിപ്പിച്ചത്? ജീവിതത്തിന്റെ അജയ്യതയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? കവിയുടെ കാഴ്ചപ്പാടുമായി താരതമ്യം ചെയ്ത് ലഘുപ്രഭാഷണം തയാറാക്കൂ.

- കവിതയിലെ വർണനകൾ, സൂക്ഷ്മനിരീക്ഷണങ്ങൾ, പ്രയോഗസവിശേഷതകൾ, മറ്റു സൗന്ദര്യാംശങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയാറാക്കാം.

# അരിശ്രീ

എസ്.കെ. പൊറ്റെക്കാട്ട്

തങ്ങളുടെ മുഖ്യാഹാരധാന്യത്തെ ഇത്ര ഭക്തിയോടെ ആരാധിക്കുന്ന ഒരു ജനത ലോകത്തിൽ ബാലിക്കാരെപ്പോലെ വേറെയുണ്ടെന്നു തോന്നുന്നില്ല. ബാലിക്കാരുടെ 'ദേവിശ്രീ' കൃഷിയുടെയും സമൃദ്ധിയുടെയും ദേവതയാണെങ്കിലും, അവൾ പ്രധാനമായും ആരാധിക്കപ്പെട്ടുവരുന്നത് നെല്ലിന്റെയും അരിയുടെയും അധിദേവതയായിട്ടാണ്.

പണ്ടുപണ്ട് തങ്ങൾക്കു ഭക്ഷിക്കാൻ കരിമ്പുമാത്രമേ കിട്ടിയിരുന്നുള്ളൂ. മഹാവിഷ്ണു തങ്ങളിൽ കനിഞ്ഞ് ഭൂമിയിൽ അവതരിച്ച്, പൃഥ്വീമാതാവിനെ നെല്ലുൽപ്പാദിപ്പിക്കാൻ സമർഥയാക്കിത്തീർത്തു – ബാലിക്കാർ നെല്ലിനെപ്പറ്റി പറഞ്ഞുവരുന്ന കഥ അങ്ങനെയാണ്.

നെൽപ്പാടങ്ങളുടെ നാട്ടിൽനിന്നുവരുന്ന കേരളീയരായ നമ്മൾപോലും, ബാലിയിലെ നെൽപ്പാടങ്ങളുടെ സംവിധാനസമ്പ്രദായവും ലാവണ്യവിശേഷവും കാണുമ്പോൾ മതിമറന്നു നിന്നുപോകും. പർവതക്ഷാരങ്ങളുടെ വളക്കൂറുള്ള നിലങ്ങളിലും കുന്നിൻപള്ളകളിലും നല്ല കലാമാതൃകയിൽ വരമ്പുകൾ വെട്ടി വയലുകളുണ്ടാക്കി, അവയിൽ വെള്ളം കെട്ടി നിർത്തിയിട്ടാണ് ബാലിക്കാർ നെൽക്കൃഷി ചെയ്യുന്നത്. ഈ നീർപ്പാടങ്ങൾക്ക് 'സാവ'കൾ എന്നാണു പേര്. സാവകളുടെ സംവിധാനഭംഗി തെളിഞ്ഞു കാണുന്നതു കുന്നുകളിലാണ്. അവിടെ പടവുപടവുകളായി പാടങ്ങൾ പണിതുവച്ചിരിക്കും. കുന്നിൻനെറുകയിലെ തളത്തിൽ ശേഖരിച്ചുവച്ച മഴവെള്ളം സമയമായാൽ അവർ സാവകളിലേക്കു തിരിച്ചുവിടും. സാവകളിലെ നിശ്ചലജലത്തിൽ നീലാകാശവും പഞ്ഞിക്കെട്ടുകൾപോലുള്ള മേഘങ്ങളും പ്രതിഫലിക്കുമ്പോൾ അവയുളവാക്കുന്ന കാഴ്ച അവിസ്മരണീയമാണ്. ബാലിയിലെ മറ്റു സുന്ദരദൃശ്യങ്ങൾ മറന്നാലും കുന്നിൻപള്ളകളിൽ തട്ടുതട്ടുകളായി നിരത്തിയ വെള്ളിത്താലങ്ങളുടെ കാഴ്ച നാം മറക്കുകയില്ല. നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുകൊട്ടാരങ്ങളായി മാറുന്നു. പല വിതാനങ്ങളിലായുള്ള നീർപ്പാടങ്ങളിൽനിന്നു നിർഗളിക്കുന്ന തണ്ണീരിന്റെ അനുസ്യൂതമായ ജലതരംഗസംഗീതം നമ്മുടെ കാതും കരളും കുളുർപ്പിക്കുന്നു.



ചരിത്രകാലത്തിന് എത്രയോ മുമ്പുതന്നെ ബാലിയിൽ ഒരു കാർഷികസംസ്കാരം തഴച്ചുവളർന്നുവന്നിരുന്നു. ബാലിക്കാർ നാവികവാണിജ്യത്തിൽ തൽപ്പരരായിരുന്നില്ല. വ്യാപാരകേന്ദ്രങ്ങളോ തുറമുഖനഗരങ്ങളോ ബാലിയിൽ പണ്ട് ഉണ്ടായിരുന്നതായും അറിവില്ല. കൃഷി, കന്നുകാലിവളർത്തൽ എന്നീ രണ്ടു തൊഴിലുകളിലാണ് അവർ പണ്ടേ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. മറ്റൊരു തൊഴിൽ ഉത്സവാഘോഷങ്ങളായിരുന്നു. ഉത്സവങ്ങൾക്കുള്ള നൃത്തവും സംഗീതവും ദേശീയകലകളായി വളർന്നു. ഉത്സവങ്ങൾക്കും ആരാധനകൾക്കു

മുള്ള ഉപകരണങ്ങൾ നിർമിക്കുന്നത് ഒരു കൈത്തൊഴിലായും തുടർന്നുപോന്നു.

ബാലിക്കാരുടെ നെൽക്കൃഷിസമ്പ്രദായവും ആ കൃഷിയിൽനിന്നു കിട്ടുന്ന വിളയും, ആധുനിക കൃഷിശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തിൽ, മാറ്റംവരുത്താൻ പാടില്ലാത്ത വിധം മികച്ചവയാണ്. ഹിന്ദുക്കളുടെ ആഗമനത്തിനു മുമ്പുതന്നെ സ്വന്തമായ ഒരു കൃഷിശാസ്ത്രം ഇവർക്കുണ്ടായിരുന്നു. ഇവരുടെ ഭാഷയിലെ കാർഷികത്തൊഴിലിനെ സംബന്ധിച്ച വാക്കുകൾ, സംസ്കൃതച്ഛായ കലർന്നിട്ടില്ലാത്ത പ്രാചീന ദേശീയ പദങ്ങളാണ്. ഇവരുടെ സാമൂഹ്യനിയമശാസ്ത്രത്തിൽ-'അദാത്തി'ൽ-ഗ്രാമത്തിൽ എല്ലാവർക്കും കൃഷിചെയ്യാൻ സാധിക്കത്തക്കവണ്ണം കൃഷിഭൂമിയും കൃഷിക്കുള്ള വെള്ളവും പരസ്പരസഹകരണാടിസ്ഥാനത്തിൽ വീതിച്ചുകൊടുക്കാനുള്ള വ്യവസ്ഥകൾ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. തുരങ്കനിർമാണവിദ്യ ഇവരുടെ പഴയ കൃഷിശാസ്ത്രത്തിലെ ഒരു പ്രധാന അധ്യായമാണ്. നെൽവയലുകൾക്കാവശ്യമായ വെള്ളം ദൂരെയുള്ള മലകളിൽനിന്നും തടാകങ്ങളിൽനിന്നും കൊണ്ടുവരുന്നതിന്, മേടുകളുടെയും കുന്നുകളുടെയും ഗർഭത്തിലൂടെ തുരങ്കങ്ങളും തോടുകളും നിർമിക്കുന്നതിൽ ഇവർ ബഹുവിദഗ്ധരായിരുന്നു. കുന്നുകളുടെയും മേടുകളുടെയും ഉദരത്തിലൂടെ മാന്തിയുണ്ടാക്കിയ ചില ജലസേചനത്തോടുകൾക്ക് രണ്ടും മൂന്നും മൈൽ നീളമുണ്ട്. ഇവ പുരാതന കാലത്തെ നിർമിതികളത്രെ. യന്ത്രസഹായമില്ലാതെ, നവീനശാസ്ത്രപരിജ്ഞാനമില്ലാതെ അക്കൂട്ടർ എങ്ങനെയാണ് ഈ പാതാളത്തുരപ്പുകൾ പണിചെയ്തതെന്നു നമ്മൾ അത്ഭുതപ്പെട്ടുപോകും. ഈ നാടൻതുരങ്കങ്ങളെ 'ഔങ്ങൻ' എന്നാണു പറഞ്ഞു വരുന്നത്.

ബാലിയിലെ ഗ്രാമങ്ങളിൽ നെൽക്കൃഷി പഴയപോലെ ഇന്നും പരസ്പരസഹായസംഘടനകളുടെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. 'സുബാക്ക്' എന്നാണ് ഇത്തരം കാർഷികസംഘങ്ങൾക്കു പേര്. ദേശത്തിലെ ചെറുതും വലുതുമായ എല്ലാ നെൽവയലുകളുടെയും ഉടമകൾ ഇതിൽ അംഗങ്ങളായിക്കൊള്ളണമെന്നു നിർബന്ധമാണ്. അല്ലെങ്കിൽ അവർക്കു കൃഷിക്കുള്ള വെള്ളം കിട്ടുകയില്ല. അവർ ഒരു പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നു. പ്രസിഡന്റിനെ 'ക്ലിയാങ്' എന്നു പറയും. അടുത്തയാൾ 'പെഞ്ഞര്യക്കൻ സുബാക്ക്' എന്നു വിളിക്കപ്പെടുന്ന വൈസ് പ്രസിഡന്റാണ്. പിന്നെ മൂന്നു നാലു പ്രവർത്തകക്കമ്മിറ്റിയംഗങ്ങളുണ്ടായിരിക്കും; 'പംഗ്ലിമാൻ'മാർ എന്ന പേരിൽ. ഇവരെല്ലാം തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കും. ദേശത്തിലെ എല്ലാ കൃഷിക്കാർക്കും ആവശ്യമുള്ളത്ര വെള്ളം കിട്ടിവരുന്നുണ്ടോ എന്നന്വേഷിക്കുക, വയൽവരമ്പുകളും ചിറകളും കേടുപാടുകൾ തീർത്തു ഭദ്രമാക്കിവയ്ക്കുക, കൃഷിയെ സംബന്ധിച്ച തർക്കങ്ങൾ തീർക്കുക, കാർഷികോത്സവങ്ങൾ നടത്തുക, പൊതുവിലുള്ള വരവുചെലവു കണക്കുകൾ സൂക്ഷിക്കുക മുതലായവയാണ് സുബാക്കിന്റെ ചുമതലകൾ. ക്ലിയാങും പെഞ്ഞര്യക്കനും പംഗ്ലിമാൻമാരുമെല്ലാം ഓണററി പ്രവർത്തകരാണ്. ക്ലിയാങിന്, കുറ്റക്കാരുടെ മേൽ പിഴ ചുമത്താനധികാരമുണ്ട്– ആ പിഴത്തുകയിൽ ഒരു പങ്ക് അദ്ദേഹത്തിനെടുക്കാം; മറ്റ് ഉദ്യോഗസ്ഥൻമാർക്ക് തങ്ങളുടെ സേവനത്തിന്റെ പേരിൽ, വിഹിതത്തിലുമധികം കൃഷിവെള്ളം അവകാശപ്പെടുകയും ചെയ്യാം.

വയലിൽ കൃഷിപ്പണി തുടങ്ങാറായാൽ, ബാലിയിലെ ഓരോ ഗ്രാമത്തിൽനിന്നും ചെറുസംഘങ്ങൾ ഘോഷയാത്രയായി അഗൂംഗ്മലയിലേക്കു പുറപ്പെടുന്നു. അഗൂംഗ്മലയിലെ പുണ്യതീർഥം കൊണ്ടുവരാൻ പോകുന്നതു സുബാക്ക് പ്രതിനിധിസംഘങ്ങളാണ്. സംഘത്തിൽ ക്ലിയാങും 'പെമാംഗു' എന്നു വിളിക്കപ്പെടുന്ന പ്രധാന പുരോഹിതനും മൂന്നു സുബാക്ക് പ്രതിനിധികളും ഉണ്ടായിരിക്കും. അഗൂംഗ്മലയോടു ബന്ധപ്പെട്ട ബത്തൂർതടാകത്തിൽനിന്നോ 'ബസാക്കി' ഉറവയിൽനിന്നോ തീർഥജലം ഒരു വലിയ മുളങ്കുറ്റിയിൽ ശേഖ

രിച്ച്, ആ കലശം ഒരു കോടിമുണ്ടുകൊണ്ടു പൊതിഞ്ഞുകെട്ടി, ചെമ്പുനാണയങ്ങൾ കോർത്തുണ്ടാക്കിയ മാലകൾകൊണ്ടും പ്ലാശു മരത്തിന്റെ തളിരുകൾകൊണ്ടും അലങ്കരിച്ച്, വാദ്യഘോഷങ്ങളോടെ ഇവർ തങ്ങളുടെ ഗ്രാമത്തിലേക്കു മടങ്ങുന്നു.

ദേശത്തിലെ ഓരോ സുബാക്ക് സഹകരണസംഘത്തിനും, വയൽസാമ്രാജ്യത്തിന്റെ നടുവിൽ സ്വന്തമായ കൃഷിദേവതാക്ഷേത്രമുണ്ടായിരിക്കും. മുളങ്കുറ്റിക്കലശം ഇവർ കുറച്ചുനാൾ ഈ ക്ഷേത്രത്തിൽ കെട്ടിത്തൂക്കിയിടും. ഈ ദിവസങ്ങളിൽ ദേവതകൾക്കും ഗുരുകാരണവൻമാർക്കും പൂജകളും പ്രാർഥനകളും നൃത്തങ്ങളും മറ്റും നടത്തപ്പെടും. വയലിൽ സമൃദ്ധമായ വിളയുണ്ടാവാൻ ദേവതകൾ പ്രസാദിക്കുന്നതിനു നടത്തുന്ന ഉത്സവമാണിത്. ഇതിനെത്തുടർന്ന് സുബാക്ക് സംഘം വക വലിയൊരു സദ്യയും ഉണ്ടായിരിക്കും.

വയലുകളിൽ അഗൂംഗ്തീർഥം തളിച്ചുകഴിഞ്ഞാൽ വയൽ ഉണർന്നു ശുദ്ധമായിത്തീർന്നുവെന്നാണു വിശ്വാസം. വയലുകളിൽ തളിച്ച് ബാക്കിയായ തീർഥം 'എല്ലാവരുടെയും കൃഷി നന്നായിവരണേ!' എന്നു പ്രാർഥിച്ചുകൊണ്ട് ഇവർ പ്രധാന ജലസേചനത്തോട്ടിൽ ഒഴുക്കുന്നു. പിന്നെ തോടുകളിൽ നിന്നും ചിറകളിൽ നിന്നും വെള്ളം അതതു വയലുകളിലേക്കു തുറന്നുവിടും. കോഴിയങ്കങ്ങൾ നടത്തുന്നത് ഇക്കാലത്താണ്. കൃഷിനിലത്തോടു ബന്ധപ്പെട്ട മണ്ണിനു വീര്യംകൂട്ടാനും തെണ്ടിപ്പിശാചുക്കളുടെയും കാളികൂളിദുർമൂർത്തികളുടെയും ദാഹം തീർത്ത് അവരെ തൃപ്തിപ്പെടുത്താനും കോഴിയങ്കത്തിൽ ഭൂമിയിൽ വീഴുന്ന കോഴിച്ചോര ഫലം ചെയ്യുമെന്നാണ് ഇവരുടെ വിശ്വാസം.

അടുത്ത പരിപാടി വയലിൽ വളംചേർക്കലാണ്. ചീഞ്ഞ വൈക്കോലും ചാണകവും മറ്റുമാണ് വളമായുപയോഗിച്ചുവരുന്നത്. അവ സാവകളിൽ കലർത്തി, കാളകളെക്കൊണ്ടോ പോത്തുകളെക്കൊണ്ടോ ഉഴുന്നു. ഉഴവു കഴിഞ്ഞാൽ വയലിൽ കാളപൂട്ടുമത്സരങ്ങൾ തുടങ്ങുകയായി.

ഗ്രാമക്കാരെ മുഴുവനും ആവേശംകൊള്ളിക്കുന്ന ഒരേർപ്പാടാണ് ബാലിയിലെ 'മെഗ്രൂം പുങ്ങൻ' (കാളപൂട്ട്). പ്രത്യേകം പരിശീലിപ്പിച്ച മേത്തരം എരുതുകളെയാണു മത്സരത്തിനു കൊണ്ടുവരുന്നത്. ഗിൽറ്റ് പൂശി നിറപ്പകിട്ടുവരുത്തിയ തോൽച്ചട്ടകളും മാലകളുമണിയിച്ചുകഴിഞ്ഞാൽ മരം കൊണ്ടുണ്ടാക്കിയ കൂറ്റൻമണികൾ കെട്ടിത്തൂക്കി, ഈ വൃഷഭവീരൻമാരെ എഴുന്നള്ളിച്ചു കൊണ്ടുവരും - അവറ്റയുടെ നുകത്തിൻമേൽ വർണശബളമായ പട്ടുകൊടികൾ പാറിക്കളിക്കുന്നുണ്ടായിരിക്കും. കാളകളെയെല്ലാം അണിനിരത്തി തയാറായാൽ മത്സരത്തിന്റെ മേൽനോട്ടക്കാരൻ കാരണവർ 'ബ്വ' എന്ന് ഒരാജ്ഞ കൊടുക്കും. കാളകൾ കുന്തിരിയെടുത്തു മണ്ടുകയായി - നുകത്തോടു ഘടിപ്പിച്ച തണ്ടിന്റെ നിലത്തിഴയുന്ന ചീർപ്പുപലകയിൽ ചവിട്ടിനിന്നുകൊണ്ടു സവാരിചെയ്യുന്ന തെളിക്കാരുടെ പൈശാചികസ്വരങ്ങളും കാണികളുടെ ആർപ്പുവിളികളും ഗ്രാമത്തെ ഇട്ടു കുലുക്കും.

വയലിലെ ചളിയും വളവും മർദിച്ചു കുഴച്ചുചേർക്കാൻ ഈ കാളയോട്ടപ്പന്തയങ്ങൾ ഉപകരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ജനങ്ങൾക്കു വാതുവച്ച് ചൂതാട്ടം നടത്താനും നല്ലൊരവസരമാണിത്. കാളപൂട്ടിന്റെ ശബ്ദകോലാഹലങ്ങൾ പിശാചുക്കളെ ഭയപ്പെടുത്തി അകറ്റുമെന്നും ഇവർ വിശ്വസിക്കുന്നു. മത്സരത്തിൽ കാളകളുടെ ഓട്ടത്തിലുള്ള ഗതിവേഗമല്ല വിജയം നിർണയിക്കുന്നത്; ഓടുന്നതിലുള്ള ചന്തത്തിനാണ് കൂടുതൽ മാർക്ക് കിട്ടുക.

അങ്ങനെ കൃഷിക്കു കളമൊരുക്കിക്കഴിഞ്ഞാൽ പുരോഹിതൻ പഞ്ചാംഗം നോക്കി 'മെലാശ' (ഞാറുനടുന്നതിന്)യ്ക്ക് ഒരു ശുഭദിവസം നിശ്ചയിക്കുന്നു. രണ്ടുമാസത്തെ വളർച്ചചെന്ന ഞാറ് ഒരു കണ്ടത്തിൽ തയാറാക്കി വച്ചിരിക്കും. ഏറ്റവും പുഷ്ടിയുള്ള കതിരിൽനിന്ന് എടുത്തുസൂക്ഷിച്ചുവച്ച വിത്തുക

ളിൽനിന്നാണ് ഞാറുകൾ മുളപ്പിച്ചെടുക്കുന്നത് (ഈ വിത്തുകളെ 'മാതൃബീജങ്ങൾ' എന്നാണു വിളിക്കുന്നത്). ഞാറു നടാൻ നിശ്ചയിച്ച ദിവസത്തിന്റെ തലേന്നു രാവിലെ ഞാറുകൾ കണ്ടത്തിൽനിന്നു പിഴുതെടുത്ത്, കഴുകി ഒരു മരക്കത്രികകൊണ്ടു തലമുർന്നു ശരിപ്പെടുത്തി, രാത്രി മുഴുവനും കാറ്റത്തു തോരാനിടും.

രാവിലെ കുടുംബത്തിലെ സ്ത്രീകൾ, ശ്രീദേവിക്കു പൂജയും പ്രാർഥനയും കഴിക്കുന്നു. അപ്പോൾ ഗൃഹനാഥൻ കുളിച്ചു ശുദ്ധനായി, കുലദൈവങ്ങളെയും അഗൂംഗ്മലയെയും ധ്യാനിച്ചുകൊണ്ട്, ഒരുപിടി ഞാറു കൈയിലെടുത്ത് തന്റെ വയലിലേക്കു നടക്കുന്നു. അവിടെ പുരോഹിതൻ മന്ത്രം ചൊല്ലിക്കൊണ്ട് നിൽക്കുന്നുണ്ടാകും. കുടുംബനാഥൻ, വയലിൽ അഗൂംഗ്മലയോടടുത്തു കിടക്കുന്ന കോണിൽ ഒമ്പതു സ്ഥാനങ്ങളിലായി ഓരോ ഞാറു നടുന്നു. അഷ്ടദിക്പാലകൻമാരെയും നടുവിൽ ഭൂമിയെയും സങ്കൽപ്പിച്ചാണ് ഈ ഒമ്പതു സ്ഥാനങ്ങൾ. ആ കർമം കഴിഞ്ഞാൽ, വയലുകളിൽ മുഴുവനും ഞാറു നടുന്നതിന് ഗ്രാമക്കാർ സഹായിക്കുന്നു. ഓരോ ചാൺ ഇടവിട്ടാണ് ഞാറുകൾ പാവുന്നത്.

ഞാറു മുഴുവനും പാവിക്കഴിഞ്ഞാൽ, നടീലിനു സഹായിച്ചവർക്കെല്ലാം ഗൃഹനായകന്റെ വകയായി ഒരു സദ്യയുണ്ടായിരിക്കും.

**(ബാലിദ്വീപ്)**

- 'അരിശ്രീ' എന്ന ശീർഷകം പാഠഭാഗത്തിന് എത്രത്തോളം ഉചിതമാണ്? കൂട്ടുകാരുമായി ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.
- "ബാലിയിലെ ജനങ്ങൾക്ക് കൃഷി കേവലം ഒരു തൊഴിൽ മാത്രമല്ല"- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം സ്ഥാപിക്കുക.
- "നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുകൊട്ടാരങ്ങളായി മാറുന്നു."

  "നിറഞ്ഞ നിലാവുള്ള രാത്രികളിൽ സാവക്കുന്നുകൾ മുത്തുകൊട്ടാരങ്ങൾ പോലെയായി മാറുന്നു" - സാവക്കുന്നുകളെ വർണിക്കുന്ന ഈ വാക്യങ്ങൾ ശ്രദ്ധിക്കൂ. എന്തു മാറ്റമാണിവിടെ സംഭവിക്കുന്നത്? ഇത്തരം സവിശേഷപ്രയോഗങ്ങളിലൂടെ ഏതെങ്കിലും പ്രകൃതിദൃശ്യം അവതരിപ്പിക്കുക.
- ബാലിയിലെ കൃഷിയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾക്ക് കേരളത്തിലേതുമായി സമാനതകളുണ്ടോ? കേരളത്തിലെ കൃഷിയുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കാം.
- ശാസ്ത്രജ്ഞന്മാർ, ശാസ്ത്രജ്ഞർ എന്നീ പദങ്ങൾ ഒരേ അർഥത്തിലാണ് പ്രയോഗിച്ചുവരുന്നത്. ഈ പദങ്ങൾ തമ്മിലുള്ള വ്യത്യാസം എന്താണ്? ഇതിൽ ഏതു രൂപമാണു നിങ്ങൾ കൂടുതലായി ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നത്? എന്തുകൊണ്ട്?
- "ഞാറു മുഴുവനും പാവിക്കഴിഞ്ഞാൽ, നടീലിനു സഹായിച്ചവർക്കെല്ലാം ഗൃഹനായകന്റെ വകയായി ഒരു സദ്യയുണ്ടായിരിക്കും"-ഈ വാക്യം ആ നാട്ടിലെ ഒരു പതിവിനെയാണ് സൂചിപ്പിച്ചിരിക്കുന്നത്. 'സൂര്യൻ കിഴക്കുദിക്കും' എന്ന വാക്യവും ഈ സ്വഭാവത്തിലുള്ളതു തന്നെ. കൂടുതൽ മാതൃകകൾ കണ്ടെത്തി സവിശേഷതകൾ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.



# കൃഷിക്കാരൻ

**തകഴി ശിവശങ്കരപ്പിള്ള**

**ആ** അമ്പതുപറ നിലം ദൂരെ വൈക്കത്തുള്ള ഒരാളിന്റെ വകയാണ്. കഴിഞ്ഞ നാൽപ്പതു കൊല്ലമായി കേശവൻ നായരാണ് അതു കൃഷി ചെയ്തുപോരുന്നത്. അതിനുമുമ്പ് കേശവൻ നായരുടെ അമ്മാവനായിരുന്നു.

കുറഞ്ഞ പാട്ടമായിരുന്നു പണ്ട്. ഇപ്പോൾ സ്വൽപ്പം കൂടിയിട്ടുണ്ട്. എല്ലാ മീനമാസത്തിലും പാട്ടനെല്ല് ഉണക്കി ചാക്കിൽക്കെട്ടി വൈക്കത്തു കൊണ്ടുപോയി കൊടുക്കണം. അങ്ങനെ ഈ കഴിഞ്ഞ കൊല്ലങ്ങളിലെല്ലാം നടന്നുവരുകയാണ്. അമ്പതിന്റെ നാലുവശത്തുമുള്ള നിലങ്ങളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും ഈ കാലഘട്ടത്തിനിടയ്ക്ക് പലകൈ മറിഞ്ഞു. അമ്പതിന്റെ ജന്മിയും കൃഷിക്കാരനും പഴയ ആളുതന്നെ. ജന്മിക്കാണെങ്കിൽ നെല്ലുകിട്ടാനുള്ളതായി ഇതേയുള്ളൂ. പാട്ടക്കാരൻ പാരമ്പര്യമായി ഒരു കൃഷിക്കാരനാണ്. അയാൾക്കും ഇത്രയുമേയുള്ളൂ കൈവശഭൂമി.

എട്ടുപത്തു കൊല്ലം മുമ്പ്, നെല്ലിന് അഞ്ചും ഏഴും രൂപ വിലയുണ്ടായിരുന്ന കാലത്ത് ചങ്ങനാശ്ശേരിയിൽ നിന്നും തിരുവല്ലയിൽ നിന്നും വലിയ പണക്കാർ അവിടെ കൃഷിക്കു വന്നു. ഒരു പാടശേഖരമടച്ചും മറ്റും അവർ പാട്ടത്തിനേറ്റു കൃഷിചെയ്തു. ട്രാക്റ്റർ കൊണ്ടു താഴ്ത്തുഴുതും പുതിയ വളങ്ങളുപയോഗിച്ചുകൊണ്ടും നല്ല വിളവുണ്ടാക്കി. അവർക്കു പെരുത്ത ലാഭവുമുണ്ടായി. ഇപ്പോഴും അങ്ങനെത്തന്നെ കൃഷി നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു വ്യവസായി കൃഷി ചെയ്യുന്ന പാടത്തിന്റെ നടുക്കാണ് കേശവൻ നായരുടെ അമ്പതും.

ഔതക്കുട്ടിയെന്ന ആ വൻകൃഷിക്കാരൻ കേശവൻനായരെ ഒരുദിവസം വരമ്പിൽവച്ചു കണ്ടു. നാലുപാടുമുള്ള നിലത്തിലെ നെല്ലിനെക്കാൾ മോശമാണ് അമ്പതിലെ നെല്ല്. ഔതക്കുട്ടി ഒരു കുശലം ചോദിച്ചു: "എന്താ നെല്ലിന് ഒരു എഴിപ്പും കരുത്തുമില്ലാത്തത്, വളമിട്ടില്യോ?"

ആ ചോദ്യം കേശവൻനായരുടെ കരളിൽ ഒന്നു കൊണ്ടു. അയാളുടെ കൃഷി മോശമെന്ന് അയൽനിലം കൃഷിക്കാരൻ പറയുകയാണ്.

"അതെങ്ങനാ, നിങ്ങളു വല്യ കൃഷിക്കാരു വന്നപ്പം കാലത്തിനും നേരത്തിനും വെള്ളം കേറ്റാനും ഇറക്കാനും ഒക്കുമോ? ഒരിക്കലും നിങ്ങൾക്കു സൗകര്യപ്പെടത്തില്ല. നിങ്ങളുടെ സൗകര്യം നോക്കിയല്ലേ ഞങ്ങൾക്കു കൃഷി ചെയ്യാനൊക്കൂ."

നയചതുരനായ ഔതക്കുട്ടി പറഞ്ഞു: "അതെന്താ കേശവമ്മാവൻ അങ്ങനെ പറയുന്നത്? കേശവമ്മാവന്റെ സൗകര്യം നോക്കണമെന്നു ഞാൻ പ്രത്യേകം പറഞ്ഞ് ഏർപ്പാടു ചെയ്തിരുന്നതാ."

കേശവൻനായർ പരിഭവിച്ചു: "ഓഹോ! നല്ല ഏർപ്പാടാ ചെയ്തത്. എന്റെ വിത കരിഞ്ഞൊണങ്ങിയതിനു ശേഷമാ ഒന്നു നനയ്ക്കാൻ കഴിഞ്ഞത്. നിങ്ങളുടെ വേലക്കാരന്റെ പൊറകെ നടന്നു ഞാൻ കെഞ്ചി. ഒക്കുകേല, വെള്ളം തരരുതെന്നു നിങ്ങൾ പറഞ്ഞിട്ടുണ്ടെന്ന് അവൻ പറഞ്ഞു. ഉം, പുഞ്ചക്കണ്ടമാ. സത്യം ഉള്ളതാ, ഓർത്തോളണം."

ആ ആരോപണത്തിന് ഒരു സമാധാനം ഔതക്കുട്ടി പറയേണ്ടതായിട്ടുണ്ട്: "അയലോടൊപ്പം വിളവെറക്കിയാൽ ഈ വിഷമം വരുമോ?"

കേശവൻനായർക്ക് സ്വൽപ്പം ദേഷ്യം വന്നു: "അതൊന്നും എന്നെ പഠിപ്പിക്കേണ്ട, ഞാൻ ഇന്നുമിന്നലേമല്ല കൃഷി തുടങ്ങിയത്."

അൽപ്പം കൂടി വർധിച്ച ദേഷ്യത്തോടെ കേശവൻനായർ തുടർന്നു: "എങ്ങാണ്ടോന്നു കൊറേ പണം കൊണ്ടുവന്നു കൊറേ വളോം വാരിയിട്ടു നെല്ലൊണ്ടാക്കിയതുകൊണ്ട് ആരും കൃഷിക്കാരനാകത്തില്ല."

തന്നെ ഉദ്ദേശിച്ചാണു കേശവൻനായർ സംസാരിക്കുന്നതെന്ന് ഔതക്കുട്ടിക്കു മനസ്സിലായി: "കേശവമ്മാവനെന്തിനാ കെറുവിക്കുന്നേ?"

"ഞാൻ കെറുവിക്കുകയല്ല, പറയുവാരുന്നു."

കുറേ ദിവസങ്ങൾ കഴിഞ്ഞ് ആ കണ്ടത്തിന്റെ വരമ്പിൽ കേശവൻനായരും ഔതക്കുട്ടിയുടെ വേലക്കാരനും തമ്മിൽ ഒരു വഴക്കു നടന്നു. നാലുപാടും നിറയെ വെള്ളമുണ്ട്. അമ്പതു വരണ്ടു വിണ്ടുകീറി നെൽക്കാലുകൾ കരിഞ്ഞു നിൽക്കുകയാണ്. ആ കാഴ്ചകണ്ടു നെഞ്ചുതകർന്ന കേശവൻനായർ വരമ്പിൽ മട വെട്ടിവച്ചു. വേലക്കാരൻ മട കെട്ടി. പരസ്പരം ഉന്തും തള്ളുമായി. കൊലപാതകത്തോളം എത്താൻ ആ സംഭവം പോരുമായിരുന്നു. ഭാഗ്യംകൊണ്ടതു നടന്നില്ല. നാലുദിവസം കഴിഞ്ഞപ്പോൾ കേശവൻനായരുടെ 'അമ്പത്' നെല്ലിന്റെ മുടിമുങ്ങി വെള്ളം കയറിക്കിടക്കുന്നു. നെല്ലിന്റെ തല കാണാനില്ല. ആ വേലക്കാരൻ ചെയ്തതാണ്. ഔതക്കുട്ടിയുടെ നിലത്തിലെ നെൽക്കാലിന്റെ ചുവടുകായേണ്ട സമയം വന്നപ്പോൾ വെള്ളം കേശവൻനായരുടെ നിലത്തിലേക്കു മുറിച്ചുവച്ചു. ആ വെള്ളം എങ്ങനെ വറ്റിക്കാനാണ്? എങ്ങോട്ടു കൊണ്ടു പോകും? കുടിച്ചുവറ്റിക്കാനൊക്കുമോ? കേശവൻനായരുടെ നെല്ല് ചീഞ്ഞളിയാൻ തുടങ്ങി.

അതൊരു അക്രമമായിപ്പോയി എന്ന് എല്ലാവരും പറഞ്ഞു. പക്ഷേ, ഫലമെന്താണ്? ഔതക്കുട്ടിയെത്തേടി കേശവൻനായർ നാലുനാൾ നടന്നു. കണ്ടുകിട്ടിയില്ല. എന്തുചെയ്യണമെന്നു കേശവൻനായർക്കറിഞ്ഞുകൂടാ. രണ്ടുനാൾ കൂടി അങ്ങനെ വെള്ളം കിടന്നാൽ കൃഷി നഷ്ടപ്പെട്ടതുതന്നെ. കേശവൻനായർ ഭ്രാന്തനെപ്പോലെയായി.

കേശവൻനായരുടെ ഒരു കൂട്ടുകാരനായ കുട്ടിച്ചോവൻ മനസ്സുമുട്ടി ചോദിച്ചു: "രാത്രീല് ആ മട തിരിച്ചു മുറിച്ചുവച്ചാലോ?"

കേശവൻനായർക്ക് അതിഷ്ടമായില്ല. അയാൾ പറഞ്ഞു: "അത് പുഞ്ചക്കണ്ടത്തിൽ ചെയ്തുകൂടാത്തതാണ്. രാത്രിയില് പുഞ്ചക്കണ്ടത്തി

മടവയ്ക്കാനോ! കൃഷിക്കാരൻ അതു ചെയ്യുമോ കുട്ടീ, ഞാൻ മുടിഞ്ഞോട്ടെ- എന്നാലും ചെയ്യരുതാത്തത് ചെയ്യുകയില്ല."

അപ്പോൾ മറ്റൊരു കൂട്ടുകാരനായ കുട്ടിമാപ്പിള പറഞ്ഞു: "ഇപ്പം നടക്കുന്നതെല്ലാം പുഞ്ചക്ക ണ്ടത്തീ നടക്കുന്ന കാര്യമാണോ? കൊള്ളാ മായിപ്പോയി! ഇങ്ങനെ നടുക്കുകിടക്കുന്ന കണ്ടത്തിൽ വെള്ളം കൊടുക്കാതിരിക്കുകേം വെള്ളം കയറ്റി മുക്കുകേം ഈ പാടത്തെന്നല്ല, ഈ നാട്ടിൽ കേട്ടിട്ടൊണ്ടോ?"

അടക്കാനാവാത്ത കോപത്തോടും സങ്കട ത്തോടും കേശവൻനായർ പറഞ്ഞു:''ഇവ നൊക്കെ കൃഷിക്കാരനാണോ? കൃഷിക്കാരന്റെ ധർമമറിയാമോ? കൊറേ പണം കൊണ്ടുവന്നു നെല്ലൊണ്ടാക്കുന്നു. അതു വിറ്റു കാശാക്കു ന്നു, സമ്പാദിക്കുന്നു. അതാണോ കൃഷിക്കാ രൻ?"

കുട്ടിച്ചോവന് അയാൾ നിർദേശിച്ച കാര്യം നട ത്താൻ ഒരു പഴുതു കണ്ടു: "അതാ ഞാൻ പറ യുന്നത്, രാത്രി മടവെച്ച് വെള്ളം വറ്റിക്കണ മെന്ന്. ഇവന്മാർക്കു നെറീമില്ല, മൊറേമില്ല. പിന്നെ നമുക്കെങ്ങനെ ആയാലെന്താ?"

കേശവൻനായർ എന്തായാലും ആ അധർമം ചെയ്യുകയില്ലെന്നു പറഞ്ഞു. എല്ലാം കേട്ടുകൊ ണ്ടിരുന്ന കുട്ടിമാപ്പിള പകുതി സ്വഗതമായി പറഞ്ഞു : "അപ്പം ഞാന് നമുക്കൊള്ളത് അവു തക്കുട്ടിയെ പാട്ടത്തിനേൽപ്പിച്ചത് നന്നായി. അല്ലേല് എനിക്കും ഇതാ ഗതി."

കുട്ടിച്ചോവനും അതുതന്നെ പറഞ്ഞു. ഇപ്പോൾ ആ പാടശേഖരത്തിലുള്ള അഞ്ഞൂ റേക്കർ നിലത്തിൽ കേശവൻനായരുടെ അഞ്ചേ ക്കർ മാത്രമേ ഔതക്കുട്ടിക്കില്ലാതെയുള്ളൂ. ബാക്കി മുഴുവൻ അയാൾ കൃഷിചെയ്യുന്നു. ഒരു കൃഷിക്കാരനെന്ന നിലയിൽ കേശവൻനായരെ സഹായിക്കാനും ആളില്ല. എല്ലാവർക്കും അയാളോടു സഹതാപമുണ്ടുതാനും. കേശവൻ നായർ കൂട്ടുകാരുടെ അനുഭവം കേട്ടു പറഞ്ഞു: " ഞാനും ഏൽപ്പിക്കാമായിരുന്നു. പിന്നെ എനി ക്കെന്താ പിഴപ്പിനു വഴി; എന്നാ തൊഴിലു ചെയ്യും? കുട്ടിമാപ്പിളയ്ക്കാണെങ്കി പത്ത ഞ്ഞൂറു തേങ്ങാ കിട്ടും. കുട്ടിച്ചോവന് നാലു പിള്ളാരു വേലചെയ്യാനൊണ്ട്. നമുക്ക് ഈ പാട്ടക്കണ്ടമേയുള്ളു. അതു കൊത്തിക്കിളച്ചു വേണം പെഴയ്ക്കാൻ."

അതൊരു ശരിയാണ്. ആരും ഒന്നും മിണ്ടി യില്ല. കേശവൻനായർ തുടർന്നു: "കാരണവ ന്മാരായിട്ടേ ഇതു കൊത്തിക്കിളച്ചു കഴിയുവാ."

അന്നു രാത്രിയിൽ എങ്ങനെയോ അമ്പതിലെ വെള്ളം വറ്റി. രാത്രിയിൽ ആരോ മടവച്ചു വറ്റിച്ചതാണ്. തീർച്ചയായും കേശവൻനായ രായിരുന്നില്ല. ആ വെള്ളം നാലുപാടുമുള്ള കണ്ടങ്ങളിലേക്ക് താഴ്ന്നതുകൊണ്ട്, ആ കണ്ട ങ്ങളിലെ കൃഷിക്ക് ഒരു ദോഷവുമുണ്ടായതു മില്ല. അമ്പതിൽ അങ്ങനെ വെള്ളം കയറ്റി നിർത്തി വിടാതിരുന്നത് അയൽനിലം കൃഷി ക്കാരന്റെ മനപ്പൂർവമായിരുന്നു എന്നു വ്യക്ത മായിരുന്നു.

പിറ്റേന്നു രാവിലെ കേശവൻനായർ കണ്ട ത്തിൽ ചെന്നു നോക്കിക്കണ്ടു. അയാൾ വിറ ങ്ങലിച്ചുനിന്നുപോയി. വെള്ളംവറ്റി നിലം രക്ഷപ്പെട്ടതിൽ ആശ്വാസമല്ല അയാൾക്കു തോന്നിയത്. അധർമം ആരു ചെയ്തു? ആ അപരാധം തന്നിലേ വന്നുവീഴുകയുള്ളു. അയാളാണെങ്കിൽ, അതൊട്ടറിഞ്ഞതുമില്ല. ആരെങ്കിലും ചോദിച്ചാൽ എങ്ങനെ തന്റെ നിര പരാധിത്വം തെളിയിക്കുമെന്നാണ് അയാൾ ആലോചിക്കുന്നത്. പുഞ്ചക്കണ്ടത്തിൽ രാത്രി യിൽ മട കുത്തിവച്ചവനെന്ന ദുഷ്പേര് എന്നെന്നും പിന്തുടരും.

അയൽനിലത്തിനു കേടുവന്നോ എന്ന് ആ പാവപ്പെട്ട മനുഷ്യൻ നോക്കിയുമില്ല. അപ വാദഭയം ഒരു വശത്ത്. മറുവശത്ത് കൃഷി രക്ഷപ്പെട്ടതിലുള്ള ആശ്വാസം. അങ്ങനെ അയാൾ വീട്ടിലേക്കു മടങ്ങി. അന്നു വല്ലോരും വന്നു ചോദിക്കുമെന്നു പേടിച്ച് താൻ അവിടെ യില്ല എന്ന് ആരു വന്നു ചോദിച്ചാലും പറഞ്ഞേ ക്കണമെന്ന് വീട്ടിലുള്ളവരെ ചട്ടംകെട്ടിയിട്ട് ഒരു മുറിയിൽ കയറി കതകടച്ചു കേശവൻനായർ ഒളിച്ചിരിപ്പുമായി. കുട്ടിമാപ്പിളയോ കുട്ടിച്ചോ

വനോ മറ്റോ വന്നു. അയാൾക്ക് അവരെത്ത ന്നെയും നേരിടാൻ പേടിയായിരുന്നു.

രണ്ടു ദിവസം അങ്ങനെ കഴിഞ്ഞു. മൂന്നാം ദിവസം രാവിലെ ആരും ഉണരുന്നതിനുമുമ്പ് കേശവൻനായർ കണ്ടത്തിൽ പോയി നോക്കി. ശക്തിക്ഷയം വന്നു നിലംപറ്റിക്കിടന്ന നെൽക്കാലുകൾ ചൂടേറ്റ് എഴുന്നേറ്റുവരുന്നു. തന്റെ കൃഷി നശിച്ചുപോവുകയില്ല. ഒരു നാലു നാളത്തെ കാച്ചിലിനു ശേഷം സ്വല്പം വെള്ളം കയറ്റി നനച്ചിട്ട് കുറച്ചു വളമിട്ടാൽ നെല്ല് നന്നാകും, ഒന്നാം തരമാകും. അതിനുള്ള ലക്ഷണമുണ്ട്. ആ കൃഷിക്കാരന്റെ ചിന്ത എങ്ങനെ വളത്തിനുള്ള കാശുണ്ടാകുമെന്നായി. വിത്തും കൂലിച്ചെലവുമുൾപ്പെടെ എമ്പതു പറനെല്ലും നൂറ്റിയിരുപതു രൂപയും അയാൾ കൊടുത്തു തീർക്കാനുണ്ട്. വെള്ളം വറ്റിച്ച നേർമ പിറകെയും. ഒരു നൂറുരൂപ കൂടെ കിട്ടിയാൽ മതിയായിരുന്നു. ഒന്നു വളം തൂകിയില്ലെങ്കിൽ കൃഷി മടുപ്പുമാകും. എവിടന്നു നൂറുരൂപ ഉണ്ടാകും? ആരുതരും? ഒരു വഴിയുമില്ല. നാലു പശുക്കളെ കറക്കാനുള്ളതുകൊണ്ട് വീട്ടുകാര്യങ്ങൾ നടന്നുപോവുകയാണ്. ആ പശുക്കളിൽ ഒന്നിനെ വിറ്റാലെന്തെന്നു കേശവൻനായർ ആലോചിച്ചു. ഭാര്യ സമ്മതിക്കുകയില്ല. അവൾ വളർത്തിക്കൊണ്ടുവന്ന പശുവാണ്.

അങ്ങനെ കേശവൻനായർ ആലോചിച്ചു തന്നത്താൻ മറന്നുനിൽക്കുകയാണ്. വളമാണ് തലയ്ക്കകത്തെ ചിന്ത. അയാൾ മറ്റൊന്നും അറിയുന്നില്ല.

"നെൽക്കാലിന്നു കാച്ചിലു കിട്ടി, ഇല്ല്യോ കേയമ്മാവാ?"

ചോദ്യം കേട്ടു കേശവൻനായർ തിരിഞ്ഞു നോക്കി– ഔതക്കുട്ടിയാണ്. പെട്ടെന്ന് ആ അധർമമാണ് കേശവൻനായരുടെ ബുദ്ധിയിലെത്തിയത്; രാത്രിയിൽ പുഞ്ചപ്പാടത്തു മടവച്ചു എന്ന അധർമം! ആ അപരാധം അയാളെ പിന്തുടരുകയല്ലേ? തെറ്റു കണ്ടുപിടിച്ചപോലെ ഔതക്കുട്ടി നിൽക്കുന്നു. സമാധാനം പറയണം. തെറ്റുകാരനല്ല എന്നു സ്ഥാപിക്കണം.

ഒരു വല്ലാത്ത ചിരിയോടെ കേശവൻനായർ പറഞ്ഞു:"എന്റെ വല്യമ്മാവനാണെ, ഈ സത്യമൊള്ള പുഞ്ചക്കണ്ടത്താണെ, ഞാനല്ല ഔതക്കുട്ടീ, മടവച്ചത്. ഞാൻ കൃഷിക്കാരനാ, കൃഷിക്കാരൻ അധർമം ചെയ്യത്തില്ല."

ഔതക്കുട്ടി കേശവൻനായരുടെ പരിഭ്രമം കണ്ടു: "കേയമ്മാവനെന്തിനാ ആണയിടുന്നെ, കേയമ്മാവനല്ല മട മുറിച്ചത്, ഞാനാ. ഞാനിന്നാളു വരുമ്പം മുങ്ങിക്കിടക്കുന്നതു കണ്ട് മട വച്ചതാ."

കേശവൻനായർക്ക് ആശ്വാസമായി. അയാളുടെ കണ്ണുകൾ പ്രകാശിച്ചു: "ആണോ കുഞ്ഞേ, ആണോ? സത്യം പറ. വല്യ കാര്യം കുഞ്ഞേ! നീ നന്നായി വരും. എനിക്കു ചാകും വരെ ഈ ദുഷ്പേരു നിക്കുമെന്നു ഞാൻ വിചാരിച്ചു."

ഔതക്കുട്ടി ഒന്നുകൂടെ ഉറപ്പിച്ചുപറഞ്ഞു:

"അതെ കേയമ്മാവാ, ഞാൻ തന്നെയാ, കേയമ്മാവന് എന്നോടു വിരോധമാണെങ്കിലും എനിക്കങ്ങനെ ആകാനൊക്കുമോ? ഞാൻ വന്നു കാണുമ്പം എന്റെ നെഞ്ചടച്ചുപോയി. ഞാൻ മടവച്ചു. എന്റെ നെല്ലു പോകുന്നെങ്കിൽ പോകട്ടെന്നു വച്ചു."

കേശവൻനായർക്കു നെല്ലു പോകുന്നതിലല്ല ഖേദം, ആ ദുഷ്പേര്!

കണ്ടമാകെ ഒന്നു കണ്ണോടിച്ചിട്ട് ഔതക്കുട്ടി പറഞ്ഞു: "ഒരു ശകലം വളം തൂകിക്കൊടുത്താല് നെല്ലു നന്നാകും കേയമ്മാവാ!"

"അതാ ഞാനും ഓർത്തതു കുഞ്ഞേ!"

"എന്നാൽ അതു ചെയ്യണം."

"കാശു വേണ്ടയോ കാശ്, കാശില്ല."

"കൃഷി നന്നാവണമെങ്കിൽ കാശു ചെലവു ചെയ്യണം"

"അങ്ങനത്തെ കാലമാ ഇത്."

ഔതക്കുട്ടി കേശവൻനായരോടുള്ള ഇഷ്ടം കൊണ്ടെന്നപോലെ പറഞ്ഞു: "കേയമ്മാവാ, ഞാൻ ഒരു കാര്യം പറയട്ടെ."

കേശവൻനായർ തല ഉയർത്തി ഔതക്കുട്ടി യുടെ മുഖത്തുനോക്കി.

“കേയമ്മാവനെന്തിനാ ഈ പാടുപെടുന്നത്. വൈക്കത്തുകാർക്ക് കൊടുക്കാനുള്ള പാട്ടവും കൂടുതലായി അമ്പതുപറ നെല്ലും തരാം. നിലം എന്നെ ഏൽപ്പിക്ക്. ഈ വയസ്സുകാലത്ത് എന്തിനാ വിഷമിക്കുന്നത്?”

കേശവൻനായർ പെട്ടെന്ന് ആളുമാറി. അയാൾക്കു ദേഷ്യമാണു വന്നത്. എന്നാലും ദേഷ്യം ഒന്നടക്കി അയാൾ പറഞ്ഞു: “വേണ്ട വേണ്ട, അതങ്ങ് മനസ്സിലിരിക്കട്ടെ അവുതക്കുട്ടീ. കാരണവന്മാർ മുതലേ ഞങ്ങൾ ഈ കണ്ടം കൃഷിചെയ്യുകയാ. ഇതു വേറൊരാൾ ചെയ്യണ്ട.”

“അതിനെന്താ? വൈക്കത്തുകാരുടെ പാട്ടക്കാരൻ കേയമ്മാവൻ; ഞാൻ കേയമ്മാവന്റെ പാട്ടക്കാരൻ.”

“അതു വേണ്ട, ഞാൻ കൃഷിക്കാരനായാ ജനിച്ചത്. എനിക്കു തൊഴില് കൃഷിയാ. പിന്നെ നാലഞ്ചു കന്നാലിയുണ്ട്. അതുങ്ങക്ക് കച്ചി വേണം. അതു നടപ്പില്ല ഔതക്കുട്ടീ.”

കൂടുതൽ ഒന്നും പറയാതെ കേശവൻനായർ നടന്നു. നിന്നു സംസാരിച്ചാൽ ഔതക്കുട്ടിയുമായി പിണങ്ങുമെന്നാണു പേടി. അല്ലെങ്കിൽ അയാൾ പറയുന്നതിനു സമ്മതിച്ചുപോകും.

അങ്ങനെ നടന്നുപോകുന്ന വൃദ്ധനെ നോക്കിനിന്ന ഔതക്കുട്ടി ചിരിച്ചുപോയി.

അമ്പതിൽ വളമിട്ടിട്ടില്ല. നെല്ലു മോശമായിരുന്നു. എന്നുവച്ചാൽ തീരെ മോശം. കൊയ്ത്തുകാലത്ത് കേശവൻനായർക്കു കൊയ്യാൻ ആൾ കിട്ടിയില്ല. നാലുപാടും ഔതക്കുട്ടിയുടെ നല്ല നെല്ലു കിടക്കുന്നു; അത് ഒരുദിവസം കൊയ്താൽ രണ്ടുപറ നെല്ല് പതം കിട്ടും. അതു കൊയ്യാൻ പോകുന്നോ, ഒരുദിവസം മിനക്കെട്ടാൽ നാലിടങ്ങഴി നെല്ലു കിട്ടാൻ ഇടയില്ലാത്ത ഇതു കൊയ്യാൻ പോകുന്നോ? കൊയ്ത്തുകാരെ വിളിച്ച് മൂന്നുനാലു ദിവസം കേശവൻനായർ നടന്നു. നെല്ല് പാകപ്പിഴയുമാകുന്നു. അവസാനം കുട്ടിമാപ്പിളയുടെയും കുട്ടിച്ചോവന്റെയും വീട്ടുകാരും വേലക്കാരൻ പുലയനും പുലയിയും കേശവൻനായരുടെ വീട്ടുകാരും കൂടി അമ്പതു കൊയ്തുവച്ചു. കച്ചി വെട്ടാനുംകൂടി പറ്റിയില്ല. അതിനുള്ള കച്ചി കണ്ടത്തിലില്ല.

വിളവു തീരെ മോശമായിരുന്നു. പാട്ടത്തിനു വേണ്ടതു തികയുമോ എന്നു സംശയമായിരുന്നു. കുട്ടിമാപ്പിളയും കുട്ടിച്ചോവനും കേയമ്മാവനും കൂടി ആലോചിച്ചു. കുട്ടിമാപ്പിളയുടെ പക്ഷം പാട്ടം കുറച്ചുകൊടുത്താൽ മതിയെന്നാണ്. ഒരു കുരു നെല്ല് പാട്ടക്കുടിശ്ശികയില്ല.

“ഒണ്ടായാൽ അടുത്ത കൊല്ലം കൊടുക്കണം.” കേശവൻനായർക്ക് അതു സമ്മതമല്ല:

“ഈ നിലത്തിന്റെ ജന്മികൾക്ക് ഇതേയുള്ളൂ. ഇത്രേം നെല്ലേ കിട്ടാനുള്ളൂ. നമ്മളു നെല്ലു കൊയ്ത് ആദായമെടുത്തിട്ടുള്ളതാ. മുഴുവൻ പാട്ടോം കൊടുക്കണം. ജന്മിയുടെ കണ്ണീരു വീണാല് നെലം പെഴയ്ക്കും.”

കുട്ടിച്ചോവൻ ചോദിച്ചു: “വെളവ് പാട്ടനെല്ലിന് തെകഞ്ഞില്ലെങ്കിലോ?”

പെട്ടെന്ന് കേശവൻനായർക്ക് ഉത്തരമുണ്ടായിരുന്നു: “പോരാത്തതു വെലയ്ക്കു മേടിച്ചു കൊടുക്കും.”

അന്നു വയ്യിട്ട് നെല്ല് വൈക്കത്തിനു കൊണ്ടുപോകാൻ വള്ളം തയാറായി. ആകെ നിലത്തിലുണ്ടായ നെല്ല് പതിരുപോക്കി ഇട്ടിരിക്കുകയാണ്. പാട്ടനെല്ല് അളന്നു ചാക്കിലാക്കി കെട്ടി വള്ളത്തിലേക്കു ചുമന്നു.

നിലത്തിലെ വിളവ് സൂക്ഷ്മം ഒത്തിരുന്നു. ഒന്നരപ്പറ നെല്ലും കളമടിയും പതിരുമാണ് കേശവൻനായർക്കു മിച്ചം. മുടക്കിയ വിത്തും കൂലിച്ചെലവും എല്ലാം പോക്ക്!

പാട്ടനെല്ല് ജന്മിയുടെ വീട്ടിൽ കൊണ്ടുചെന്നു. ജന്മി ഒരു തിരുമുല്പാടാണ്. ചെന്നപ്പോൾ തന്നെ എന്തോ ഒരു ഭാവമാറ്റം തിരുമനസ്സിലേക്കുള്ളതായി കേശവൻനായർക്കു തോന്നി. പതിവില്ലാതെ, പാട്ടം മുഴുവനുണ്ടോ എന്ന

ദ്ദേഹം ചോദിച്ചു. ഇടയ്ക്ക് അദ്ദേഹം ഒന്നു പറയുകയും ചെയ്തു: “ഇക്കൊല്ലം പാട്ടം മുഴുവൻ കിട്ടുകയില്ലെന്നായിരുന്നു എന്റെ അറിവ്.”

കേശവൻനായർ ചുട്ട മറുപടിതന്നെ കൊടുത്തു: “കുറഞ്ഞതു നൂറുകൊല്ലമായില്ല്യോ തിരുമേനീ, ഞങ്ങൾ ‘അമ്പത്’ ഏറ്റിട്ട്. ഒറ്റ നെല്ല് കുടിശ്ശികയൊണ്ടോ?”

തിരുമുല്പാട് ഒന്നും മിണ്ടിയില്ല.

ഒരൊറ്റക്കുരു നെല്ല് കുറവില്ലാതെ പാട്ടനെല്ലളന്നു. എന്നിട്ടും തിരുമുല്പാടിന്റെ മുഖത്ത് ഒരു തൃപ്തി കണ്ടില്ല.

കേശവൻനായർക്കും വള്ളക്കാർക്കും പതിവിൻപടി ഊണുകൊടുത്തു. ഊണുകഴിഞ്ഞ് കേശവൻനായർ യാത്രപറയാൻ ചെന്നപ്പോൾ തിരുമുല്പാട് ഒരു കാര്യം പറയാനുണ്ടെന്നു പറഞ്ഞു. കേശവൻനായർ ചോദിച്ചു: “എന്താണോ അത്?”

തിരുമുല്പാട് കേശവൻനായരുടെ മുഖത്തു നോക്കുന്നില്ല. അയാൾ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഒട്ടുനേരം കഴിഞ്ഞു. വീണ്ടും കേശവൻനായർ ചോദിച്ചു:

“എന്താണോ?”

പെട്ടെന്നായിരുന്നു മറുപടി: “കൂടുതൽ പാട്ടത്തിന് നിലം ഏൽക്കാൻ ആളു വന്നിട്ടുണ്ട്. നല്ല പിടിപ്പുള്ളവൻ. നിലം വിടണം കേശവശ്ശാര്.”

കേശവൻനായർ ഇടിവാള് ഏറ്റതുപോലെ നിന്നുപോയി. അയാൾക്ക് ഒരക്ഷരം പറയാൻ കഴിഞ്ഞില്ല.

സ്വല്പനേരമങ്ങനെ കഴിഞ്ഞു. തിരുമുല്പാട് തുടർന്നു: “നല്ല ഒന്നാംതരം നിലം. കുറഞ്ഞ പാട്ടത്തിന് നിങ്ങൾ അനുഭവിക്കുകയാണ്. അതിനി സാധ്യമല്ല. നിലം വിട്ടേക്കുക.”

കേശവൻനായർ ആ നടുക്കത്തിൽ നിന്നു വിമുക്തനായി:

“നിലം അവിടുത്തേതാ. എന്നാലും ചിലതെല്ലാം ഓർക്കാനുണ്ട്.”

“ഒന്നും ഓർക്കാനില്ല.”

കേശവൻനായരുടെ ബുദ്ധിയിൽ ഒരു യുക്തി ഉദിച്ചു: “എന്തു പാട്ടക്കൂടുതലാണോ ഇപ്പോൾ ആരെങ്കിലും പറഞ്ഞിരിക്കുന്നത്?”

“നൂറുപറ നെല്ല്. നല്ല പിടിപ്പുള്ള പുള്ളി. നിങ്ങൾ കുടിശ്ശിക വരുത്തിയാൽ എങ്ങനെ ഈടാക്കും?”

കേശവൻനായർ ചുട്ട മറുപടികൊടുത്തു:“ഇതുവരെ കുടിശ്ശികയില്ലല്ലോ.”

സ്വല്പനേരം ആരും മിണ്ടിയില്ല. കേശവൻനായർ തുടർന്നു: “തിരുമേനീ, ഞാൻ ആ കൂടുതൽ പാട്ടം തരാം.”

എന്നിട്ടും തിരുമുല്പാടിന് തൃപ്തിയാകുന്നില്ല. കേശവൻനായർ ചോദിച്ചു: “അവിടന്ന് എന്താ മിണ്ടാത്തത്?”

“പിടിപ്പില്ലാത്തവരെ നിലം ഏൽപ്പിക്കുന്നതേ ഇനിയത്തെ കാലത്തു ശരിയല്ല.”

കേശവൻനായർ ചൊടിച്ചു: “എനിക്കു പിടിപ്പില്ലെന്നു തിരുമേനി എങ്ങനറിഞ്ഞു? ഞാൻ കുടിശ്ശിക വരുത്തിയോ?”

ഉത്തരമില്ല.

കേശവൻനായർ തുടർന്നു: “ഞാൻ ഒരു കാര്യം പറയാം തിരുമേനീ. ഇപ്പം തിരുമേനിയുടെ അടുത്തു വന്നതാരാണെന്ന് എനിക്കറിയാം, ഔതക്കുട്ടിയാ. പക്ഷേ, അവനൊന്നും കൃഷിക്കാരനല്ല തിരുമേനീ. അവനൊന്നും മണ്ണിനെ സ്നേഹിക്കുന്നോനല്ല. കൊറേ വരവുവളം വാരിയിട്ട് മണ്ണിന്റെ വീര്യം മുഴുവൻ വലിച്ചെടുത്ത് വെളവൊണ്ടാക്കും. നാലഞ്ചുകൊല്ലം കഴിയുമ്പം തിരുമേനിയുടെ ഭൂമി വകയ്ക്കുകൊള്ളാത്ത തവിടുമണ്ണ്. പുല്ലു കുരുക്കത്തില്ല.”

തിരുമുല്പാട് അപ്പോഴും അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. ഒരക്ഷരം മിണ്ടുന്നില്ല. കേശവൻനായർ തുടർന്നു. അയാളുടെ തൊണ്ടയിടറി. കണ്ണുകൾ നിറഞ്ഞു: “എന്നെ പെറ്റു വീണപ്പം ഞാൻ കണ്ടത് ഈ നിലമാ. എന്റെയും കാറന്നോമ്മാരടേം വിയർപ്പാ ആ കണ്ടത്തിന്റെ വീര്യം. ആ മണ്ണിനോട് മാത്രമാ എന്റെ ആയുസ്സിലെ സ്നേഹം.”

കേശവൻനായർ പൊട്ടിപ്പോയി: "ഹെന്നെ- ഹെന്നെ - അത് തിരുമേനി വിട്ടൊഴിപ്പിക്കല്ല്." തിരുമുല്പാടിന്റെ കരളും സ്വല്പം അലിഞ്ഞെന്നു തോന്നുന്നു. തിരുമുല്പാട് പറഞ്ഞു: "എനിക്കു പാട്ടം കിട്ടണം."

കേശവൻനായർ ഏങ്ങലടിച്ചു കരയുകയാണ്. അതിനിടയിൽ അയാൾ പറഞ്ഞു: "ആ പാട്ടം ഞാൻ തരാം." അങ്ങനെ കൂടിയ പാട്ടത്തിനു നിലം ഏറ്റിട്ട് കേശവൻനായർ മടങ്ങിപ്പോയി.

മുമ്പെല്ലാം കൊയ്ത്തുകഴിഞ്ഞ ഉടൻ പൊടിയിൽ നിലം രണ്ടുമൂന്നു ചാൽ ഉഴുവിക്കുമായിരുന്നു. അതിനുള്ള കൂലി കളത്തിൽ നിന്നുതന്നെ നെല്ലായി കൊടുക്കുകയും ചെയ്യുമായിരുന്നു. ഇക്കൊല്ലം കൊയ്ത്തുകഴിഞ്ഞ് ഒരു മണി നെല്ലില്ല. കഴിഞ്ഞ കൃഷിക്കുവാങ്ങിയ കടവും കൊടുത്തുതീർത്തിട്ടില്ല. ഒരിടത്തു നിന്നു വാങ്ങാനും വഴിയില്ല.

വന്ന പിറ്റേദിവസം തന്നെ കേശവൻനായർ ഉഴവുകാരെ വിളിച്ച് ഒരു ചാൽ ഉഴുവിച്ചു. എങ്ങനെ കൂലികൊടുക്കുമെന്നു ചിന്തിച്ചില്ല. അന്നുമുതൽ കൂലിക്കുവേണ്ടി ഉഴവുകാർ നടപ്പാണ്. ആ കൂലി കൊടുക്കാതെ പിന്നെ ഉഴുവിക്കാനൊക്കുമോ?

അങ്ങനെ പാടം മുറിഞ്ഞുകയറി. അയൽനിലങ്ങളിൽ മാസംതോറും ഉഴവു നടക്കുന്നുണ്ട്. അമ്പത് കതിരുകയറി കാടുപിടിച്ചുകിടക്കുന്നു.

അപ്പോഴും ഔതക്കുട്ടി വന്നു. വൈക്കത്തുകാർക്ക് കൊടുക്കാമെന്നേറ്റ കൂടുതൽ പാട്ടവും അമ്പതുപറ നെല്ലും കൊടുക്കാമെന്ന് അയാൾ പറഞ്ഞു. കേശവൻനായർക്ക് ദേഷ്യമാണ് വന്നത്: "ഇല്ലെടാ, നീ അതാലോചിക്കേണ്ട. ഞാൻ നിനക്ക് ഈ നിലം കൈവശം വിട്ടുതരില്ല."

കൃഷിയിറക്കാൻ കാലമായി. വരമ്പുകുത്തുതീർന്നു. വെള്ളവും വറ്റിക്കുന്നു. ഉഴവില്ലാതെ, കളയെടുക്കാതെ, പാടം ഒരുങ്ങാതെ അമ്പതു കിടക്കുകയാണ്. പാവം, കേശവൻനായരുടെ കൈയിൽ വിത്തുമില്ല.

അയാളുടെ സമരം ഭാര്യയോടായി. ഒരു പശുവിനെ വിൽക്കണം. അവർക്കതിനിഷ്ടമില്ല.

അവർ പറഞ്ഞു: "വെള്ളം കുടിച്ചുകിടക്കുന്നത് ആ പശുമൂലമാ. ഞാൻ ഇപ്പം സമ്മതിക്കുന്നില്ല."

കേശവൻനായർക്കു ദേഷ്യം വന്നു: "പിന്നെങ്ങനെ വെതയ്ക്കുമെടീ?"

"വെതയ്ക്കണ്ട."

"ഞാൻ കൃഷിക്കാരനാ, ഞാൻ വെതയ്ക്കും."

"ഓ, കൃഷിക്കാരൻ!"

ഭാര്യയുടെ സമ്മതം കൂടാതെതന്നെ കേശവൻനായർ ഒരു പശുവിനെ വിറ്റു. വിലയ്ക്കു വാങ്ങിയ ആൾ പശുവിനെയും കൊണ്ടു പോയപ്പോൾ ആ സ്ത്രീ തലയിൽ കൈവച്ച് കണ്ണീരോടെ പിരാകി:

"ഈ കൃഷി കൊണം പിടിക്കത്തില്ല."

അമ്പതു പറ വിത്തിനും പത്തുരൂപ കൂലിച്ചെലവിനും പശുവിന്റെ വില തികഞ്ഞു.

അങ്ങനെ കേശവൻനായർ വിത്തുകെട്ടി വെള്ളത്തിലിട്ടു. പിറ്റേന്നു വിത്തെടുത്തു. മൂന്നാം ദിവസം വിത്തഴിച്ചുനോക്കി. പകുതി വിത്ത് കിളിർത്തിട്ടില്ല. അന്നു വിതയ്ക്കേണ്ടതുമാണ്. കുട്ടിമാപ്പിള ഉപദേശിച്ചു, അതു വാരി വിതയ്ക്കാൻ. മണ്ണിൽ കിടന്നു കിളിർത്തേക്കുമത്രേ. അതല്ലേ ഗതിയുള്ളൂ. അങ്ങനെ ചെയ്തു.

അയൽനിലങ്ങളിൽ നെല്ലു തഴച്ചുവളരുന്നു. ആ അമ്പതിൽ കളയും കതിരയും തഴച്ചുപിടിച്ചിട്ടുണ്ട്. ഒറ്റ നെൽക്കാലില്ല. നിലം പിഴച്ചു എന്ന പേര് കേശവൻനായർക്കു മിച്ചം.

അക്കൊല്ലം വിളവെടുപ്പു കഴിഞ്ഞു. അമ്പതു കൊയ്യേണ്ട കാര്യമേയില്ല. പാട്ടം കൊണ്ടു ചെല്ലേണ്ട തീയതി കഴിഞ്ഞു. തിരുമുല്പാട് സ്ഥലത്ത് എത്തി. കേശവൻനായർ ഒളിവിലാണ്. മൂന്നുദിവസം തിരുമുല്പാട് അയാളെ അന്വേഷിച്ചുനടന്നു, കണ്ടുകിട്ടിയില്ല.

അടുത്തനാളിൽ അമ്പതിൽ ഔതക്കുട്ടിയുടെ ഉഴവുകാർ ഇറങ്ങി നിലം ഉഴുതു. തിരുമുല്പാട് വരമ്പിൽ നിൽപ്പുണ്ട്.

പിന്നത്തെ വിളവിറക്കു കഴിഞ്ഞു. എന്നും രാവിലെ കൃഷിയുള്ള കൃഷിക്കാരനെപ്പോലെ കേശവൻനായരും ഇറങ്ങിപ്പോകും. പോക്കു കണ്ടാൽ എവിടെയോ കൃഷിയുണ്ടെന്നു തോന്നും. ഒട്ടു പുലർന്നേ വരുകയുള്ളൂ. അതു പത്തുനാൽപ്പതു കൊല്ലക്കാലത്തെ ശീലമാണ്.

അടുത്ത അമ്പതുപറ നിലത്തിലെ നെല്ല് കേശവൻനായരെ വെല്ലുവിളിച്ചെന്നപോലെ കുതിച്ചുകയറുകയാണ്. എന്നും അവിടെ അയാൾ പോകും. ഒരു ചെറിയ പഴുപ്പുഛായ ഒരിക്കൽ നെൽക്കാലിനു കണ്ടപ്പോൾ കേശവൻനായരുടെ നെഞ്ച് നീറി. അയാൾ ഔതക്കുട്ടിയെ തേടിപ്പിടിച്ച് വിവരം പറഞ്ഞു. അതുമാത്രമല്ല, നിന്നു വേണ്ടതു ചെയ്യിച്ചു.

- "ഇവനൊക്കെ കൃഷിക്കാരനാണോ? കൃഷിക്കാരന്റെ ധർമ്മമറിയാമോ? കൊറേ പണം കൊണ്ടു വന്നു നെല്ലൊണ്ടാക്കുന്നു. അതു വിറ്റു കാശാക്കുന്നു, സമ്പാദിക്കുന്നു. അതാണോ കൃഷിക്കാരൻ?" കൃഷിക്കാരനെക്കുറിച്ചുള്ള ഈ സങ്കൽപ്പത്തിന് ഇന്നു പ്രസക്തിയുണ്ടോ? നിങ്ങളുടെ നിരീക്ഷണങ്ങൾ എഡിറ്റോറിയൽ രൂപത്തിൽ തയാറാക്കുക.
- കേശവൻനായരും ഔതക്കുട്ടിയും രണ്ടു കാഴ്ചപ്പാടുകളെയാണു പ്രതിനിധീകരിക്കുന്നത്. ഈ കാഴ്ചപ്പാടുകളുടെ പ്രതിഫലനം ഇന്നത്തെ സമൂഹത്തിൽ കണ്ടെത്താനാവുമോ? ഉചിതമായ തെളിവുകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കൂ.
- ജന്മിത്തത്തിന്റെ ശക്തിക്ഷയങ്ങൾ ഈ കഥയിൽ ആവിഷ്കരിക്കപ്പെടുന്നുണ്ട്. കഥയിലെ സാമൂഹികജീവിതത്തിന്റെ സവിശേഷതകൾ വിശദമാക്കുന്ന കുറിപ്പ് തയാറാക്കുക.
- സത്യസന്ധനായ കൃഷിക്കാരനാണല്ലോ കേശവൻനായർ. അയാൾക്ക് സ്വന്തം കുടുംബത്തോടു നീതിപുലർത്താൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങളുടെ അഭിപ്രായം തെളിവുകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.
- കൃഷിഭൂമി നഷ്ടപ്പെട്ട കർഷകന്റെ ധർമസങ്കടങ്ങളാണ് 'കൃഷിക്കാരൻ' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. കാർഷികരംഗം ഇന്നു നേരിടുന്ന പ്രശ്നങ്ങളുമായി ഇതിനെ താരതമ്യം ചെയ്യാൻ കഴിയുമോ? നിങ്ങളുടെ കണ്ടെത്തലുകൾ അടിസ്ഥാനമാക്കി പ്രഭാഷണം തയാറാക്കുക.
- കാർഷികജീവിതത്തിലെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന കഥകളും കവിതകളും കണ്ടെത്തി വായനക്കുറിപ്പു തയാറാക്കുക.

  ഉദാ: വാഴക്കുല – ചങ്ങമ്പുഴ
- 'കന്നിക്കൊയ്ത്തി'ലെയും 'കൃഷിക്കാരനി'ലെയും കാർഷികസമൃദ്ധി ഇന്ന് കാണാൻ കഴിയുന്നുണ്ടോ? നമ്മുടെ കൃഷിയിടങ്ങൾക്ക് എന്തൊക്കെ മാറ്റങ്ങളാണ് വന്നിരിക്കുന്നത്? മാറ്റങ്ങൾക്കു വിധേയമായ കൃഷിയിടങ്ങളിലൂടെ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടാകുമല്ലോ. അവിടെ നിങ്ങളെ സ്പർശിച്ച കാഴ്ചകൾ അടിസ്ഥാനമാക്കി അനുഭവക്കുറിപ്പു തയാറാക്കുക.



# 2

# വേല എന്ന കല

*തൊഴിലിനോട് അവജ്ഞ കാട്ടുകയും തന്മൂലം അതിനോട് അശ്രദ്ധ ഭാവിക്കുകയും ചെയ്തപ്പോൾ മുതൽ, ദുരിതംപിടിച്ച ഈ രാജ്യത്ത് ഒരു ദുർദിനം ഉദയം ചെയ്തു. മണ്ണിന്റെ മക്കളായ ലക്ഷക്കണക്കിനുള്ള ആളുകളുടെ പരിശ്രമത്തിന്റെ ഫലമാണ് ഈ ഭൂമിയുടെ നിലനിൽപ്പുതന്നെ എന്നിരിക്കെ, ആ ആളുകളെ താണതരക്കാരായി ഗണിക്കുകയും ഒരു ചെറിയ ന്യൂനപക്ഷമായ തൊഴിലില്ലാത്ത ജനവിഭാഗം വിശേഷാവകാശങ്ങളുള്ള ഒരു വർഗമായിത്തീരുകയും ചെയ്തതോടെ ഇന്ത്യക്ക് സാന്മാർഗികമായും ഭൗതികമായുമുള്ള അധഃപതനം വന്നുചേർന്നു.*

**– ഗാന്ധിജി**

# പടച്ചോന്റെ ചോറ്

ഉറൂബ്

ഒരു ചെറിയ ഉദ്യോഗവുമായി ഈ പട്ടണത്തിൽ വന്നു വണ്ടിയിറങ്ങിയപ്പോൾ എവിടെ താമസിക്കണം, എങ്ങനെ ജീവിക്കണം എന്നതിനെപ്പറ്റിയൊന്നും എനിക്കൊരു ബോധവുമുണ്ടായിരുന്നില്ല. പട്ടണത്തിൽ ഞാൻ ആരേയും അറിയില്ല; ആരും എന്നെയുമറിയാൻ വഴിയില്ല. വല്ല ഹോട്ടൽമുറിയിലും കഴിച്ചുകൂട്ടണമെന്നായിരുന്നു എന്റെ ഉദ്ദേശ്യം. ഞാൻ പെട്ടിയും തൂക്കി പ്ലാറ്റ്ഫോമിൽനിന്നു പുറത്തേക്കു കടക്കുവാൻ തുടങ്ങുകയായിരുന്നു. പെട്ടെന്ന് പിമ്പിൽ നിന്ന് ഒരാൾ ചുമലിൽത്തട്ടി ചോദിച്ചു:

''നിക്കി, നായരേ. എന്തിരുത്തു പന്നിപ്പാച്ചിലാ ഇത്?'' ഞാൻ തിരിഞ്ഞുനോക്കി - നമ്മുടെ മൗലവി! ആ സമയത്ത് മൗലവിയെ അവിടെ കാണുമെന്നു ഞാൻ തീരെ ഓർത്തിട്ടില്ല. എന്നല്ല, അനേക ദിവസങ്ങൾക്കുള്ളിൽ ഞാൻ മൗലവിയെപ്പറ്റിത്തന്നെ ഓർത്തിട്ടില്ല. അതുകൊണ്ട് എനിക്കൽപ്പം അമ്പരപ്പാണുണ്ടായത്: ''ആര്!'' മൗലവിയോ!"



"അല്ല; സൈത്താൻ!" മൗലവി സ്വതസ്സിദ്ധമായ പ്രതിപക്ഷസ്വരത്തോടെ തുടർന്നു: "എന്തിരുത്തിനേ ഇങ്ങട്ട് കെട്ടി എടുത്ത്?"

എനിക്ക് ഉദ്യോഗം കിട്ടിയ കഥ ഞാൻ മൗലവിയോടു പറഞ്ഞു. അങ്ങോർ ഒന്നു ചിരിച്ചു:

"ഇപ്പോ തോന്നണ്ടത് തോന്നി."

"എന്തേ മൗലവീ?"

"ഞമ്മള് ബിചാരിച്ച് ന്റെ മോൻ ഇപ്പളും നാട് നന്നാക്കാൻ നടക്ക്ാന്ന്. അത്, ഇമ്മിണി എളുപ്പം കൂടുന്ന പണ്യാ. താനായിറ്റ് ഒന്നും ശെയ്യണ്ടല്ലോ; മറ്റുള്ളോലോട് ശെയ്യാൻ പറഞ്ഞാൽ മതിയല്ലോ. അപ്പോ എന്തിരുത്തിനേ ആ ചുളുവുള്ള പണി ബിട്ടത്?"

"അതൊരു കാലം, മൗലവീ. അതൊക്കെ കഴിഞ്ഞില്ലേ?"

''അപ്പോ ഇങ്ങള് നേതാവാവൂലാ, അല്ലേ. പോട്ടെ. ഇപ്പൊ എബടാ താമസിക്കുണൂ?"

"തീർച്ചയാക്കീട്ടില്ല, അതാണിപ്പോൾ ഒരു പ്രശ്നം."

"ബിരോതം ഇല്ലാച്ചാൽ ഞമ്മടെ കൂടെ കൂടാം. കിടക്കാനും ഇരിക്കാനും കുളിക്കാനും ഒക്കെ സ്ഥലം ഉണ്ട്. ബെപ്പും തീനും ഇല്ല. അയ്ന് ഓട്ടലിപ്പോണം. എന്തേയ്?"

''തരക്കേടില്ല, മൗലവിക്ക് അസൗകര്യാവോ?"

"ആ 'മയിന' പറച്ചില് മാത്തിരം ബേണ്ട. ഞമ്മക്ക് ഇച്ചിരി സൗകര്യക്കേടാന്ന് കൂട്ടിക്കോ. എന്നാൽ ഇങ്ങക്ക് കഴിഞ്ഞൂടണ്ടേ? പോരെ പഹയാ"- ഇതുംപറഞ്ഞ് എന്റെ കൈയിൽ നിന്ന്, പ്രതിഷേധം വകവയ്ക്കാതെ പെട്ടിവാങ്ങി ചുമലിലേറ്റി മൗലവി നടന്നുകഴിഞ്ഞു.

വഴിനീളെ ഞാൻ മൗലവിയെപ്പറ്റി ആലോചിച്ചു. ഈ മനുഷ്യനും ഞാനും തമ്മിൽ എന്താണ് ബന്ധം? എന്റെ ജ്യേഷ്ഠനും മൗലവിയും കൂടി

ചില പൊതുകാര്യങ്ങൾക്കുവേണ്ടി ഓടിനടക്കാറുണ്ടായിരുന്നു; ജ്യേഷ്ഠൻ മൗലവിയെക്കൂടി കൂട്ടിയിരുന്നുവെന്നു പറയുന്നതായിരിക്കും അധികം ശരി. ഈയാൾ ജ്യേഷ്ഠനെ എപ്പോഴും ശകാരിക്കുകയും ജ്യേഷ്ഠനെ മറ്റു വല്ലവരും ശകാരിച്ചാൽ അവരുമായി വഴക്കിനു നിൽക്കുകയും എല്ലാ പ്രവൃത്തിയും ഒരു വാശിയോടുകൂടി ചെയ്തുതീർക്കുകയും ചെയ്തിരുന്നതായി എനിക്കോർമയുണ്ട്. എപ്പോഴും പൊതുകാര്യത്തിനുവേണ്ടി പാഞ്ഞുനടന്നിരുന്ന മൗലവി, എന്റെ പൊതുകാര്യപ്രസക്തിയെ പരിഹസിച്ചിരുന്നു:

"നിക്ക് മോനേ, ഒന്നു ചോയിച്ചോട്ടെ. അനക്ക് തിരക്കുണ്ടോ?" എന്നെ വഴിക്കുവച്ചു തടഞ്ഞു നിർത്തി മൗലവി ചോദിക്കും: "തിരക്കുണ്ടെന്ന്ബച്ചാൽ പിന്നെ മതി."


"ഇല്ല, എന്തേ?"

"ന്റെ മോൻ ഇപ്പോ ഈ ദേസം മാത്തിരേ നന്നാക്കാൻ ബിചാരിച്ചിട്ടുള്ളൂ; അതോ അയല്ദേസൂംകൂടി നന്നാക്കാൻ കരുതിയിരിക്കുന്നോ? തിരക്കിന്റെ സിഥി അറ്യാൻ ബേണ്ടീട്ട് ചോയിച്ചതാ."

"മൗലവീ, നിങ്ങൾക്കൊരു സാമൂഹികബോധമില്ലേ?"

"ഞമ്മക്കങ്ങനെ പലതും ഇല്ലായ ഉണ്ടെന്ന് കൂട്ടിക്കോ. ന്റെ മോൻ ഈ ഉടുത്ത മുണ്ട് ആര് മേങ്ങീതാ?"

"എന്റെ അച്ഛൻ."



"ഇട്ട കുപ്പായം?"

"അച്ഛൻ."

"അപ്പോ, മേനൊന്നും മേങ്ങീലാ?"

"അതുകൊണ്ട്?"

"ബല്ലിച്ച നയിച്ചുണ്ടാക്കീറ്റ് ഇതൊക്കെ ഒന്നു മേങ്ങ്. എന്നിറ്റ് നാടു നന്നാക്കല്ലേ നല്ലത്?"

"അല്ലാ, നിങ്ങളും ജ്യേഷ്ഠനുംകൂടി സ്കൂളും പഞ്ചായത്തു ബോർഡും ഒക്കെ നന്നാക്കാൻ നടക്കുന്നതോ?"

"പിരാന്ത്!"-മൗലവി ഉടനെ പറഞ്ഞു: "അന്റെ ഏട്ടൻ ഓരേ ബല തോണ്ടിക്കൊണ്ടോരും. അപ്പപ്പിന്നെ ഞമ്മള് എന്തിരുത്താക്കാനാ? അയാളെ അങ്ങട്ട് കല്യാൻ കയ്യോ?"

പിന്നീട് എന്താണു പറയേണ്ടതെന്ന് എനിക്കു നിശ്ചയമുണ്ടായിരുന്നില്ല. ഏതായാലും, എന്നും അയാൾ എന്നെ എതിർത്തിട്ടേ ഉള്ളൂ. അങ്ങനത്തെ ഒരു മനുഷ്യനിതാ, ഇപ്പോൾ എന്റെ പെട്ടിയും ചുമന്നു മുമ്പിൽ നടക്കുന്നു. എന്താണിതിന്റെ ഉദ്ദേശ്യം?

അന്നുമുതൽക്കു ഞാൻ മൗലവിയുടെ കൂടെ താമസവും തുടങ്ങി. ഞങ്ങൾ മൂന്നുപേരുണ്ടായിരുന്നു ആ വീട്ടിൽ, സ്ഥിരതാമസക്കാരായിട്ട്. ചിലപ്പോൾ നാലുപേരുണ്ടാകും. നാലാമത്തെയാൾ ഒരു രാഷ്ട്രീയനേതാവാണ്. അദ്ദേഹം വാടകയ്ക്ക് വാങ്ങിയതാണ് ആ വീട്. പക്ഷേ, ആ മനുഷ്യൻ മാസത്തിൽ മൂന്നുദിവസമേ വീട്ടിലുണ്ടാകൂ. ആ സൗകര്യം മൗലവി ഉപയോഗപ്പെടുത്തിയതാണ്. എനിക്കും മൗലവിക്കും രാഷ്ട്രീയനേതാവിനും പുറമെ അവിടെ ഒരു ചെറുപ്പക്കാരനുംകൂടി ഉണ്ടായിരുന്നു- മുഹമ്മദ്. അയാളെയും മൗലവി റിക്രൂട്ട്ചെയ്തതാണ്. കൈതക്കൂമ്പുപോലത്തെ ഒരു ചെറുപ്പക്കാരനാണ് മുഹമ്മദ്. ഒരു മുഷിഞ്ഞ വെള്ളഷർട്ടുമായി ഒരു ചാരുകസേരയിൽ കിടന്നു മനോരാജ്യം വിചാരിക്കും. ആരോടും അധികമൊന്നും സംസാരിക്കില്ല. ജീവിതത്തിന്റെ തിരക്കുകുറഞ്ഞ പ്രദേശങ്ങളിലൂടെ കൂനിക്കൂടി അങ്ങു കടന്നുപൊയ്ക്കളയാം എന്നൊരു മട്ടാണ് അവന്.

മൗലവി, രാഷ്ട്രീയനേതാവിനെയും എന്നെയു മെന്നതുപോലെ, മുഹമ്മദിനെയും ശകാരിച്ചി രുന്നു:

"അനക്ക് എന്തിരുത്താണ്ടാ, ഒന്നു തിരുമ്പിക്കു ളിച്ചാല്?" മൗലവി ചോദിക്കാറുണ്ട്.

"കുളിക്കാം".

"ജ്ജ് നിസ്കരിക്കാറുണ്ടെടോ?"

മുഹമ്മദ് ഒന്നും മിണ്ടിയില്ല.

"ജ്ജ് നിസ്കരിക്കാറുണ്ടോന്ന്?"

"ചിലപ്പോ" - മുഹമ്മദ്.

"അതെന്തേയ്? ജ്ജ് പടച്ചോനെക്കാട്ടിലും ബല്യോനായോ?"

"നിസ്കരിക്കാം."

"ഇക്ക് ബേണ്ടീറ്റ് ജ്ജ് നിസ്കരിക്കണ്ട. അനക്ക് ബേണം എന്നു തോന്നുന്നുണ്ട് എന്നു ബെച്ചാൽ മതി."

"നിസ്കരിക്കാം, മൗലവീ."

"എടാ, പഠിപ്പേറി കെട്ടുപോണ്ട, കെട്ടോ." -മൗലവി ഒരു താക്കീതോടെ കടന്നുപോകും. അന്നു വൈകുന്നേരം, ചുറ്റാനുള്ള ഒരു മുണ്ടൊ ഴികെ മുഹമ്മദിന്റെ എല്ലാ വസ്ത്രങ്ങളും വാങ്ങി, മൗലവി കിണറ്റിന്റെ അടുത്തേക്കു പോകുന്നതു കണ്ടു. ആരും തടുത്തിട്ടു കാര്യ മില്ല. ശകാരം കേൾക്കാൻ ഇച്ഛിക്കാത്തപക്ഷം അപ്പോൾ ഒന്നും മിണ്ടാതിരിക്കുകയാണു നല്ലത്. മൗലവി തുണി തിരുമ്പുക എന്നുവച്ചാൽ ആ വീട്ടിൽ മുഷിഞ്ഞുകിടക്കുന്ന എല്ലാ വസ്ത്ര ങ്ങളും തിരുമ്പുക എന്നാണ് അർഥം. എന്റേ തായാലും മുഹമ്മദിന്റേതായാലും നേതാവി ന്റേതായായും ശരി, അങ്ങോർ വാരിക്കൊണ്ടു പോകും. "ഇപ്പഹേരുള്ളടത്ത് പിളേക് ബരാ ത്തത് പടച്ചോന്റെ ബേണ്ടുകകൊണ്ടാ" -എന്നു ചില അഭിപ്രായപ്രകടനങ്ങളും കേൾക്കാം.

മുഹമ്മദ്, മൗലവിയുടെ ഒരു ബന്ധുവാണെ ന്നാണ് ഞാൻ ആദ്യമൊക്കെ വിചാരിച്ചിരു ന്നത്. ഒരുദിവസം ഞാൻ അക്കാര്യം മൗലവി യോടുതന്നെ ചോദിച്ചു:



"ഇങ്ങടെ ചേലിക്ക്തന്നെ, ഞമ്മടെ ഒരു കുട്ടി. ഇബടെ തെണ്ടിനടക്കുമ്പൊ, ഞമ്മള് ഇബടെ പിടിച്ചാക്കി. പക്കെങ്കില്, ഹമ്ക്കനാ. പണി ഒന്നും എടുക്കൂലാ."

എത്രയോ നാഴിക അകലെ ജനിച്ച രണ്ടാത്മാക്കളാണ്! മുഹമ്മദിന്റെ ഉമ്മയും ബാപ്പയും ആരാണെന്ന് ഇന്നും മൗലവിക്കറി ഞ്ഞുകൂടാ. എന്നാലും, "ഓൻ ഞമ്മടെ ഒരു കുട്ട്യാ."

എന്തു പണിയും മൗലവി ചെയ്യും. ചിലപ്പോൾ കണക്കെഴുത്ത്, ചിലപ്പോൾ കാര്യസ്ഥത, ചില പ്പോൾ വേദാധ്യാപനം- ജീവിക്കാനുള്ള വക എങ്ങനെയും സമ്പാദിക്കും. മൗലവി ഉണ്ണു മ്പോൾ അതു ലോകമറിയും; പട്ടിണികിടക്കു മ്പോൾ താൻതന്നെ അറിയാതിരിക്കാൻ ശ്രമി ക്കും. കുട്ടികളും കുടുംബവും നാട്ടിലാണ്. അവർക്കു കഴിഞ്ഞുകൂടാനുള്ള തുക അയച്ചു കൊടുക്കും. പിന്നെ, ഇത്തരത്തിൽ വന്നുകയ റുന്ന "ഞമ്മടെ കുട്ടികളെ" ഒക്കെ പുലർത്തും. മാസത്തിലൊരിക്കൽ കുടുംബത്തെ കാണാൻ പോവും. അന്ന് കുറച്ചു വറുത്ത വാഴയ്ക്കയോ ഈത്തപ്പഴമോ നെയ്യലുവയോ വാങ്ങും. അതിൽ നിന്ന് ഒരോഹരി എനിക്കും മുഹ മ്മദിനും കിട്ടിയിരുന്നു. രാഷ്ട്രീയനേതാവി നുള്ള ഓഹരി എടുത്തുവെച്ച്, ചീഞ്ഞുനാറി ക്കഴിഞ്ഞാൽ വലിച്ചെറിയും. ചീച്ചിൽ തുടങ്ങു മ്പോഴാണ് നേതാവു വന്നുകയറിയതെങ്കിൽ അൽപ്പമെങ്കിലും അതിൽ നിന്ന് ഭക്ഷിക്കാൻ അയാൾ നിർബദ്ധനാണ്.

മൗലവിയുള്ളപ്പോൾ ആ വീട്ടിൽ നല്ല അച്ചടക്കമാണ്. എല്ലാവർക്കും പേടിയായിരുന്നു; നേതാവിനുപോലും! ദിവസവും മൗലവി കൊണ്ടുവരുന്ന വർത്തമാനപത്രം ഞങ്ങളെല്ലാം വായിച്ചുകൊള്ളണം. വായിച്ചോ എന്നറിയാൻ ചിലപ്പോൾ ചില പരീക്ഷയൊക്കെ നടക്കും. പരീക്ഷ സംബന്ധിച്ചുള്ള ശകാരങ്ങൾ പലപ്പോഴും കിട്ടിയിരുന്നത് മുഹമ്മദിനാണ്. ധാരാളം മനോരാജ്യം വിചാരിക്കാറുള്ള ആ ചെറുപ്പക്കാരൻ പത്രം വായിക്കാൻ ചിലപ്പോൾ മറന്നുപോവും. മൗലവിക്ക് സ്വന്തമായ ചില രാഷ്ട്രീയാഭിപ്രായങ്ങളുണ്ട്. അതിനോടു പൂർണമായി യോജിക്കാൻ ഒരു രാഷ്ട്രീയ നേതാവിനും ഇന്നേവരെ കഴിഞ്ഞിട്ടില്ല; യോജിക്കണമെന്ന് മൗലവിക്കു നിർബന്ധവുമില്ല. പക്ഷേ, മൂപ്പർക്ക് അതുണ്ട്; അതുറക്കെ പ്രഖ്യാപിക്കുകയും ചെയ്യും. ചെവിയുള്ളവൻ കേൾക്കട്ടെ എന്നൊരു മട്ടാണ്. സാമൂഹിക കാര്യങ്ങളിലും വ്യക്തമായ അഭിപ്രായങ്ങളാണ്. മൗലവിയുടെ രണ്ടു പെൺമക്കളുടെയും മേക്കാത് കുത്തിത്തുളച്ചിട്ടില്ല. അതിനെപ്പറ്റി ആരോ ചോദിച്ചപ്പോൾ, മൗലവി ഒന്നു ചിരിച്ചു. എന്നിട്ട് പറയുകയാണ്:

"ഇത്തിരീസുംപാടെ കയിഞ്ഞിട്ട് ഓളെ ആശുപത്തിരീല് ഒന്നു കൊണ്ടുപോണം."

"എന്തിന്?"

"കാത് തന്നെ അങ്ങട്ട് ചെത്തിച്ചാളാം. ഇച്ചിരി ബേദനാക്കണം എന്നല്ലേ ഉള്ളൂ, എന്തേയ്?"

പിന്നെ ആരും ഒന്നും ചോദിച്ചിട്ടില്ല; മൗലവിയെ എല്ലാവർക്കുമറിയാം.

അങ്ങനെ മനോരാജ്യക്കാരനായ മുഹമ്മദും ഉദ്യോഗസ്ഥനായ ഞാനും (അന്നെനിക്ക് ഇരുപത്തേഴുറുപ്പിക പന്ത്രണ്ടണ ശമ്പളമായി ക്കിട്ടും) മൗലവിയും കൂടി കഴിഞ്ഞുകൂടി.

അന്നു രാത്രി എട്ടുമണിയായിരുന്നു. മൗലവി പുറത്തുനിന്നു വന്നിട്ടു കുറച്ചുനേരമേ ആയിട്ടുള്ളൂ. ഒരു വലിയ വാരസോപ്പുമായിട്ടാണ് വന്നുകയറിയത്. പത്രം മേശപ്പുറത്തേക്കെറിഞ്ഞ്, ഷർട്ടൂരിയിട്ട്, അയലിൽക്കിടന്ന എല്ലാ മുഷിഞ്ഞ തുണിയും വാരിക്കൂട്ടി ഒരു ചുമടുമായി കിണറ്റിനടുത്തേക്കു പോകുന്നതു കണ്ടു. പോകുമ്പോൾ മുഹമ്മദിനോടു തിരിഞ്ഞുനിന്നു ചോദിച്ചു: "അട മമ്മതേ, അന്റെ ഇത്തുണിയൊക്കെ ചിന്തേരിടുന്ന മിശ്യനില് കൊടുത്താൽ എന്തിരുത്താ!'' മുഹമ്മദ് ഒന്നും മിണ്ടിയില്ല; ഞാനും മിണ്ടിയില്ല.

മൗലവി പോയി കുറച്ചുകഴിഞ്ഞപ്പോൾ, ഞാനും മുഹമ്മദും പരസ്പരം നോക്കി ഒന്നമർത്തിപ്പിടിച്ചു ചിരിച്ചു. എന്നിട്ട്, അന്നത്തെ പത്രത്തിലൂടെ കണ്ണോടിച്ചു. വാർത്തകൾ ഓരോന്നായി വായിച്ചുതീർന്നു. മുഹമ്മദ് നിശ്ശബ്ദനായി ഇരുന്നു കേൾക്കുകയാണ്. ജീവിതപ്രശ്നങ്ങൾ കൂടുതൽ സങ്കീർണമായിവരുകയാണ് എന്നു ഞാൻ മുഹമ്മദിനോടു പറഞ്ഞു.

"നേരാണ്"

"ഇനിയുള്ള കാലം എങ്ങനെ കഴിഞ്ഞുകൂടും?"

"കഴിഞ്ഞുകൂടുക തന്നെ" എന്ന് മുഹമ്മദും പറഞ്ഞു.

"അപ്പോ, മുഹമ്മദ് എന്നും ഇങ്ങനെ കഴിയാനാണോ വിചാരിക്കുന്നത്?"

"പിന്നെ എന്തുചെയ്യാനാ?"

"എന്തെങ്കിലും ജോലി നോക്കിക്കൂടേ?"

"നമ്മളെ പടച്ചോന് നമ്മുടെമേൽ ഒരുത്തരവാദിത്വമില്ലേ?"



“ഉണ്ടായിരിക്കാം”

“എല്ലാം പടച്ചോനാ തരുന്നത്. ചോറും പടച്ചോൻതന്നെ” - മുഹമ്മദ് ഗൗരവത്തിൽ പറഞ്ഞുനിർത്തിയപ്പോൾ, കിണറ്റിനടുക്കെനിന്ന് ബക്കറ്റ് നിലത്തുവയ്ക്കുന്ന ശബ്ദം കേട്ടു. ഒരു നിമിഷം കഴിഞ്ഞപ്പോൾ മൗലവി മുറിയിലേക്കു കടന്നുവന്നു.

“മമ്മതേ, ഇജ്ജ് ഇബടെ ഒന്നു ബാ.”

മുഹമ്മദ് പിന്നാലെ ചെന്നു.

“ഇമ്മുറീന്റെ പൂട്ടൊന്ന് എടുത്തുകൊണ്ടുബാ.”

മുഹമ്മദ് എവിടെയൊക്കെയോ തപ്പിത്തിരഞ്ഞ് പൂട്ടും താക്കോലും കൊണ്ടുവന്ന് മൗലവിയുടെ കൈയിൽ കൊടുത്തു.

“ഇജ്ജ് ആ മുറീലിക്ക് ഒന്നു കടന്ന് നിക്ക്, മമ്മതേ” - മൗലവി മൃദുസ്വരത്തിൽ ആജ്ഞാപിച്ചു. മുഹമ്മദ് അതുപോലെ ചെയ്തപ്പോൾ, മൗലവി പുറത്തുനിന്നു വാതിലടച്ചുപൂട്ടി താക്കോൽ അരയിൽ തിരുകിയിട്ടു പറഞ്ഞു:

“ഇജ്ജ് അബുടെ കെടക്ക്. അനക്ക് പടച്ചോൻ ചോറുകൊണ്ടുവന്നു തരുന്നത് ഞമ്മളൊന്നു കാണട്ടെ, ഏത്? എന്നാൽ അന്റെ കണക്കില് ഞമ്മക്കും പടച്ചോനെ ഒന്നു കാണാലോ!”

മൗലവി കൈയിലെ സോപ്പിൻപത ഉടുത്ത തോർത്തിൽ തുടച്ച് വീണ്ടും കിണറ്റിനടുത്തേക്കു പോയി. ഞാൻ അമ്പരന്നുപോയി! എന്തേ ഇപ്പോഴുണ്ടായത്? മുഹമ്മദ് ബന്ധനസ്ഥനായിരിക്കുന്നു.

ഒരുനിമിഷം കഴിഞ്ഞപ്പോൾ ഞാൻ ജാലകത്തിനുള്ളിലൂടെ ഒന്നു നോക്കി. പിമ്പിൽ കൈയും കെട്ടി മുഹമ്മദ് മുറിയിൽ അങ്ങുമിങ്ങും നടക്കുകയാണ്. മൗലവിക്ക് ഒരു കുലുക്കവുമില്ല. അങ്ങോർ ഓരോ ശീല തിരുമ്പിക്കൊണ്ടുവന്ന് ആറാനിടും. വീണ്ടും കിണറ്റിനടുത്തേക്കു പോകും. അങ്ങനെ, തിരുമ്മലും കുളിയും കഴിഞ്ഞുവന്ന്, ഈറൻ മാറ്റി മൗലവി ജാലകത്തിനടുത്തുചെന്നു വിളിച്ചു:

“മമ്മതേ”!

“ഓ”

“ചോറു കിട്ട്യോ?”

നിശ്ശബ്ദം.

“കിട്ട്യോ? ബെറുംചോറോ ബിര്യാണ്യോ, നെയ്ച്ചോറോ? എന്താണ്?”

മുഹമ്മദ് മിണ്ടുന്നില്ല.

“കിട്ടീട്ടില്ല, അല്ലേ?....... എന്നാൽ കിട്ടും. പടച്ചോൻ കൊണ്ടോരും. അബടെ കുത്തീർന്നോ.”

രണ്ടാംമുണ്ടെടുത്ത് ചുമലിലിട്ട് അങ്ങോർ എന്നെ വിളിച്ചു: “ബരിൻ, ഞമ്മക്ക് ഓട്ടലിൽപ്പോയി ചോറു ബൈക്കാം.”

ഞാൻ മൗലവിയെ അനുഗമിച്ചു. എങ്കിലും മുഹമ്മദിനെപ്പറ്റിയുള്ള ചിന്ത എന്നെ അസ്വസ്ഥനാക്കിയിരുന്നു.

“അപ്പോ, മൗലവീ...”

“എന്ത്യേ?”

“മുഹമ്മദ്......”

“ചെലക്കാണ്ടെ പോരേ, നായരേ. ഓന് പടച്ചോൻ കൊണ്ടബന്നു കൊടുക്കും. നിറുത്തിപ്പൊരിച്ച കോയീം ബിര്യാണീംപാടെ. ഞമ്മക്ക് ഓട്ടല്കാരൻ തന്നെ തരണം. മോൻ പോരേ...”

ഞാൻ ആ ആജ്ഞയെ അനുസരിച്ചു. ഞങ്ങൾ രണ്ടുപേരും ഊൺ കഴിച്ചുകഴിഞ്ഞപ്പോൾ മൗലവി പറഞ്ഞു: “ഇങ്ങള് നടന്നോളി. ഞമ്മള് ബരാം.”

ഞാൻ മടങ്ങിപ്പോന്നു. മുഹമ്മദ് അപ്പോഴും



കൈ പിമ്പിൽക്കെട്ടി മുറിയിൽ ഉലാത്തുകയാണ്.

"മുഹമ്മദേ?"

"ഊം?"

"കാര്യം വിഷമമായല്ലോ?"

"മൗലവി അപ്പുറത്തുള്ളത് ഞാനോർത്തില്ല. എന്നാലിത് പറേല്യാർന്നു."

"ഇനി ഇപ്പോൾ എന്താ വഴി?"

"മൂപ്പര് വല്യേ വാശിക്കാരനാ. ഇന്ന് ഏതായാലും, പട്ടിണി. നാളത്തെ കത.........?"

എനിക്ക് മുഹമ്മദിന്റെ നേരെ അലിവു തോന്നി. പക്ഷേ, ഞാനെന്ത് ചെയ്യും?

"മുഹമ്മദേ, വിശക്കുന്നുണ്ടോ?"

"ഇന്ന് എന്നും ഇല്ലാത്ത ഒരു വിശപ്പ്!"

''ഞാൻ ജനാലയ്ക്കുള്ളിലൂടെ വല്ലതും കൊണ്ടുവന്നുതരട്ടേ.?"

"അയ്യയ്യോ, അമ്മൂപ്പരറിഞ്ഞാൽ..." മുഴുവനാക്കുന്നതിന് മുമ്പേ, ഉമ്മറത്തുനിന്ന് കാൽപ്പെരുമാറ്റം കേട്ടു. ഞാൻ അകന്നുപോയി. മൗലവി മുറിക്കകത്തു ചെന്ന് ജനവാതിലിനുള്ളിലൂടെ നോക്കി:

"മമ്മദേ, എറച്ചി നല്ല പതം ഉണ്ടാർന്നോ?"

നിശ്ശബ്ദം.

"ചോറു കിട്ടീലേ?.... എന്താണ്ടാ മിണ്ടാത്ത്?.... പടച്ചോൻ ചോറ് തന്നോ?"

"ഹില്ല."

"എന്നാൽ, ഇപ്പോ തരും; കേദിക്കണ്ട."

മൗലവി പത്രമെടുത്തു നിവർത്തി, ഒരു ചുരുട്ടു വലിച്ചു പുകവിട്ടുകൊണ്ട് ഒരിടത്തു പോയി ഇരുന്നു. നാഴികകൾ കടന്നുപോവുകയാണ്. മുഹമ്മദിന്റെ സ്ഥിതി ആലോചിച്ച് എനിക്ക് വലിയ ബേജാറ്. ഞാനാണെങ്കിൽ, ഊൺകഴിച്ചുംപോയി. മൗലവിക്ക് ഒരു കുലുക്കവുമില്ല. ഈ മനുഷ്യന്റെ ചിലപ്പോഴത്തെ പ്രവൃത്തി മഹാ ധിക്കാരമായിപ്പോകുന്നുണ്ട് എന്നു ഞാൻ ഉള്ളിൽ കരുതി. ഇത്രവലിയ ശിക്ഷയ്ക്കു വിധിക്കാൻ തക്കവണ്ണം ഇവിടെ എന്തേ ഉണ്ടായത്!

മൗലവി പത്രത്തിൽനിന്നു കണ്ണെടുക്കുന്നില്ല. ഞാനും കുത്തിച്ചാരിയിരിക്കയാണ്. അതിനിടയിൽ മുഹമ്മദ് എന്നെ വിളിച്ചു.

"എന്തേ?"

"ഇത്തിരി വെള്ളം കുടിക്കാൻ.....?"

ഞാൻ മൗലവിയുടെ മുഖത്തേക്കു നോക്കി. പത്രത്തിൽ നിന്നു കണ്ണെടുക്കാതെതന്നെ മൗലവി ചോദിച്ചു:

"എന്തിരുത്താ ഓൻ പറേണത്?"

"വെള്ളം കുടിക്കണം എന്ന്."

"അപ്പോ, പടച്ചോൻ ബിര്യാണീം പൊരിച്ച കോയീം കൊണ്ടന്നപ്പോൾ ബെള്ളം കൊണ്ടന്നില്ലേ?"

"എനിക്കു ദാഹിക്കുന്നു!" -മുഹമ്മദ് വരുന്നതു വരട്ടെ എന്ന മട്ടിൽ വിളിച്ചുപറഞ്ഞു.

"എടാ, പടച്ചോന്റെ കയ്യിൽനിന്ന് ചക്കാത്ത് കിട്ടുന്നതാ എന്നുബെച്ച്, ഇമ്മിണി തിന്നൂടരുത്, കേട്ടോ. ആട്ടെ ഇഞ്ഞി ബെള്ളൂം കൊണ്ടുവന്ന് തരാൻ പറ–".

ഇതു പറഞ്ഞ് മൗലവി പത്രത്തിലേക്കുതന്നെ ശ്രദ്ധപതിപ്പിച്ചു. വാസ്തവത്തിൽ, നടുവിൽ നിൽക്കുന്ന എന്റെ സ്ഥിതി കുഴപ്പത്തിലായിരുന്നു. ഞാൻ ഒന്നുരണ്ടു തവണ മൗലവിയുടെ അടുത്തുചെന്ന് അപേക്ഷിച്ചു. ഒരു കുലുക്കവുമില്ല. "ഇങ്ങള് പോയിക്കെടന്ന് ഒറങ്ങിക്കോളീ–" എന്നാണു പറയുന്നത്. വലിയ കുഴപ്പമായല്ലോ!

ഒടുവിൽ, മുഹമ്മദ് ഒരു നിലവിളി: "മൗലവീ, ഞാൻ ഇപ്പൊ ചാവും; തൊണ്ട പൊട്ടിച്ചാവും."

മൗലവി കണ്ണട എടുത്തു മേശമേൽവച്ചു. പതുക്കെ ചെന്നു മുറി തുറന്നു. അണപൊട്ടിയ വെള്ളംപോലെ മുഹമ്മദ് മൗലവിയുടെ മേലേക്കു പാഞ്ഞുകയറി.

"നിക്ക്."

"ന്റെ മൗലവീ!"

ഞാൻ ഒരു ഗ്ലാസ് വെള്ളവുമായി പിന്നാലെ ചെന്നു. മൗലവി അതു വാങ്ങിക്കൊടുത്തു. മുഹമ്മദ് വലിച്ചുകുടിച്ച് ഒന്നു നെടുവീർപ്പിട്ടു:

"ഹാവൂ!"

"പടച്ചോൻ ചോറുതരോ?" - മൗലവി.

"ഹില്ല" -മുഹമ്മദ്.

"ഇക്കയ്യ് കാട്ട്. ഇതിനു ബല്ലിച്ച കേടും ഉണ്ടോ?"

"ഇല്ല."

"അപ്പൊ, ജ്ജ് ന്സീബുള്ളോനാ. ഇരിക്കട്ടെ. ഇക്കയ്യാരു തന്ന്?"

പടച്ചോനാണെന്നു പറയാൻ മുഹമ്മദിനു ധൈര്യമില്ല.

"ആരു തന്ന്?" - മൗലവി തിരക്കി.

"അതുണ്ടായി."

"ബെറുക്കനെ ഉണ്ടാവോ?"

"എനിക്കറിഞ്ഞുകൂടാ."

"പടച്ചോൻ തന്ന കയ്യ്- അല്ലേ?"

"അതെ."

"ഈ ദുനിയാവാരുണ്ടാക്കി?"

"പടച്ചോൻ."

"സരി. ഇക്കയ്യോണ്ട് ഈ ദുനിയാവിമ്മല് പണിയെടുത്താൽ എന്തുണ്ടാവും?"

"എല്ലാം ഉണ്ടാവും."

"ചോറും?"

"ആ!"

"അപ്പൊ പണികയിഞ്ഞ്; ഏ?"

"ആ!"



"എട ഹമ്ക്കേ, പടച്ചോൻ അന്റെ സിപായി ആണോ, ചോറുംകൊണ്ട് ബരാൻ? ഇഞ്ഞി ഇച്ചേലിക്ക് ബസളത്തം പറയോ?"

"ഹില്ല."

"എന്നാൽ ചെല്ല്. അതാ, അമ്മുറീല് ചോറുണ്ട്. പോയിത്തിന്നോ. ഉം, ചെല്ല്" - മൗലവി വീണ്ടും പത്രത്തിലേക്കു കണ്ണോടിച്ചു.

മുഹമ്മദിന്റെ പിന്നാലെ ഞാനും പോയി. അവിടെ മേശപ്പുറത്തു ബിരിയാണിയും കോഴിയിറച്ചിയും അടച്ചുവച്ചിരിക്കുന്നു. അടപ്പു തുറന്നപ്പോൾ, സുഖമുള്ള മണം. മുഹമ്മദ് ബിരിയാണി തിന്നുമ്പോൾ, പടച്ചോനാണ് ചോറു തരുന്നതെന്ന് മൗലവിയോടു പറയാനുള്ള ബുദ്ധി എനിക്കുണ്ടാകാത്തതിൽ ഞാൻ ഹൃദയപൂർവം വ്യസനിച്ചു. ഞാൻ വെറും ചോറാണുണ്ടത്. ബിരിയാണിയുടെ മണം കേട്ടിട്ട് ദിവസമെത്രയായി!

മുഹമ്മദ് അങ്ങോട്ടുമിങ്ങോട്ടും നോക്കാതെ അടിച്ചുവിടുകയാണ്.

***(മൗലവിയും ചങ്ങാതിമാരും)***

- “ഇത്ര വലിയ ശിക്ഷയ്ക്കു വിധിക്കാൻ തക്കവണ്ണം ഇവിടെ എന്തേ ഉണ്ടായത്?” കഥാകാരന്റെ ഈ വിചാരത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? മൗലവിയുടെ പ്രവൃത്തി അനുചിതമായിപ്പോയോ? –കുറിപ്പെഴുതുക.
- “ഞമ്മള് ബിചാരിച്ച് ന്റെ മോൻ ഇപ്പളും നാടുനന്നാക്കാൻ നടക്കാന്നാണ്. അത് മ്മിണി എളുപ്പം കൂടുന്ന പണ്യാ. താനായിറ്റ് ഒന്നും ശെയ്യണ്ടല്ലോ. മറ്റുള്ളോലോട് ശെയ്യാൻ പറഞ്ഞാൽ മതിയല്ലോ” – പൊതുപ്രവർത്തനത്തെക്കുറിച്ചുള്ള മൗലവിയുടെ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക.
- “എന്തിരുത്ത് പന്നിപ്പാച്ചിലാ ഇത്”

  “ഇമ്മിണി എളുപ്പം കൂടുന്ന പണ്യാ”

  “എട ഹമ്ക്കേ, പടച്ചോൻ അന്റെ സിപായി ആണോ ചോറും കൊണ്ട് ബരാൻ? ഇഞ്ഞി ഇച്ചേലിക്ക് ബസളത്തം പറയോ.”

  മൗലവിയുടെ സംഭാഷണത്തിലെ പ്രത്യേകതകൾ ശ്രദ്ധിക്കൂ.

  ഇത്തരം പ്രയോഗങ്ങൾക്കു പകരം അച്ചടിഭാഷ ഉപയോഗിച്ചാൽ കഥയുടെ ആസ്വാദനത്തിന് എന്തെങ്കിലും കോട്ടം സംഭവിക്കുമോ? ചർച്ചചെയ്യുക.
- “മൗലവി തുണിതിരുമ്പുക എന്നുവച്ചാൽ ആ വീട്ടിൽ മുഷിഞ്ഞുകിടക്കുന്ന എല്ലാ വസ്ത്രങ്ങളും തിരുമ്പുക എന്നാണർഥം.”

  “എന്തു പണിയും മൗലവി ചെയ്യും. ജീവിക്കാനുള്ള വക എങ്ങനെയും സമ്പാദിക്കും.”

  നൽകിയിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി മൗലവി എന്ന കഥാപാത്രത്തിന്റെ വ്യക്തിത്വം വിശദമാക്കുന്ന കഥാപാത്രനിരൂപണം തയാറാക്കുക.
- അതിനിടയിൽ മുഹമ്മദ് എന്നെ വിളിച്ചു – ഈ വാക്യം “അതിനിടയിൽ മുഹമ്മദ് എന്നെ വിളിപ്പിച്ചു” എന്നാണെങ്കിൽ കഥയിൽ ഒരു കഥാപാത്രം കൂടിയുണ്ടാകും– ഈ പ്രസ്താവനയെ കഥയുടെ അടിസ്ഥാനത്തിൽ പരിശോധിക്കാമല്ലോ.
- ഈ കഥ നാടകരൂപത്തിലാക്കിയാലോ? ഏതെങ്കിലും ഒരു സന്ദർഭം നാടകരൂപത്തിലാക്കി ക്ലാസിൽ അവതരിപ്പിക്കുക.

*ഞാൻ വിശ്വസിക്കുന്ന ആദർശങ്ങളുടെ പതിനായിരത്തിലൊന്നുപോലും പ്രയോഗത്തിലാക്കാൻ എനിക്കു കഴിയുന്നില്ല. എന്റെ മനസ്സുകേടുകൊണ്ടല്ല. എന്നെ വലയം ചെയ്യുന്ന നൂറുനൂറു ചങ്ങലക്കെട്ടുകളിൽനിന്നു മോചനം നേടാനുള്ള മാർഗം പറഞ്ഞുതരൂ- ഞാൻ അതുപോലെ ചെയ്യാം...എന്റെ കഴിവില്ലായ്മയെക്കുറിച്ച് എനിക്ക് വളരെയേറെ നിന്ദയുണ്ട്; അത്രയേറെ നിങ്ങളും എന്നെ നിന്ദിച്ചുകൊള്ളൂ. എന്നാലും ഞാൻ ചൂണ്ടിക്കാട്ടുന്ന മാർഗത്തെ മാത്രം നിന്ദിക്കരുത്.*

**- ലിയോ ടോൾസ്റ്റോയ്**


# ആദർശവും യാഥാർഥ്യവും

**കെ. സുരേന്ദ്രൻ**

**അ**ൻപത്......അൻപത്തഞ്ച്....അറുപത്. ആ രൂപം ഒന്നു കാണേണ്ടതാണ്. ടോൾസ്റ്റോയ് പ്രഭുവിന്റെ പണ്ടത്തെ എല്ലാ അടയാളങ്ങളും അപ്രത്യക്ഷങ്ങളായി. ഒന്നാന്തരമായി വേഷമണിഞ്ഞ് ഗംഭീരനായി മാത്രം നടക്കാറുണ്ടായിരുന്ന ആ പ്രഭു ഇപ്പോൾ സാധാരണ കൃഷീവലരെപ്പോലെ കുറഞ്ഞ കാൽച്ചട്ടയും ജൂബ്ബാപോലത്തെ അയഞ്ഞ പരുക്കൻ ഉടുപ്പും- റഷ്യയുടെ ദേശീയകുപ്പായം- മാത്രമാണു ധരിക്കാറ്. ഇടയ്ക്ക് ഒരു തോൽവാറും കെട്ടിയിട്ടുണ്ടാവും. ആ മുഖമോ? വെളുത്തുതുടങ്ങിയ നീണ്ട താടി. അലിവും കരുണയും ഒട്ടൊരു ശോകവും സ്ഫുരിക്കുന്ന കണ്ണുകൾ. അവ നമ്മുടെ ആത്മാവിന്റെ രഹസ്യങ്ങളും വേദനകളും നിഷ്പ്രയാസം മനസ്സിലാക്കുമെന്നു തോന്നിപ്പോവും. വാക്കുകളുടെ പണ്ടത്തെ ആ പാരുഷ്യവും മറഞ്ഞുകഴിഞ്ഞു. ആകക്കൂടി എല്ലാറ്റിനും ഒരു പതം വന്നിട്ടുണ്ട്. എന്നല്ല, വന്ദ്യനായ ആ വൃദ്ധൻ മനുഷ്യരാശിയുടെ പൊതുദു:ഖത്തിന്റെ അദൃശ്യമായ ഒരു കുരിശ് സ്വയം ചുമക്കുന്നതുപോലെത്തന്നെ നമുക്ക് അനുഭവപ്പെടും.

ഇങ്ങനെ രൂപത്തിൽ മാത്രമല്ല, ശീലത്തിലും വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്.

എന്നും അതിരാവിലെ എഴുന്നേൽക്കും. ദിനകൃത്യങ്ങൾ കഴിച്ചതിനുശേഷം, വീട്ടിലേക്കാവശ്യമായ വെള്ളം മുഴുവൻ കിണറ്റിൽ



നിന്നു പമ്പുചെയ്തു കയറ്റും. എന്നിട്ട് മുറിയെല്ലാം തന്നത്താൻ അടിച്ചുവാരി, രാവിലത്തെ ചായയ്ക്ക് വെള്ളം തിളപ്പിക്കും. ചായ ഇലകൾ എണ്ണിപ്പെറുക്കിയാണ് ഇടുന്നതെന്നു തോന്നും. കണ്ടമാനം ധൂർത്തടിക്കാൻ പാടില്ല! പിന്നെ കാട്ടിൽ പോയി വിറകുവെട്ടും. അല്ലെങ്കിൽ വയലിൽ ഇറങ്ങി വേലചെയ്യും. ദിവസം കുറഞ്ഞത് എട്ടുമണിക്കൂർ അങ്ങനെ അപ്പത്തിനുവേണ്ടി പണിയെടുക്കും. അതാ നോക്കൂ - കണ്ണെത്തുവോളം പരന്നുകിടക്കുന്ന വയലിൽ, പണിയാളരുടെ ഇടയിൽനിന്നുകൊണ്ട്, വളഞ്ഞ അരിവാൾ അദ്ദേഹം ആഞ്ഞാഞ്ഞു വീശുന്നു. കണ്ടിടത്തോളം, ജോലിയിൽ തികച്ചും മുഴുകിയിരിക്കയാണ്. മിക്കപ്പോഴും കൂടെ അനുയായികളും കാണും. റഷ്യയിലെ ഏറ്റവും വലിയ പ്രഭുകുടുംബങ്ങളിൽ നിന്ന് പോന്നിട്ടുള്ളവർ- ബുദ്ധിജീവികൾ, പ്രഫസർമാർ, ഡോക്ടർമാർ, കലാകാരന്മാർ, വലിയ ഉദ്യോഗങ്ങൾ വലിച്ചെറിഞ്ഞുപോന്നിട്ടുള്ളവർ, സ്വദേശികൾ, വിദേശികൾ - എന്നു വേണ്ടാ എല്ലാ നിലയിലും എല്ലാ തരത്തിലും ഉള്ളവർ. മഹാത്മാഗാന്ധിയുടെ മാന്ത്രികദണ്ഡ് എത്ര കൊലകൊമ്പന്മാരെ കുഞ്ഞാടുകളാക്കി കൂടെനടത്തിയിട്ടുണ്ടെന്നു നമുക്കറിയാമല്ലോ. ഇതുതന്നെയായിരുന്നു അവിടത്തെയും കഥ. ഇവിടെ ഒറ്റമുണ്ടുടുത്ത ഗോസായി; അവിടെ കാൽച്ചട്ടയിട്ട കൃഷീവലൻ.

ആ കൃഷീവലൻ ഒരിക്കൽ ഒരു റെയിൽവേ സ്റ്റേഷനിൽ ആരെയോ പ്രതീക്ഷിച്ചുനിൽക്കുകയായിരുന്നു. ട്രെയിൻ വന്നുചേർന്ന ബഹളത്തിനിടയിലൂടെ ഒരു ലേഡി ധൃതിയിൽ വന്ന് ആ മനുഷ്യനോടു പറഞ്ഞു: "ഏയ് മൂപ്പീന്നേ, ഇതാ, ഈ പെട്ടിയൊന്ന് വെളിയിലേക്ക് എടുത്തുതരൂ." മൂപ്പീന്ന് പരമവിധേയതയോടെ പെട്ടിയും തൂക്കി പിറകേ മണ്ടി. വെളിയിൽ വന്നപ്പോൾ ലേഡി എന്തോ എടുത്തു നീട്ടി. മൂപ്പീന്ന് അതു വാങ്ങി. അപ്പോഴാണ് അവർ ആളിനെ ഒന്നു നോക്കിയത് - റഷ്യക്കാകമാനം പരിചിതമായ ആ മുഖം. ആ നരച്ച താടി, അയഞ്ഞ ഉടുപ്പ്, പഴയ തോൽവാറ്... "ങ്ഹേ. എന്ത്! ടോൾസ്റ്റോയ്പ്രഭുവോ? സമസ്താപരാധം!.... സമസ്താപരാധം!"

***(ടോൾസ്റ്റോയിയുടെ കഥ)***

- "എന്റെ ജീവിതമാണ് എന്റെ സന്ദേശം"- മഹാത്മാഗാന്ധി

  "ഞാൻ വിശ്വസിക്കുന്ന ആദർശങ്ങളിൽ പതിനായിരത്തിലൊന്നുപോലും പ്രയോഗത്തിലാക്കാൻ എനിക്കു കഴിയുന്നില്ല"- ടോൾസ്റ്റോയ്. മാനവസമൂഹത്തെ ഒന്നടങ്കം സ്വാധീനിച്ച രണ്ടു വ്യക്തികളുടെ വാക്കുകളാണിവ. രണ്ടുപേരുടെയും വീക്ഷണങ്ങൾ വിലയിരുത്തി പ്രഭാഷണം തയാറാക്കുക.
- "പ്ലാവില പെറുക്കാനായാൽ പ്ലാവില പെറുക്കണം", "അണ്ണാറക്കണ്ണനും തന്നാലായത്," "മടിയൻ മല ചുമക്കും" തുടങ്ങിയ ചൊല്ലുകൾ നിങ്ങൾ കേട്ടിട്ടില്ലേ. ഇത്തരം ചൊല്ലുകൾ വെളിപ്പെടുത്തുന്ന ആശയങ്ങൾ എന്തൊക്കെയാണ്? അധ്വാനത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്ന ചൊല്ലുകൾ ശേഖരിച്ച് വിശകലനക്കുറിപ്പ് തയാറാക്കാം.
- വീടുകളിൽ നമുക്കു ധാരാളം ജോലികൾ ചെയ്തുതീർക്കാനുണ്ടാവുമല്ലോ. രക്ഷിതാക്കൾ പലപ്പോഴും ഇത്തരം ജോലികളിൽ മുഴുകി കഷ്ടപ്പെടുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവരെ സഹായിക്കാൻ നമുക്കെന്തെല്ലാം ചെയ്യാനാവും? കൂട്ടുകാരുമായി ചർച്ച ചെയ്യുക.
- ആളുകളുടെ മഹത്ത്വം നിശ്ചയിക്കുന്നത് പണവും പദവിയുമാണോ? അതോ, അവർ ചെയ്യുന്ന പ്രവൃത്തിയാണോ? ഗാന്ധിജിയുടെയും ടോൾസ്റ്റോയിയുടെയും ജീവിതം മുൻനിർത്തി പരിശോധിക്കൂ. കുറിപ്പു തയാറാക്കൂ.



# മടിയന്മാർ മുടിയന്മാർ

**കുഞ്ചൻനമ്പ്യാർ**

തന്നത്താനറിയാത്തൊരു കൂട്ടം
വന്നുനിറഞ്ഞൂ നമ്മുടെ നാട്ടിൽ.
അഷ്ടി കണക്കിനു കൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെയേത്തമിടീക്കും.
പട്ടിണിയെന്നതു നമ്മുടെ പിള്ളേർ-
ക്കൊട്ടും തന്നെ സഹിപ്പാൻ മേലാ.
വെട്ടമെടുക്കും മുമ്പേ യഷ്ടികൾ
ഘട്ടിസ്സാദമെടുത്തു ഭുജിക്കും.
കട്ടത്തൈരും കൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരു പഞ്ചപ്രസ്ഥം
കൊറ്റുകഴിച്ചൊരു തെക്കൻ മുണ്ടും
ചുറ്റിയുടുത്തൊരു തൊങ്കലു തൂക്കി
വെറ്റില തിന്നു മുഴുപ്പിച്ചും കൊ-
ണ്ടേറ്റു തിരിക്കും രസികന്മാരായ്;
കറ്റക്കുഴൽമണിമാരുടെ വീടുകൾ
പറ്റിപ്പകിടി പറഞ്ഞു രസിച്ചും
വെറ്റ പിടുങ്ങിത്തിന്നുടനവരുടെ
കുറ്റമുരച്ചു ചിരിച്ചു തിരിച്ചും,

പകയുള്ളവരെപ്പിഴ ചെയ്യിച്ചൊരു
വകയുണ്ടാക്കും പുകയില കൊൾവാൻ
പകലും രാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരു കഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടുരിയാടുകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവർക്കും വഴി-
തിരിയാ പെരിയ ജനത്തിനുപോലും
മുടിയന്മാരിവരാകൃതി കണ്ടാൽ
തടിയന്മാരൊരു വേലയെടുപ്പാൻ
മടിയന്മാർ പല ജനമുണ്ടിഹ കൾ-
കുടിയന്മാരവരൊന്നിനുമാകാ,
മാറുകയില്ല പറഞ്ഞാലെന്ന-
ല്ലേറുകയേ വരു ദിവസംതോറും,
ഏറുകൊടുപ്പാൻ തോന്നുമെനിക്കി-
പ്പോറകളുടെ ധിക്കാരം കണ്ടാൽ.

* * * * * * * *

ഊണുകഴിച്ചു തിരിച്ചാലവരെ-
ക്കാണുകയില്ലൊരു ദിക്കിൽപ്പോലും,
കാണുകയില്ലെന്നല്ല തിരഞ്ഞാ-
ലേണാക്ഷികളുടെ വീട്ടിൽക്കാണാം.

അത്താഴത്തിന്നില വയ്ക്കുമ്പോൾ
എത്താത്തവരുടെ പുല കൊണ്ടീടാം.
ചത്താലും വരുമഷ്ടിയടുത്താൽ
ഓർത്താലിങ്ങു വെറുപ്പാകുന്നു.

*(ഘോഷയാത്ര)*

- ഇന്ന് ഭാഷയിൽ അധികം പ്രയോഗത്തിലില്ലാത്ത ചില പദങ്ങൾ ഈ കവിതാഭാഗത്തു കാണാം. അവ കണ്ടെത്താം; സന്ദർഭത്തിനനുസരിച്ച് അർഥം ഗ്രഹിച്ച് കവിതയ്ക്ക് ഒരു പദസൂചിക തയാറാക്കാം.
- "അത്താഴത്തിന്നില വയ്ക്കുമ്പോൾ
  എത്താത്തവരുടെ പുല കൊണ്ടീടാം"

  ഈ വരികളിലാവിഷ്കരിക്കുന്ന ആക്ഷേപഹാസ്യം എത്രത്തോളം ശക്തമാണ്? വിശകലനം ചെയ്യൂ.
- കവിതയിൽ നമ്പ്യാർ പരിഹസിക്കുന്നതുപോലുള്ള ആളുകൾ ഇക്കാലത്തുമില്ലേ? അവരുടെ ജീവിതരീതികൾ സൂക്ഷ്മമായി നിരീക്ഷിച്ച് ഒരു നർമലേഖനം തയാറാക്കുക.
- "കൊറ്റുകഴിച്ചൊരു തെക്കൻ മുണ്ടും
  ചുറ്റിയുടുത്തൊരു തൊങ്കലു തൂക്കി
  വെറ്റില തിന്നു മുഴുപ്പിച്ചും കൊ-
  ണ്ടേറ്റു തിരിക്കും രസികന്മാരായ്"

  ചില അക്ഷരങ്ങൾ എല്ലാ വരികളിലും ആവർത്തിക്കുന്നുണ്ടല്ലോ. ഇതു കവിതയുടെ ചൊല്ലഴക് വർധിപ്പിക്കുന്നില്ലേ? ഇത്തരം പ്രത്യേകതകൾ മറ്റു കവിതകളിൽ നിന്നു കണ്ടെത്തി അവതരിപ്പിക്കൂ.
- 'മടിയന്മാർ മുടിയന്മാർ' എന്ന ഭാഗം ഓട്ടൻതുള്ളലായി വേദിയിൽ അവതരിപ്പിക്കുകയാണ്. തുള്ളൽ എന്ന കലാരൂപത്തെക്കുറിച്ചും പാഠഭാഗത്തെ കഥാസന്ദർഭത്തെക്കുറിച്ചും വിശദമാക്കുന്ന ആമുഖപ്രഭാഷണം തയാറാക്കുക.

# 3

# മണ്ണിൽ പുതഞ്ഞ രത്നങ്ങൾ

*1960. ഞാൻ കണ്ണവം റിസർവ് കാടിനുള്ളിൽ കുറിച്യ കോളനികളുടെ മേൽനോട്ടം വഹിക്കുന്ന കാലം. അച്ഛന്റെ മരണം കാരണം ഒരാഴ്ച അവധിയെടുത്ത്, കോളനിയിൽനിന്ന് 24 കിലോമീറ്റർ ദൂരെയുള്ള സ്വന്തം വീട്ടിൽ ദു:ഖിച്ചിരിക്കുന്ന അവസരം. പാതിരാസമയത്ത്, കത്തിച്ചുപിടിച്ച പന്ത ങ്ങളുമായി, കലമ്പുന്ന ഭാഷയിൽ എന്തൊക്കെയോ ഉറക്കെ സംസാരിച്ചുകൊണ്ട് ആരൊക്കെയോ നടന്നുവരുന്ന ആരവം കേട്ടു. ഞാൻ അമ്പരന്നു. കോളനിയിലെ താമസക്കാരായ നൂറോളം കുറിച്യ ക്കുടുംബങ്ങൾ കാടും മലയും കടന്ന്, പതിനാറുനാഴിക ദൂരം കാൽനടയായി യാത്രചെയ്ത്, പാതിരാ നേരത്ത് ഓഫീസറെ നേരിൽ കണ്ട് ഒരടിയന്തരപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ വന്നിരിക്കുക യാണ്. കാടിന്റെ ഒരറ്റത്ത് കച്ചവടം നടത്തുന്ന ഒരു മാപ്പിളയെയും കൂടെ കൂട്ടിയിട്ടുണ്ട്. കുറിച്യരെ ആകെ ലജ്ജിപ്പിക്കുകയും ഞെട്ടിക്കുകയും ചെയ്ത ഒരു സംഭവം ഉണ്ടായിരിക്കുന്നു! കുറിച്യൻ കോമൻ, മാപ്പിളയുടെ കടയിൽനിന്ന് ഒരു റാത്തൽ വെല്ലവും ഒരു നാഴി തുവരയും കട്ടെ ടുത്തിരിക്കുന്നു. കള്ളനെ കഠിനമായി ശിക്ഷിക്കണമെന്നാവശ്യപ്പെടുന്ന കാര്യത്തിൽ പീടികയുട മയ്ക്ക് അത്ര വലിയ താൽപ്പര്യമില്ലായിരുന്നു; കുറിച്യർക്കായിരുന്നു നിർബന്ധം.*

*"എന്റെ ഒരു റാത്തൽ വെല്ലവും ഒരു നാഴി തുവരയും മാത്രമാണ് മോഷ്ടിച്ചതെന്ന് കോമൻ പറ ഞ്ഞത് സത്യമായിരിക്കണം. തുറന്നുവച്ചിരുന്ന എന്റെ പണപ്പെട്ടിയിൽ നിന്ന് ഒരു നയാപൈസയും നഷ്ടപ്പെട്ടിട്ടില്ല"- ഇപ്രകാരം പീടിക ഉടമ ഇടയ്ക്ക് ഒരു വിശദീകരണവും നൽകി.*

*"കോമൻ ഒരു കിലോ വെല്ലവും ഒരു നാഴി തുവരപ്പരിപ്പും മാത്രമാണോ മോഷ്ടിച്ചത്!" ഞാൻ അത്ഭുതപ്പെട്ടു. ഞാൻ ചോദിച്ചു: "കോമൻ എന്തൊക്കെ മോഷ്ടിച്ചു?"*

*ഒരപരാധിയുടെ കുറ്റസമ്മതത്തോടെ കോമൻ പറഞ്ഞു: "ഒരു റാത്തൽ വെല്ലവും ഒരു നാഴി തുവരപ്പരിപ്പും."*

*"തൂക്കിയാണോ എടുത്തത്?"*

*"അതെ, തൂക്കിയാണെടുത്തത്."*

*"എന്തിനാണ് തൂക്കി എടുത്തത്?*

*"എനിക്ക് പൈസാ കിട്ടുമ്പോൾ അത്രയുംതന്നെ സാധനം അയാൾക്ക് കൊടുക്കണം" - അയാൾ തുടർന്നു:*

*"ഒരാഴ്ചയായി എന്റെ ഭാര്യയും കുട്ടികളും പട്ടിണികിടക്കുകയായിരുന്നു. അതുകൊണ്ട് മോഷ്ടിച്ച താണ്...."*

**- കെ. പാനൂർ**

കോമന്റെ മോഷണത്തെയും അതിനോടുള്ള മറ്റുള്ളവരുടെ പ്രതികരണങ്ങളെയും നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു? ചർച്ചചെയ്യുക.

# പണയമുതൽ

കെ.ജെ. ബേബി

എട്ട് ഉറുപ്പികയ്ക്കാണ് കൈപ്പാടൻ എന്ന അടിമയെ അമ്പുനായർ എന്ന ഉടമ സുബ്ബരായ പട്ടർക്ക് പണയംവച്ചത്.

തന്നെ പണയം വയ്ക്കാനാണ് കൊണ്ടുവന്നതെന്നു കൈപ്പാടനോ, കൈപ്പാടനെ പണയം വയ്ക്കാനാണു കൊണ്ടുപോയതെന്ന് കൈപ്പാടന്റെ മൻറക്കാരോ അറിഞ്ഞിരുന്നില്ല.

അറിഞ്ഞാലോ?

തമ്പുരാക്കൻമാർക്ക് കാലികളെപ്പോലെ വിൽക്വേം വാങ്ങ്വേം പണയം വയ്ക്വേം ചെയ്യാമ്പറ്റുന്ന അടിമകൾക്കെന്തു ചെയ്യാനാവും?

ഒന്നും ചെയ്യാമ്പറ്റുകില്ലെങ്കിലും അമ്പുനായരെന്ന തമ്പുരാൻ ഇങ്ങന്യാണ് പറഞ്ഞത്:

“സാമീടെ മനേന്ന് വായ്പനെല്ലെടുക്കാമ്പോകാ.”

ജോഗിമൂപ്പനും കുഞ്ഞനും ഒപ്പമുണ്ടായിരുന്നു.

കുട്ട്യാനേടെ വലുപ്പമുള്ള കൈപ്പാടനെ കണ്ട് സുബ്ബരായപട്ടർക്കും പട്ടരുടെ കണക്കപ്പൂജാരി മണിപ്പട്ടർക്കും സംശയം:

“ഈ പോത്തുപോലുള്ളോന് വല്ല എടച്ചിലൊള്ളതാണോ? അതോ പണിമടി കുഴിമടി ഉള്ളോനാണോ? ഇതൊന്നുമില്ലെങ്കി അമ്പുനായരെന്തിനാ ഇത്രേം ഊരൊള്ള അടിമേന പണയം വെക്കുന്നേയ്?”

സംശയം കേട്ട് പട്ടരുടെ മേനോക്കി കിട്ടൻനായർ പറഞ്ഞു:

“ഓനിക്ക് അടിമകളെ പണിപ്പിക്കാനറിയാഞ്ഞ്. അങ്ങ് പണം കൊടുത്തോ സ്വാമീ, പണയം വന്നോന്റെ എടച്ചിലും പൊളച്ചിലും പണിമടീം കുഴിമടീം ഞാൻ മാറ്റാം. ഓന്റെ ഊര് ഞാൻ



ചെളിയാക്കാം. പാറക്ക് മീത്തലെ മൊളങ്കൂട്ടോം കൈതക്കൂട്ടോം ഞാറക്കൂട്ടോം ഓമ്പറിക്കട്ടെ. ഞാറാകുമ്പോളേക്ക് ആടെ നല്ല വയലാരിക്കും; കൈത്തോട്ടിലെ വെള്ളം കേറി മറിയുന്ന നല്ല ഇരുപ്പൂവയല്."

തന്നെ എന്തിനീ തമ്പുരാക്കന്മാരിങ്ങനെ തുറിച്ചുനോക്കുന്നതെന്ന് കൈപ്പാടനാദ്യം മനസ്സിലായില്ല. തമ്പുരാക്കന്മാർക്ക് അയിത്തമുണ്ടാകാത്തത്ര ദൂരത്താണ് താൻ നിൽക്കുന്നത്, മരത്തിന് മറഞ്ഞ്. മുട്ടിന് കീഴേക്ക് തന്റെ തുണിക്കഷണം ഇറങ്ങിയിട്ടില്ല. തലയിൽ കാട്ടുവള്ളികൊണ്ടുപോലും ഒരു കെട്ടില്ല. എന്നിട്ടും തെറ്റുചെയ്ത ഒരടിമയെ നോക്കുമ്പോലെ തമ്പുരാക്കൾ തന്നെ തുറിച്ചുനോക്കുന്നു. എന്തിന്? ഇങ്ങനെ നോക്കാനെന്താ, താനവരുടെ അടിമയാണോ?

കൈപ്പാടൻ ഇത്രയും വിചാരിച്ചുതീർന്നില്ല, അതിനു മുമ്പ് കൈപ്പാടന്റെ എടച്ചിലളക്കാനുള്ള മേനോക്കിയുടെ അളവുകോല് കൈപ്പാടന്റെ പുറത്തു വീണു.

പൊളഞ്ഞുപോയി കൈപ്പാടൻ, കൂഞ്ഞിക്കൂടിപ്പോയി കൈപ്പാടൻ. അടിച്ചൂടിൽ കൈപ്പാടനു കാര്യം തിരിഞ്ഞു: കൈപ്പാടനെന്ന അടിമയെ അമ്പുനായരെന്ന ഉടമ സുബ്ബരായപട്ടർക്കു കൈമാറിയിരിക്കുന്നു!

കൈപ്പാടൻ തന്റെ കൂട്ടത്തിൽ വന്ന മൂപ്പൻ ജോഗിയെയും കുഞ്ഞനെയും നോക്കി. അവർ മരത്തിനു പിന്നിൽ മറഞ്ഞുനിൽക്കുകയായിരുന്നു.

അവർക്കും പിറകിൽ,

അങ്ങിങ്ങ് കാട്ടിൽ പതുങ്ങിക്കിടക്കുന്ന തന്റെ കൂട്ടരെ അവനധികം കാണാനായില്ല.

അവന്റെ കാഴ്ചപ്പാടിലാകെ കോട നിറഞ്ഞുമറിഞ്ഞു; ആകാശം പോലും മറച്ച കോട. കൂട്ടക്കാരുടെ തുടിയൊച്ച കേട്ടില്ല, കുഴലൂത്ത് കേട്ടില്ല.

"നട നായിന്റെ മോനെ ഇതിലേ-" പട്ടരുടെ മേനോക്കി കിട്ടൻനായർ അലറി.

കഞ്ഞിപ്പത പൊങ്ങുമ്പോലെ കൈപ്പാടന്റെയുള്ളിൽ പേടി തിളച്ചുപൊന്തി. കോടമഞ്ഞിന്നടിവാരത്തിലൂടെ, ഇടങ്കാലിനും വലങ്കാലിനും തല്ലുകൊണ്ട്, മേനോക്കി തെളിച്ച വഴിയേ കൈപ്പാടനെന്ന അടിമ നടന്നു; കൈപ്പാടന്റെ പുതിയ തമ്പുരാമ്പാടത്തേക്ക്.

എട്ട് ഉറുപ്പികയ്ക്കാണ് കൈപ്പാടൻ എന്ന അടിമയെ അമ്പുനായരെന്ന ഉടമ സുബ്ബരായപട്ടർക്ക് പണയംവച്ചത്.

* * * * * * * *

മാളിമലയിൽ,

അമ്പുത്തമ്പുരാന്റെ രണ്ടാം കൂകിച്ച കേട്ട് ജെവരപ്പെരുമൻ ഒന്നിളകിപ്പോയി. എത്ര നേരമായി ഇരിക്കുന്നു. ഒറ്റ ഇരിപ്പ്.

ഒരു പുതിയ തുടിച്ചൊല്ലിന്റെ തരിമ്പുപോലും ഉള്ളിലുറയ്ക്കുന്നില്ല. വിഷമംപിടിച്ച കാര്യമാണ്, കൈപ്പാടൻ പറഞ്ഞിട്ട് പോയിരിക്കുന്നത്. പുതിയ തുടിച്ചൊല്ലുണ്ടാക്കാൻ.

അടിയോരുടെ ജനനത്തിനും മരണത്തിനുമിടയിലെ എല്ലാ ആചാരങ്ങൾക്കും തലമുറകളായി ചിട്ടപ്പെടുത്തിവച്ച തുടിത്താളങ്ങളുണ്ട്. അതുകളെ മിനുക്ക്യാ മാത്രം പോരെന്നാ കൈപ്പാടൻ പറയ്ന്നത്. പഠിച്ചതും അറിഞ്ഞതും വീണ്ടും വീണ്ടും കൊട്ടിയിട്ടെന്ത് കാര്യം? പുത്യ തുടിച്ചൊല്ലുണ്ടാക്ക്.

"ജെവരപ്പെരുമാ... കാട്ടില് പൂക്കാലം വരുമ്പം വണ്ടുകളുടെ മൂളിച്ചയ്ക്കും പക്ഷികളുടെ പാട്ടിനും കൂടുന്ന പുത്യ തുടിച്ചൊല്ലുണ്ടാക്ക്, ആകാശത്ത് മഴക്കാറിന്റെ ഒഴുക്കിന് കൂടുന്ന പുത്യ തുടിച്ചൊല്ലുണ്ടാക്ക്, ഇളങ്കാറ്റും ഇല്ലിക്കൂടും കൂടിയുണ്ടാക്കുന്ന താളമേളങ്ങൾക്ക് കൂട്ടുതുടിച്ചൊല്ലുണ്ടാക്ക്."

അങ്ങനെയങ്ങനെ കൈപ്പാടന്റെ ഉള്ളിലിരുപ്പ് പോലെ തുടിച്ചൊല്ലുകളുണ്ടാക്കാൻ ആർക്ക് പറ്റും?

"കൈപ്പാടാ, നിനക്ക് തന്ന്യേ പറ്റൂ...നിനക്ക് തന്ന്യേ പറ്റൂ."

“അതിന് സമയമെവിടെ ജെവരപ്പെരുമാ? നമ്മുടെ സമയങ്ങളെല്ലാം തമ്പുരാന്റേതാണ്. രാത്രിയും പകലും ഈ ജന്മവും അടുത്ത ജന്മവും നമ്മളെന്തു ചെയ്യണമെന്ന് തമ്പുരാനാണ് തീരുമാനിക്കുന്നത്.”

“ജെവരപ്പെരുമാ, പണിക്ക് പറ്റാണ്ടായ നാൾ മുതൽ, തമ്പുരാന് നിന്നെ ആവശ്യമില്ലാതായിരിക്കുന്നു. നമുക്കു നഷ്ടമായ ഈ ലോകത്തിന്റെയും പരലോകത്തിന്റെയും ഇടയിലെ ഈ അന്തിയിൽ, നിനക്ക് കുറച്ചുനേരം വെറുതെ ഇരിക്കാം. സൂര്യഭഗവാന്റെ കളികള് കണ്ടിരിക്കാം. അന്തിച്ചോപ്പ് കാണാം. ചന്ദ്രഭഗവാനും വെള്ളമേഘങ്ങളും ഓടിക്കളിക്കുന്നത് കണ്ടിരിക്കാം, നിലാവ് കാണാം. പിന്നെ, പക്ഷികൾ! പാട്ടുകൾ! പൂക്കൾ! മഴപ്പാട്ടുകൾ! മലകൾ! നക്ഷത്രങ്ങൾ! ജെവരപ്പെരുമാ, നീ കാണുന്നതും കേൾക്കുന്നതും നിന്റെ തുടിയിലൂടെ ഞങ്ങളെയും കേൾപ്പിക്കുക. ഞങ്ങളിവിടെയാണ്, തമ്പുരാമ്പാടത്ത്. കാരണോന്മാർ ചെയ്തതുപോലെ, തമ്പുരാമ്പാടം വലുതാക്കുകയാണ്. ജെവരപ്പെരുമാ...ഒരു പൂക്കാലത്തുടി...”

“നോക്കട്ടെ മോനേ, നീ വരുമ്പോഴേക്കും ഒരു പുതിയ തുടിച്ചൊല്ല്. പക്ഷേ, മെല്ലെമെല്ലെ തുടി മുട്ടിത്തുടങ്ങുമ്പോഴേക്കും കൈപ്പാടാ, ഉള്ളില് നിന്നെ കാണാത്തതിലുള്ള നൊമ്പരം കുഴലൂതിത്തുടങ്ങുന്നു. രാവിലെ മുതൽ തുടങ്ങ്യതാണ്, പല വിചാരങ്ങളുടെ ഈ കുഴലൂത്ത്!”

ഇതറിഞ്ഞ മുത്ത പറഞ്ഞു:

“നിർത്ത്, നിന്റെ കുഴലൂത്ത്. ഞാൻ ശ്വാസം മുട്ടി ചാകണ്ടേല് നിർത്ത്. കൈപ്പാടനെ തമ്പുരാൻ നെല്ലെടുക്കാൻ കൂട്ടീതല്ലേ? അതിന്നെടേലെന്താകൂന്നാ നീ പറയുന്നെ? കൈപ്പാടനെ കൊല്ലൂന്നോ? കൈപ്പാടനെ വിക്കൂന്നോ?”

“എന്റെ ജെവരാ, തമ്പുരാക്കന്മാരുടെ കാര്യം നിനക്കറിയാമ്മേലെ! നല്ല മേലനക്കി പണിയ്ന്ന കൈപ്പാടനെ അവര് വിക്കൂന്നാ! ഇങ്ങനെയുള്ള അടിമകളെ കിട്ടാൻ വേണ്ടിയാ അവര് കളിക്ക്ന്നെ, അപ്പള് കയ്യിലൊള്ളതിനെ വിട്ടുകളയ്യോ?”

“വിത്ത് മുക്കി പൊത്തിക്കഴിഞ്ഞാ കിളുക്കുമ്പരെ അതിന് ചുറ്റും കാവലാ, എറുമ്പ് പെറുക്കാതിരിക്കാൻ. വിത്ത് കിളുത്തൂന്ന് കണ്ട അന്ന് തുടീം പാട്ടാ. വിത്തിട്ട് കഴിഞ്ഞാ അത് പൊങ്ങുമ്പരെ അതിന് കാവലാ, പ്രാവ് പെറുക്കാതിരിക്കാൻ. ഞാറ് പൊങ്ങിക്കഴിഞ്ഞാ അതിനു കാവലാ, പന്നി ചപ്പാതിരിക്കാൻ. ഞാറു നട്ടാ അതിന് കാവലാ, വെള്ളക്കേടുണ്ടാകാതിരിക്കാൻ. കതിര് വന്നാ കാവലാ, ചാഴി കുടിക്കാതിരിക്കാൻ. പാലൊറച്ചാ കാവലാ, ആറ്റ കൊയ്യാതിരിക്കാൻ. അവൻ കാവൽമാടത്തിൽ കാവലിരുന്നാ ആന വഴിമാറിപ്പോകും. അങ്ങനത്തെ കാവൽപ്പാട്ടാ! ഇങ്ങനെയുള്ള ഒരടിമേനെ തമ്പുരാൻ പണയം വെയ്ക്കൂന്നാ! കൊല്ലൂന്നാ! വിക്കൂന്നാ! ജെവരാ, ഞാൻ നിന്റെ ഇളേവ ആയിക്കോട്ടെ. എന്നാലും എനിക്ക് തോന്നുന്നത്, ഇങ്ങനെയുള്ള ഒരടിമയെയും തമ്പുരാക്കള് വിട്ടുകളയൂലാന്നാ. ഇങ്ങനെയുള്ള അടിമകളല്ലേ ഉടയോര്ടെ വയലും കനവും വലുതാക്കുന്നത്? വെറുതെ ഓരോന്ന് പറഞ്ഞെന്നെ ശ്വാസം മുട്ടിക്കല്ലെ. കൈപ്പാടനെ പെറ്റില്ലെങ്കിലും മുലപ്പാലും മുത്തോം കൊടുത്ത് വളർത്ത്യ അമ്മേന്റെ നൊമ്പരം നിനക്കറിയാമ്മേലെ? ജെവരാ, അങ്ങന്യൊന്നും വിചാരിക്കാതെ, പറയാതെ.”

ജെവരപ്പെരുമനൊന്നും മിണ്ടിയില്ല. മുത്ത പറഞ്ഞതത്രയും സമ്മതിച്ച മട്ടിലിരിക്കുന്നു. മുത്തയ്ക്കൊരാശ്വാസാകട്ടെ. ഞാറ്റ്മ്മുടി എടുക്കാനായ നാൾ മുതല്, ഞാറ്റ്മ്മുടിപോലും എടുക്കാൻ വയ്യാണ്ടായ ഇക്കാലമത്രയും തമ്പുരാമ്പാടത്ത് പണിയെടുത്തിട്ടെന്താ, മുത്തയ്ക്കിനീം തമ്പുരാക്കന്മാരെ തിരിഞ്ഞിട്ടില്ല. കൈപ്പാടന്റെ ഉള്ളറിഞ്ഞ അമ്പുത്തമ്പുരാനെ മനസ്സിലായിട്ടില്ല.

തമ്പുരാക്കന്മാർക്ക് അടിമകളും പോത്തുകളും ഒന്നുതന്നെ. അടിമകള് പോത്തുകളെപ്പോലെ അവര് പറയുന്ന പണി എടുത്താ മതി. അതിൽ കൂടുതൽ കാവല് നടക്കണ്ട, മണ്ണിനെയും കൃഷിയെയും സ്നേഹിക്കണ്ട. തമ്പുരാക്കളുടെ മുന്നിൽ പോത്തുകളും അടിമകളും ഒന്നുതന്നെ.

തമ്പുരാക്കൾ പറയുന്ന പേടിപ്പിക്കുന്ന വാക്കുകളും ശബ്ദങ്ങളും കേട്ട് ഈ തമ്പുരാമ്പാടത്ത് വട്ടംതിരിയുന്ന പോത്തുകളും അടിമകളും അവർക്കൊന്നുതന്നെ.

"തമ്പുരാക്കള് നമ്മളെ പോത്തുകളെപ്പോലെ കരുതട്ടെ. നമ്മളും അങ്ങനെത്തന്നെ കരുതണന്നൊണ്ടോ?"

കൈപ്പാടൻ ചോദിക്കും:

"നമ്മളും പോത്തുകളും ഒന്ന്പോല്യാ? പോത്ത് ഞാറ്റ്കണ്ടത്തിലെറങ്ങ്യാണെ പുല്ല് തിന്നുമ്പോലെ അത് ഞാറ് തിന്നും. ഒരടിമ ഇത് കണ്ടാലോ, പോത്തിനെ ഞാറ്റിന്നെറക്കി ഓടിക്കും. എന്തിനാ, തമ്പുരാന്റെയാണേലും, കഞ്ഞിവെള്ളം പോലും നമുക്ക് കിട്ടുന്നില്ലേലും, അതിനെ ഓടിക്കുന്നെ? പറ ജെവരപ്പെരുമാ, എന്തിനാ?"

"ഞാറ് തിന്നാ പിന്നെ നെല്ലൊണ്ടാകോ?"

"ഒണ്ടാകൂല. മണ്ണും നമ്മളും കൂട്യാ കിട്ട്ന്ന വിള നമുക്കറിയാം. ഈ അറിവ്തന്നെ ഒരു മാറ്റല്ലേ? നമുക്കറിയാം ഈ കാടുവെട്ടാൻ, നമുക്കറിയാം വയലുണ്ടാക്കാൻ, കാവല് നടക്കാൻ, കൊയ്യാൻ, ഒക്കലിടാൻ, കുത്തി അരിയാക്കാൻ, വേവിച്ചുതിന്നാൻ...."

"നീ എന്താ പറയ്ന്നെ കൈപ്പാടാ? പറഞ്ഞ് പറഞ്ഞ് നീ കാട് കേറ്ന്നോ?"

ജെവരപ്പെരുമൻ കാട്ടിലേക്കു നോക്കിപ്പോയി.

കാടിറങ്ങി ഈരയും രാത്രിയും ഓടിവരുന്നു. കരടി ഓടിക്കുമ്പോലെ, കടന്നലോടിക്കുമ്പോലെ.

ഈര വന്നതേ ഒരു പെരുമഴയുടെ ആദ്യതുള്ളികളോടൊപ്പം കരഞ്ഞുപറഞ്ഞു:

"മാമാ...കൈപ്പാടനെ തമ്പുരാൻ പണയം വെച്ചേയ്."

കേട്ടതേ, മുറുകിയിരുന്ന ജെവരപ്പെരുമന്റെ തുടിവള്ളി പൊട്ടിപ്പോയി. മുത്തയ്ക്കിത് വിശ്വസിക്കാനായില്ല. വയ്യെങ്കിലും ജോഗിയുടേം കുഞ്ഞന്റേയും അടുക്കലേക്ക് പാഞ്ഞു. അവര് കൂട്ടത്തി പോയോരല്ലേ. വിശ്വാസായപ്പൊ മുത്തയുടെ നെഞ്ച് തിങ്ങി; ചുമയും എണ്ണിപ്പറച്ചിലുകളും പൊട്ടി. സ്വന്തക്കാരും മൻറക്കാരും ഓടിക്കൂടി. ചമ്പി എത്തി, ജെവനി എത്തി, കാക്കിരിയെത്തി, ചമയനെത്തി, ചിക്കണ്ണനെത്തി, കാട്ടില് മരുന്നു പറിക്കാൻ വന്ന തമ്പുരാന്റെ എടത്തിലെ ചാമി പോലുമെത്തി.

"എന്താ എന്താ, ഈടെയൊരമ്പരപ്പ്?"

തമ്പുരാനല്ലെങ്കിലും തമ്പുരാന്റെ എടത്തിൽ തമ്പുരാക്കൾടെ സൂക്കേട് മാറ്റാൻ വന്ന ചാമീനെക്കണ്ട് മുത്തയുടെ എണ്ണിപ്പറച്ചില് പേടിച്ചു നിന്നു.

"എന്താ... എന്താ... എന്താ?"

ചാമിക്ക് കാര്യമറിയണം. കരഞ്ഞോരാരും കാര്യമ്പറഞ്ഞില്ല. ക്ര്ക്രാന്ന് കുഞ്ഞനോടോരോ കൈപ്പാടദോഷങ്ങൾ പറഞ്ഞിരുന്ന തമ്പുരാന്റെ ജോഗിമൂപ്പൻ കാര്യമ്പറഞ്ഞു:

"കൈപ്പാടനെന്ന അടിമയെ പണയം വെച്ചേനാ..."

കാര്യമറിഞ്ഞ ചാമിക്ക് വിസ്മയം- അടിമകൾക്കും ഇത്തരം ദു:ഖോ! ചാമിക്ക് അതൊരു പുതിയ അറിവായിരുന്നു.

ചാമിയെ കണ്ട് നിന്നുപോയ അങ്കലാപ്പും അമ്പരപ്പും ചാമി പോയിട്ടും ഉയർന്നില്ല. തമ്പുരാക്കളെ പേടിച്ച് അവയെല്ലാം മൗനത്തിന്റെ കൊരവയിലെത്തി.

"നിങ്ങളിങ്ങനെയിരുന്നാലോ, ഇതൊക്കെ സാധാരണല്ലേ? നിങ്ങളെന്തേലും കഴിക്കിൻ."

കുറച്ചുകഴിഞ്ഞപ്പോൾ ചില അമ്മമാർ അവരുടെ അത്താഴപ്പങ്കിന്റെ പങ്കുമായെത്തി.

"തിന്നാൻ തോന്നുന്നില്ല" - ജെവരപ്പെരുമൻ.

"ഇനി എന്നാ തിന്നാനാ" - മുത്ത.

'വേണ്ടാഞ്ഞാ' - ഈര.

"ഏയ് കാക്കിരീ, ചമയാ, ചമ്പീ, ജെവനീ...നിങ്ങളെല്ലാം ഇവിടെയിങ്ങനെ കുത്തിയിരുന്നിട്ടെന്താ കാര്യം? നിങ്ങളൊന്നും തിന്നാതിരുന്നാ കൈപ്പാടനിങ്ങെത്ത്വോ? ജെവരാ, നീ

എന്തെല്ലാം കണ്ടിട്ടുള്ളതാ, വല്ലതും തിന്ന്. മുത്തേ, എണീക്ക്, വല്ലതും കഴിക്ക്. ഈരേ, മാമനേം അമ്മേനേം വിളിച്ചെന്തെങ്കിലും കഴിപ്പിക്ക്."

കരിച്ചി നിർബന്ധിച്ചു.

"കെമ്പി കൈപ്പാടനെ പെറ്റൂന്നേള്ളൂ. എന്റെ ഈ മൊല കുടിച്ചാ കൈപ്പാടൻ കരച്ചിലടക്കീത്; വിശപ്പാറ്റീത്. ജെവരന്റെ ഇടതുതോളിലും വലതുതോളിലും കിടന്നാ കൈപ്പാടനുറങ്ങീത്. ഈരേന്റേം നിങ്ങടേം കൂട്യ്യാക്കെ കളിച്ചു വളർന്നോനല്ലേ... നിങ്ങള് പറയിൻ മക്കളേ... അവനിത്തിരി തീയും തീറ്റേം അവിടെ കിട്ട്വോ?"

ഒരു കാറിച്ചയോടെ മുത്ത ചോദിച്ചു.

ആരും ഒന്നും മിണ്ടിയില്ല.

പുതിയ തമ്പുരാങ്കൂട്ടിലെ അടിമകളൊന്നും മിണ്ടുന്നില്ലെങ്കിലും, അവർക്കു തന്റെ നേരെ അലിവിന്റെ നോട്ടമുണ്ടെന്ന് കൈപ്പാടനറിഞ്ഞു.

പുകയുന്നതാണെങ്കിലും അവർ അവന് വിറകു കൊടുത്തു. അവർ കഴിക്കും മുമ്പ് കൂവയില അവന്റെ മുന്നിലും വച്ചു.

ഓരോ പിടി...ഓരോ കുഞ്ഞിപ്പങ്ക്.

അടിമകളും പോത്തുകളും തമ്മിലുള്ള വ്യത്യാസത്തിന്റെ ഒരു കുഞ്ഞിക്കൂന ഉയരുന്നതു കണ്ട്, അവന്റെ ഉള്ളിലുണ്ടായിരുന്ന കരിമ്പാറക്കുന്നിൽ ഉറവക്കണ്ണുകൾ തിളങ്ങി.

***(മാവേലി മൻറം)***

- "എട്ട് ഉറുപ്പികയ്ക്കാണ് കൈപ്പാടൻ എന്ന അടിമയെ അമ്പുനായർ എന്ന ഉടമ സുബ്ബരായ പട്ടർക്ക് പണയംവച്ചത്."

  "തമ്പുരാക്കൻമാർക്ക് അയിത്തമുണ്ടാകാത്തത്ര ദൂരത്താണ് താൻ നിൽക്കുന്നത്; മരത്തിന് മറഞ്ഞ്. മുട്ടിന് കീഴേക്ക് തന്റെ തുണിക്കഷണം ഇറങ്ങിയിട്ടില്ല."

  കേരളത്തിലെ പഴയകാല സാമൂഹികജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം ചിത്രങ്ങൾ ഈ വാക്യങ്ങളിൽ തെളിഞ്ഞുവരുന്നുണ്ട്? കുറിപ്പെഴുതുക.

- "ജെവരപ്പെരുമാ...കാട്ടില് പൂക്കാലം വരുമ്പം വണ്ടുകളുടെ മൂളിച്ചയ്ക്കും പക്ഷികളുടെ പാട്ടിനും കൂടുന്ന പുത്യ തുടിച്ചൊല്ലുണ്ടാക്ക്" -

  വണ്ടുകളുടെ മൂളലിനും പക്ഷികളുടെ പാട്ടിനുമനുസരിച്ച് തുടികൊട്ടാനുള്ള ജെവരപ്പെരുമന്റെ കഴിവിനെക്കുറിച്ചാണല്ലോ ഇവിടെപ്പറയുന്നത്. പെരുമന്റെയും കൂട്ടരുടെയും കലയ്ക്കും ജീവിതത്തിനും പ്രകൃതിയുമായുള്ള ബന്ധം വ്യക്തമാക്കുന്ന മറ്റെന്തെല്ലാം തെളിവുകൾ പാഠഭാഗത്തുണ്ട്? കണ്ടെത്തി എഴുതൂ.

- "തമ്പുരാക്കളുടെ മുന്നിൽ പോത്തുകളും അടിമകളും ഒന്നുതന്നെ"- ജെവരപ്പെരുമന്റെ ഈ അഭിപ്രായം നോവൽഭാഗത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

- അടിമകളും പോത്തുകളും തമ്മിൽ വ്യത്യാസമുണ്ടെന്ന് കൈപ്പാടൻ തിരിച്ചറിയുന്നുണ്ടല്ലോ. ഈ തിരിച്ചറിവിലേക്കു കൈപ്പാടനെ നയിക്കുന്ന ചിന്തകൾ എന്തൊക്കെയാവാം? കുറിപ്പെഴുതുക.

- "അവന്റെ ഉള്ളിലുണ്ടായിരുന്ന കരിമ്പാറക്കുന്നിൽ ഉറവക്കണ്ണുകൾ തിളങ്ങി"- കരിമ്പാറ, ഉറവക്കണ്ണുകൾ എന്നീ പ്രയോഗങ്ങൾ കൈപ്പാടന്റെ മനസ്സിനെയും അതിൽ വരുന്ന മാറ്റത്തെയും അവതരിപ്പിക്കുന്നതിനു യോജിച്ചതാണോ? ചർച്ചചെയ്യുക.

# ദാഹിക്കുന്നു ഭഗിനീ...

കുമാരനാശാൻ

**തൂ**മതേടും തൻ പാള കിണറ്റിലി-
ട്ടോമൽക്കൈയാൽ കയറുവലിച്ചുടൻ

കോമളാംഗി നീർ കോരിനിന്നീടിനാൾ
ശ്രീമാനബ്ഭിക്ഷുവങ്ങു ചെന്നർഥിച്ചാൻ:

"ദാഹിക്കുന്നു ഭഗിനീ, കൃപാരസ-
മോഹനം കുളിർ തണ്ണീരിതാശു നീ

ഓമലേ, തരൂ തെല്ലെ"ന്നതു കേട്ടൊ-
രാ മനോഹരിയമ്പരന്നോതിനാൾ:

"അല്ലല്ലെന്തു കഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതി മറന്നിതോ?

നീചനാരിതൻ കൈയാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?

കോപമേലരുതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി

ഗ്രാമത്തിൻ പുറത്തിങ്ങു വസിക്കുന്ന
'ചാമർ'നായകൻ തന്റെ കിടാത്തി ഞാൻ."



ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്:
"ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,

ചോദിക്കുന്നു നീർ, നാവുവരണ്ടഹോ!
ഭീതി വേണ്ടാ തരികതെനിക്കു നീ."

എന്നുടനേ കരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ.

പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.

***(ചണ്ഡാലഭിക്ഷുകി)***

- "ഭീതി വേണ്ടാ തരികതെനിക്കു നീ' -

  എന്തെല്ലാം ഭീതികളാവാം ചണ്ഡാലപ്പെൺകൊടിയുടെ മനസ്സിലുണ്ടായിരുന്നത്? കുറിപ്പെഴുതുക.

- "നീചനാരിതൻ കൈയാൽ ജലം വാങ്ങി-
  യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?"

  നീചനാരി, ആര്യന്മാർ എന്നീ വിശേഷണങ്ങൾ അക്കാലത്തെ സാമൂഹികാവസ്ഥ പ്രതിഫലിപ്പിക്കാൻ സഹായകമാണോ? ചർച്ചചെയ്യുക.

- "മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്;
  പശുവിന്റെ ജാതി പശുത്വമെന്നതുപോലെ!" (മനുഷ്യാണാം മനുഷ്യത്വം ജാതിർ ഗോത്വം ഗവാം യഥാ!)- ശ്രീനാരായണഗുരു.

  ഗുരുവിന്റെ ഈ നിരീക്ഷണത്തെ കാവ്യഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്ത് ലഘുപ്രഭാഷണം തയാറാക്കുക.

- "പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
  തന്വിയാണവൾ കല്ലല്ലിരുമ്പല്ല."

  മനുഷ്യമനസ്സിനുള്ള ഏതു സവിശേഷതയാവാം കവി ഇവിടെ സൂചിപ്പിക്കുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കഥയോ കവിതയോ തയാറാക്കുക.

- "തൂമതേടും തൻ പാള കിണറ്റിലി-
  ട്ടോമൽക്കൈയാൽ കയറു വലിച്ചുടൻ"

  "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
  കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ"-

  ഈ വരികളിലെ ഈണങ്ങൾ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതേ ഈണത്തിലുള്ള മറ്റു വരികൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കൂ.

# പനങ്കുറുക്കും താളുകറിയും

നാരായൻ

നനഞ്ഞ ഉടുമുണ്ടു മടക്കിക്കെട്ടി, വലതു കൈയിൽ പഴയൊരു കുഞ്ഞരിവാൾ, ഇടതു കൈമലർത്തി തലയ്ക്കു മുകളിൽപ്പിടിച്ച് തങ്കപ്പൻ വേഗം നടന്നു. തോട്ടരികിലൊരു കല്ലിൽക്കയറിനിന്ന് അവൻ മറുകരയിലേക്കു നോക്കി. വലിയൊരു പാറയുടെ ചളുക്കിൽ കുറേശ്ശെ മണ്ണുള്ളിടത്തു നിൽക്കുന്ന കാട്ടുചേമ്പുകൾ ഇലയാട്ടി വിളിക്കുന്നു. നേർത്ത മഞ്ഞനിറമുള്ള ഓരോ തണ്ടിനുമറ്റത്ത് വീതിയുള്ള ഓരോ ഇലകൾ. ഓരോ മൂടിനും നാലും അഞ്ചും വീതം. വളർച്ച മുറ്റിയതിനൊക്കെ പകുതി വിരിഞ്ഞ കൂമ്പിലയ്ക്കൊപ്പം കുലയും. പൊട്ടിയ കുലയ്ക്കെല്ലാം ചുവപ്പുനിറമുള്ള പോളയും നാക്കും.

ഇന്നിനി വേറെയെങ്ങും അന്വേഷിക്കേണ്ട. പക്ഷേ, അവിടെച്ചെന്നുപെടാൻ, പാറകളിലും കല്ലുകളിലും തട്ടി മലവെള്ളം ചാടിയൊഴുകുന്ന നടുക്കം; മഴയുടെ ശക്തികുറഞ്ഞ നേരം.

തങ്കപ്പൻ അരിവാൾ പിറകിൽ തിരുകി. തോടിനു നടുവിലുള്ള വലിയ കല്ലിലേക്കു കുതിച്ചൊരു ചാട്ടം. പിന്നെയും രണ്ടു കല്ലുകൾ മാറിച്ചാടി. മറുകരയിൽ, പതുക്കെപ്പതുക്കെ നാലുകാലിലിഴഞ്ഞ് വഴുക്കലുള്ള പാറകയറി. അരിവാൾ കൈയിലെടുത്ത് പുഞ്ചിരിയോടെ ചേമ്പിൻകൂട്ടത്തെ നോക്കി. നിവർത്ത കുടപോലെ നിൽക്കുന്ന ചേമ്പിലകൾ ഈറൻകാറ്റിലാടി.

ചേമ്പിൻതണ്ടുകൾ ഓരോന്നും അരിഞ്ഞു വീഴ്ത്തി. തണ്ടിന്റെ മുറിവിൽ തവിട്ടുനിറമുള്ള കറയുണ്ട്. ദേഹത്തു പറ്റിയാൽ ചൊറിഞ്ഞു വശംകെടും. തുണിയിലായാൽ മുറുക്കിത്തുപ്പിയതുപോലെ പാണ്ടാകും. നനച്ചാലൊന്നും പോവുകില്ല. മാറിമാറിയുടുക്കാൻ തുണിയോ അലക്കാൻ സോപ്പോ തങ്കപ്പനില്ല. അതെല്ലാമുണ്ടെങ്കിൽ, കാട്ടുതാളിന്റെ ആവശ്യവുമില്ല.



കൂമ്പു കുലയും വേണ്ടത്ര കിട്ടിയില്ല. മൂപ്പു കുറഞ്ഞ കുറേ ഇലകളും മുറിച്ചടുക്കി. എന്നിട്ടും പോരെന്ന വിചാരം. ചൊറിയനാണെങ്കിലും സാധനം താളല്ലേ. വെന്താൽ ഏറെയൊന്നും കാണുകയില്ല. കൂമ്പില വിടർത്തി കരടു നോക്കണം, കുലയുടെ നാക്കും കളഞ്ഞ് അരിഞ്ഞു കൊടുത്താൽ എളാമ്മ-രണ്ടാനമ്മ-കറിയാക്കും.

ഇലകൾ ഒന്നു വാടിക്കിട്ടിയാൽ, വീതി കുറച്ചു കീറി, ഞരമ്പു കളഞ്ഞ്, നീളത്തിൽ തിരി പോലെ തെറുക്കാം. വളച്ച് ഒരറ്റം ഉള്ളിൽ തിരുകി കെട്ടാക്കാം. അതൊക്കെ നാളത്തേക്ക് ബാക്കിയുണ്ടെങ്കിലാണ്.

താളെടുത്താൽ കൈ ചൊറിയും. കുടംപുളി ചേർക്കാതെ കറിവച്ചാൽ തിന്നാൻ കൊള്ളുകില്ല. ഉണക്കമീനിട്ടുവച്ചാൽ നല്ല രുചി. തേങ്ങ, വെളുത്തുള്ളി, ജീരകം - ഒക്കെ അരച്ചു ചേർത്താൽ നന്ന്. എന്നാലും ചോദിക്കും: താളല്ലേ കൂട്ടാൻ? താളുകറി കാണാനും മോശം; കെട്ടിക്കറിയാക്കിയാൽ  പെറുക്കിത്തിന്നാം.

കിട്ടിയതെല്ലാം ചെറിയൊരു കെട്ടാക്കിയിട്ട് തങ്കപ്പൻ തോട്ടിലേക്കു നോക്കി. ഒഴുക്കിന്റെ ശക്തി കുറഞ്ഞിട്ടുണ്ട്. മലയിൽ മഴ കുറവായിരുന്നു.

വേഗം മറുകര കയറി. കലക്കവെള്ളത്തിൽത്തന്നെ കുളിച്ച് ചേമ്പിലക്കെട്ടുമായി വീട്ടിലേക്ക്.

മുറ്റത്തെത്തുംമുമ്പേ ഒരാരവം. എത്തിനോക്കിയ തങ്കപ്പന് നെഞ്ചിലൊരിടർച്ച. സ്കൂളിൽപ്പോകാനുള്ള ഷർട്ടും മുണ്ടും അലക്കി ഉണക്കാൻ കയറിൽ നിവർത്തിയിട്ടിരുന്നതാണ്. കഷ്ടിച്ച് തോർന്നുകാണും, രണ്ടാനമ്മയുടെ മകൾ അമ്മിണിയെന്ന കോങ്കണ്ണി മുണ്ടെടുത്തുചുറ്റി ചവിട്ടി മണ്ണും ചളിയുമാക്കി.

"നെനക്കു വേറെയൊന്നും കണ്ടില്ലേടി?" ഒരു കരച്ചിലോടെ ഓടിച്ചെന്ന്, തങ്കപ്പൻ മുണ്ടു പിടിച്ചുവാങ്ങി. കീറ്റവായുള്ള കോങ്കണ്ണിയുടെ വീണുരുണ്ടുള്ള കുരവ കേട്ട്, അവളുടെ തള്ള ചാടിവന്നു. "എന്നതാടാ നീയെന്റെ കൊച്ചിനെ ക്കാണിച്ചെ?'' മുഴുത്തൊരു തെറിയും. മുഖത്തോ മുതുകിലോ എന്തെങ്കിലും വീഴും മുമ്പ് തങ്കപ്പൻ മുറ്റത്തു ചാടി, മഴയും നനഞ്ഞ്. എളാമ്മ ചാടിയില്ല. വയറ്റിലുള്ളതിന് ഇളക്കം തട്ടരുതല്ലോ. അതിനാൽ പറഞ്ഞു: "തന്തയിങ്ങുവരട്ടെടാ."

"ഇതു കണ്ടില്ലായിരിക്കും, ഞാന്നാളെ എന്നതുംകൊണ്ടാ, പള്ളിക്കൂടത്തീപ്പോണെ?"

"നെന്റെ പള്ളിപ്പൊത്തീപ്പോക്ക് ഇന്നത്തോടെ നിർത്തീല്ലെങ്കി, എന്നെ നീ ഇങ്ങനെ വിളിച്ചോ" - പട്ടിയെ വിളിക്കുംപോലെ വിരൽ ഞൊടിച്ചു. "ഓ, എന്നിട്ടു ഞാൻ പണിക്കുപോണൊണ്ട്, ഇരുന്നോ  എല്ലാരുംകൂടെ."

"നീ പോടാ, എങ്ങോട്ടാന്നാ."

"പോക്കാ, ഒറ്റപ്പോക്ക്."

മഴ അവന്റെ കണ്ണീരു കഴുകി. പറമ്പരികിലെ കയ്യാലയിൽച്ചെന്നുനിന്ന്  തിരിഞ്ഞുനോക്കി. തിണ്ണയിൽ എല്ലാവരുമുണ്ട്; അമ്മിണി, സരോജിനി, സുകു, സുമതി, ഇന്ദിര. തങ്ങളിൽ ഒന്നും ഒന്നരയുമൊക്കെ വയസ്സിളപ്പമുള്ള പട. തുണി കെട്ടി തൊട്ടിലാക്കി ഇളയതിനെ അതിലും പിന്നെയുമിളയതിനെ വയറ്റിലും. ആണ്ടക്കണ്ണി, നാണവും മാനവുമില്ലാത്ത വക. അവരെന്തൊക്കെയോ പറയുന്നുണ്ട്. അഞ്ചെണ്ണത്തിനെ ചുമന്നതിന്റെ വേദന തങ്കപ്പന്റെ എളിയിലും.

തങ്കപ്പന്റെ സങ്കടം അതൊന്നുമല്ല.

ആകെ രണ്ടു മുണ്ടും ഒരു ഷർട്ടുമേയുള്ളൂ; നന്നായിട്ടൊന്നു കുടഞ്ഞാൽ ഇറുന്നുവീഴാവുന്നത്. നിറംകെട്ട ഒരെണ്ണം ചുറ്റിയാണ് വീട്ടിലും ചുറ്റുവട്ടത്തുമൊക്കെ നടപ്പ്. മറ്റേതു പള്ളിക്കൂടത്തിൽപ്പോകാനും. സോപ്പില്ലാത്തതിനാൽ തോട്ടരികിലെ ചോനയുടെ കായ്കൾ തിരുമ്മിച്ചതച്ചാണ് അലക്കിയിട്ടിരുന്നത്. ചോനക്കായ എന്നുമുപയോഗിച്ചാൽ തുണി വേഗം കീറിപ്പോകും. മറ്റൊന്നു വാങ്ങിക്കിട്ടാൻ വല്ലാതെ വിഷമിക്കും.

ഉച്ചയ്ക്കു കഞ്ഞി കിട്ടും. അതുകൊണ്ടാണ് മുടങ്ങാതെ സ്കൂളിൽപ്പോകുന്നത്; അമ്മിണിയെയും സരോജിനിയെയും കൂടി കൂട്ടിത്തെളിക്കുന്നതും. പഠനോപകരണങ്ങളില്ല. ശല്യമി

ല്ലാതെ ഇരുന്നു പഠിക്കാൻ സൗകര്യവുമില്ല. ആരോടു പറയാനാണ്? അമ്മയുണ്ടായിരുന്നെങ്കിൽ... ഓർമകൾ അത്രവരെയാകുമ്പോൾ താനേ പൊട്ടിപ്പോകും.

സന്ധ്യയും മഴയും കൂട്ടിനു തണുപ്പുമായപ്പോൾ തങ്കപ്പൻ വീട്ടിലേക്കുതന്നെ തിരിച്ചു. മൺകട്ടകൾ വച്ചുണ്ടാക്കി, തേച്ചുമിനുക്കാത്ത ഒറ്റമുറിയും അടുക്കളയും പനയോല മേഞ്ഞത്. മുമ്പിലും പിറകിലും തിണ്ണയുണ്ട്.

വാരിക്കഷണങ്ങളും ഓലക്കീറുകളും കൊണ്ടാണ് ഇടയ്ക്കിടെ വാതിൽ കെട്ടിയുണ്ടാക്കുന്നത്. അസുരവിത്തുകൾ വലിഞ്ഞുകയറിയും ഓലക്കീറുകൾ വലിച്ചിളക്കിയും ഏറെ ശോഭകേടു വരുത്തി.

മണ്ണും ചാണകവും കുഴച്ചുമെഴുകിയ തറയിൽ ചില കുഴികളും നനവിന്റെ വട്ടങ്ങളും; കുട്ടികൾ മൂത്രമൊഴിച്ചു മാന്തിയും മഴ ചോർന്നു വീണുമുണ്ടായത്.

പടിഞ്ഞാറുവശത്തെ ഭിത്തിയോടു ചേർന്ന് ചെറുതൂണുകളിൽ ഇഴകളും വാരികളും വച്ചു കെട്ടി, പനയോല തിരുകി ഇറമ്പിനു നീളംകൂട്ടി, ഓലകൊണ്ടുതന്നെ ചുറ്റിലും മറച്ച തട്ടിലേക്കു തിണ്ണയിൽനിന്നു കയറാം, തട്ടിനുമേൽ അടുക്കായി വിരിച്ച രണ്ടു പഴഞ്ചാക്കുകൾ. രാത്രിക്ക് നല്ല തണുപ്പാകുമ്പോൾ തങ്കപ്പൻ മീതെയുള്ള ചാക്കിൽക്കയറി വളയും – പതിവ്.

ഇപ്പോൾ ഒരു രക്ഷയുമില്ല. മൂന്നുകൊല്ലമായി വീടു കെട്ടിമേഞ്ഞിട്ട്. ഇറമ്പയുടെ അറ്റം ദ്രവിച്ചടർന്നുപോയി. പലതിലും കുശുത്ത ഈർക്കിലേയുള്ളൂ. മേച്ചിലിൽ അവിടവിടെ വിള്ളലുണ്ടാക്കി അകത്തേക്കു നോക്കിച്ചിരിക്കുന്ന മാനം, ആ വഴിതന്നെ മഴയും ചോർന്നിറങ്ങും. ചാക്കിന്റെ പല ഭാഗവും നനഞ്ഞു. തട്ടിനു മുകളിൽ ദ്വാരങ്ങളുണ്ടായപ്പോഴൊക്കെ കഷണങ്ങളായി മുറിച്ച കമുകിൻപാളകൊണ്ട്, തങ്കപ്പൻ അതെല്ലാം അടച്ചുവച്ചു. ഇപ്പോൾ അതെല്ലാം മാനത്തിനു നേരെ വേലികെട്ടിയതുപോലെ.

തള്ളയില്ലാത്തവനെ കണ്ണീരുപ്പിട്ടേ കഞ്ഞി കുടിപ്പിക്കൂ – രണ്ടാനമ്മയുടെ വാശി. മകനെത്തല്ലി കൈതരിച്ചാലേ എന്തെങ്കിലും വാരിത്തിന്നാൻ തന്തയ്ക്കും രുചിയുള്ളൂ. കെടുമ്പുമണവും ചുവയുമുള്ള റേഷനരിക്കഞ്ഞിക്ക്, അലുത്ത ചാണകംപോലുള്ള താളുകൂട്ടാൻ തീരെ പൊരുത്തമല്ല. എന്നാലും പൊരിയുന്ന വയറിനൊരാശ്വാസം.

തങ്കപ്പൻ സ്കൂൾ കഴിഞ്ഞുവരുമ്പോഴാണ്, വഴിയരികിൽ നിൽക്കുന്ന വലിയ കുടപ്പനച്ചുവട്ടിൽ, മരംവെട്ടുകാരൻ പൊന്നച്ചനും തങ്കപ്പന്റെ അച്ഛനും. യക്ഷിപ്പന വെട്ടാനാണോ?

തങ്കപ്പൻ തലമറിച്ച് പനമുകളിലേക്കു നോക്കി. ഏറ്റവും മുകളിലായി കവിളിൽ കുറുകിയ തണ്ടോടെ ചെറിയ തണ്ടോലകൾ കുലച്ചു.

പകുതി പൊക്കമായതു മുതൽ ആ പനയുടെ ഓല ആരും വെട്ടാറില്ല. തടിയുടെ വണ്ണംകൂടുതൽ. മടൽ കൊഴിഞ്ഞ വളയങ്ങളിൽ ചവിട്ടിയും പിടിച്ചും കയറാൻ പറ്റുകില്ല, പോരെങ്കിൽ ഓലയ്ക്ക് പുഴുക്കേടും.

രാത്രിയായാൽ ആ പനയുടെ ഓലകളിൽ കാറ്റുലയുന്ന ശബ്ദം. യക്ഷികളുടെ സംഗീതമാണത്രേ. കേട്ടു ഭയന്നവരാരോ യക്ഷിപ്പനയെന്നു പേരിട്ടു.

ചെറിയ കല്ലുകളും ചുവന്നമണ്ണുമുള്ള ചറ്റപ്പുറത്താണ് യക്ഷിപ്പന നിൽക്കുന്നത്. നല്ല പൊടിയുണ്ടാകും. തങ്കപ്പൻ സ്വകാര്യംപോലെ പൊന്നച്ചനോടു ചോദിച്ചു: ''പന വെട്ടണൊണ്ടോ?''

"എന്തിനാടാ?"

"ഒരരിച്ചിലു തരുവോന്നറിയാൻ."

"വിറ്റുപോയെടാ."

സങ്കടം മനസ്സിലൂറുമ്പോൾ, അച്ഛനരിശം: "ഒരു പന, പോടാ വീട്ടില്.'' അമർഷത്തോടെ, പനയെ ഒന്നുകൂടി നോക്കിയിട്ട് തങ്കപ്പൻ നടന്നു.

അത്താഴം കുടിക്കുന്നതിനിടയിൽ എളാമ്മ അച്ഛനോടു പനയുടെ കാര്യം പറഞ്ഞു: "ആരാണ്ടിനു കോഴിക്കോ പന്നിക്കോ തീറ്റയ്ക്കു വിറ്റതാ. കിട്ടിയാലും ഇടിക്കാൻ നെന്നെ

ക്കൊണ്ടു പറ്റുവോ?" തങ്കപ്പനോർത്തു, മേടി ക്കാതിരിക്കാനുള്ള ന്യായമാണത്.

വാങ്ങിയവർ പന കഷണങ്ങളായി മുറിച്ചു കൊണ്ടുപോകും. പുറന്തോടുകളഞ്ഞ് ചെറു തായി കീറിയുണക്കും. മില്ലിൽപ്പൊടിച്ച് അരിച്ച്, നാരു കളഞ്ഞാൽ ഒന്നാംതരം തവിട്. ഉപ്പും മീൻപൊടിയും ചേർത്താൽ ഒന്നാംതരം കോഴി ത്തീറ്റ; പന്നിത്തീറ്റ. ഏതായാലും വെട്ടുന്നതു പൊന്നച്ചനല്ലേ, ഒരരിച്ചിൽ ചോദിക്കണമെന്നു തങ്കപ്പനുറച്ചു.

വേവലാതിയോടെയാണ് അവൻ പിറ്റേന്ന് സ്കൂളിൽനിന്നു പോന്നത്. ഓടിയെത്തിയ പ്പോൾ പന വീഴ്ത്തിയെന്നു മാത്രമല്ല, കഷണ ങ്ങളായി മുറിച്ചുതുടങ്ങി. അച്ഛനെ അവിടെങ്ങും കാണാനുമില്ല.

പച്ചമടലുള്ള ഭാഗത്തിനു താഴെയാണു ചങ്ക്; ഏറ്റവും കൂടുതൽ പൊടിയുള്ളിടം. പുറന്തോടു കളയാതെ, വണ്ടിച്ചക്രംപോലെ, വാൾ കൊണ്ട് അറുത്തുമുറിക്കുന്നു. ഓരോ വട്ടവും ഒരാൾക്കു പ്രയാസമില്ലാതെ കൊണ്ടുപോകാം. നനയുന്ന കണ്ണുകളോടെ തങ്കപ്പൻ പൊന്നച്ചനെ പല തവണ നോക്കി – കണ്ടില്ലെന്ന ഭാവം. അടു ത്തുചെന്നു വിങ്ങലോടെ വിളിച്ചു: 'പൊന്നച്ചാ.'

വാളിന്റെ എതിർതല പിടിക്കുന്നയാളിനോട് എന്തോ പറഞ്ഞ്, തങ്കപ്പനെ ഒന്നു നോക്കി, മൂന്നിഞ്ചോളം നീളത്തിൽ ഒരു കഷണം അറു ക്കാൻ തുടങ്ങി. മുറിച്ചുവച്ചിട്ടു ദേഷ്യഭാവത്തിൽ പറഞ്ഞു: "പള്ളിക്കൂടം വിട്ടാ അവനു വീട്ടിപ്പോ കാമ്മേല. ഇങ്ങനെ നോക്കിനിന്നു കൊതിവിട്ടാ പനത്തടിക്കു വയറ്റിലൊണ്ടാകില്ലേ? ഇതെടു ത്തോണ്ടുപോടാ വെക്കം."

അടിയിലൊരു പാളക്കഷണംവച്ച് തലയിൽക്ക യറ്റി. നല്ല ഭാരം. മുക്കിമൂളിയാണു വീട്ടിലെത്തി ച്ചത്. "ആരാ ഇതിപ്പ ഇടിക്കണത്?" രണ്ടാന മ്മയ്ക്കു ദഹനക്കുറവ്. മക്കൾപ്പട പച്ചയോടെ കൊത്തിപ്പറിച്ചു തിന്നുമെന്ന ഭാവം. തങ്കപ്പൻ ചിരിയോടെ മനസ്സിലോർത്തു – പന തിന്നാ നേ, ഇച്ചിരിപ്പാടൊണ്ട്.

ആരും സഹായിക്കില്ലെന്ന വിചാരത്തോടെ, തങ്കപ്പൻ പനക്കഷണത്തിന്റെ പുറന്തോട് വാക്കത്തികൊണ്ടു കുറേശ്ശെയായി വെട്ടിപ്പൊ ളിച്ചു. ചോറ് വിരൽവണ്ണമുള്ള കഷണങ്ങളാ ക്കാൻ തുടങ്ങി. ഇടിച്ചുപിഴിയാൻ പറ്റിയില്ലെ ങ്കിൽ ഉണക്കിവയ്ക്കാം. പിന്നെ എപ്പോഴെങ്കി ലുമിടിക്കാം. പക്ഷേ, മാനത്തിന്റെ കണ്ണു തോരുന്നതെപ്പോഴാണ്? അതുവരെ പനച്ചോറു വളിക്കാതെയും പൂപ്പൽ കയറാതെയുമിരി ക്കുമോ?

മക്കളുടെ ശല്യം മുറുകിയപ്പോൾ എളാമ്മ അച്ഛ നോടു പറഞ്ഞു: "അവനേതായാലും കൊണ്ടു വന്നു. ഇത്രയാക്കീല്ലേ? മക്കളാണെങ്കിൽ പച്ചയ്ക്കു തിന്നാനാ തൊടങ്ങണത്. ഒരാളിന് പുഴുങ്ങണം, വേറെയൊന്നിനു ചുട്ടു വേണം. രണ്ടു കുഴി ഇടിക്കാവോ?"

കാർന്നോര് ഇളകുമോ? തങ്കപ്പനൊളിഞ്ഞു നോക്കി. കക്ഷിക്ക് കോപം മൂക്കിന്റെ തുമ്പ ത്താണല്ലോ. പൊട്ടിയാൽ എല്ലാം വലിച്ചെ റിയും. തെറിയും തുടങ്ങും. മിണ്ടാതെ അങ്ങേര് മുറ്റത്തിറങ്ങിയപ്പോൾ, അത്ഭുതം തോന്നി, മഴയ്ക്കു നാണമായി. നനയാതെ ചാരിവച്ചി രുന്ന മരയുരൽ നിവർത്തിയിട്ടു. ചുറ്റില്ലാത്ത ഉലക്കയുമെടുത്തു. പനച്ചീളുകൾ വാരി ഉരലി ലിട്ടുകൊടുത്തത് എളാമ്മയാണ്. അച്ഛൻ ഇടി ക്കാൻ തുടങ്ങി.

മുക്കാൽഭാഗം വെള്ളമുള്ള കലത്തിൽ, അക ത്തേക്കു നടുവു താഴ്ത്തി തുണികെട്ടി, ഇടി ച്ചെടുത്ത പനച്ചോറു കലക്കിപ്പിഴിയാൻ എളാമ്മ തയാർ. മക്കൾപ്പട ചുറ്റിലും. ഇടിഞ്ഞ് ആരും തവിടുമായി കുഴഞ്ഞ പനച്ചോറ് ഉരലിൽ നിന്നു വാരി, തങ്കപ്പൻ മുറത്തിൽ വച്ചുകൊടുത്തു. കുറേശ്ശെ എടുത്ത് കലത്തിലെ തുണിയിലിട്ട് രണ്ടു കൈകളും കൂട്ടി ഞരടിയും തിരുമ്മിയും രണ്ടാനമ്മ പിഴിച്ചിൽ തുടങ്ങി.

അച്ഛൻ നാലഞ്ചു കുഴിയിടിച്ചു. വിയർത്തു കുളിച്ചു മാറിയിരുന്ന് ബീഡി കത്തിച്ചു. ഇടി യുടെ ഊഴം തങ്കപ്പനായി. ഒടുവിൽ കല

ത്തിന്റെ വായ്ക്കു കെട്ടിയ തുണിയഴിച്ചു തിരുമ്മിപ്പിഴിഞ്ഞു. വെള്ളത്തിൽ ലയിച്ച പൊടി കലത്തിനടിയിൽ ഉറയ്ക്കും. വെള്ളത്തിന്റെ മുകൾഭാഗം തെളിയും. അതു പതുക്കെ ഊറ്റിക്കളഞ്ഞ് വീണ്ടും വെള്ളമൊഴിച്ചു കലക്കിവയ്ക്കണം. നാലാവർത്തിച്ചാൽ നല്ല വെള്ളനിറമുള്ള പനമ്പൊടി. പച്ചരിപ്പൊടിയും കള്ളും ചേർത്തു കള്ളപ്പമാക്കാം; മധുരം ചേർത്താൽ മറ്റെന്തെങ്കിലും. ഒന്നിനും വഴിയില്ലെങ്കിൽ പൊടി വേവാൻ കണക്കിനു വെള്ളവും പാകത്തിന് ഉപ്പും ചേർത്ത് ഇളക്കി വേവിക്കാം. വെന്താൽ ഇറക്കിവയ്ക്കണം. പാത്രത്തിലെടുത്ത് പുളിങ്കറി ചേർത്തു കുഴച്ചുതിന്നാം. മീനോ ഇറച്ചിയോ ഉണ്ടെങ്കിൽ നല്ലത്.

മുക്കാൽ കലത്തോളം പൊടി. രണ്ടു നേരത്തേക്കുണ്ട്. മൂന്നാമത്തെ വെള്ളമൂറ്റിക്കൊണ്ട്, എളാമ്മ തങ്കപ്പനോടു പറഞ്ഞു: "അഞ്ചാറു താളു പറിച്ചോണ്ടുവാടാ, കൂട്ടാത്തിനൊന്നുമില്ലല്ലോ."

***(പെലമറുത)***

- പാഠഭാഗത്തെ പ്രാദേശികപദങ്ങൾ പട്ടികപ്പെടുത്തൂ. നിങ്ങളുടെ പ്രദേശത്തെ വാമൊഴിപ്പദങ്ങൾകൂടി ഉൾപ്പെടുത്തി നിഘണ്ടുരൂപത്തിൽ ക്രമീകരിക്കുക.
- "മാറിയുടുക്കാൻ തുണിയോ അലക്കാൻ സോപ്പോ തങ്കപ്പനില്ല. അതെല്ലാമുണ്ടെങ്കിൽ കാട്ടുതാളിന്റെ ആവശ്യവുമില്ല" - തങ്കപ്പന്റെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികളിൽ നിന്നു ലഭിക്കുന്നത്? കുറിപ്പെഴുതുക.
- "ഗതികെട്ടാൽ പുലി പുല്ലും തിന്നും" എന്ന പഴഞ്ചൊല്ലിലെ ആശയവും ഈ കഥയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? പരിശോധിച്ച് കുറിപ്പെഴുതാം.
- 'ശുദ്ധരിൽ ശുദ്ധൻ', 'ദാഹിക്കുന്നു ഭഗിനീ' എന്നീ കവിതകൾ താരതമ്യം ചെയ്ത് സാമൂഹികപ്രശ്നങ്ങളോടുള്ള കവികളുടെ പ്രതികരണത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക. നിങ്ങൾ വായിച്ചിട്ടുള്ള മറ്റു കവിതകളും പ്രയോജനപ്പെടുത്താവുന്നതാണ്.



# 4

# ജീവിതത്തിന്റെ തുടിതാളം

*“പുഞ്ചവയൽച്ചിറയുറക്കണ തോറ്റംപാട്ട്*
*നെഞ്ചുരുകിപ്പാടണ മണ്ണിന്റെ മക്കടെ പാട്ട്”*

*തോറ്റംപാട്ടിന് കവി നൽകിയ വിശേഷണം നോക്കൂ.... ‘നെഞ്ചുരുകിപ്പാടണ പാട്ട്’. ഇങ്ങനെ പറയുന്നതെന്തുകൊണ്ടാവാം? ഒരു തോറ്റംപാട്ട് കേൾക്കാം.*

## നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!

**പൊ**ലിക പൊലിക പൊലിക ദൈവമേ
പൊലിക പൊലിക പൊലിക ദൈവമേ,
ആദിയിൽ വച്ചൊരു അരിയും പൊലിക
കത്തിച്ചുവച്ചോരു ദീപം പൊലിക,
ഊര് പൊലിക ഉലകം പൊലിക
നാട് പൊലിക നഗരം പൊലിക

* * * *

വൈനാടോൻ വൈനാടോൻ
വൈനാടോൻ പുഞ്ച
വൈനാടോൻ പുഞ്ചേലേ വഴിപോരുന്നേരം
അങ്ങ്ന്ന് വരുന്നത് ആരാണ് പോലും
അങ്ങ്ന്ന് വരുന്നത് കോറാള്പോലും
കോറാളെ കൂടെയൊരു കോയിലുമുണ്ട്
കോയില് കൂടെയൊരു മാച്ചറുമുണ്ട്.

തിരിതിരി തിരിതിരി കള്ളപ്പുലയാ
തിരിയെന്ന് ചൊന്നാ തിരിയുമോ നാങ്കൾ
തിരിയെന്നും ചൊന്നതിൻ കാരണമെന്ത്?
തിരിയപ്പറയണമെന്നോടിപ്പോഴേ
ഉക്കത്ത് കുഞ്ഞ്ണ്ട് തലയിലും കള്ള്
എങ്ങനടിയൻ വഴി തിരിയേണ്ട്
അങ്ങെല്ലാം കാടെങ്കിൽ ഇങ്ങെല്ലാം മുള്ള്
ഏറെപ്പറഞ്ഞാല് വഴിയൊട്ടും തിരിയാ
ഞാൻ തന്ന തോണി കടന്നില്ലേ ചൊവ്വറ്
തോണിക്കകത്ത് നീർ കണ്ടില്ലേ ചൊവ്വറ്
ഞാൻ തന്ന തേങ്ങയുടച്ചില്ലേ ചൊവ്വറ്
തേങ്ങയ്ക്കകത്ത് നീർ കണ്ടില്ലേ ചൊവ്വറ്
നാങ്കളെ കുപ്പയിൽ നട്ടൊരു തൃത്ത-
പ്പൂവല്ലോ നിങ്കളെ തേവന് മാല
നാങ്കളെ കുപ്പയിൽ നട്ടൊരു വാഴ-

പ്പഴമല്ലോ നിങ്കളെ തേവന് പൂജ
ചൊവ്വറ് പലർകൂട മോലോത്ത് കൂടും
നാങ്കൾ പലർ കൂട മന്നത്ത് കൂടും
വീരാളിചുറ്റി നടപ്പുണ്ട് ചൊവ്വറ്
മഞ്ചട്ടി ചുറ്റി നടപ്പുണ്ട് നാങ്കൾ
ചന്ദനം ചാർത്തി നടപ്പുണ്ട് ചൊവ്വറ്
ചേറുമണിഞ്ഞ് നടപ്പുണ്ട് നാങ്കൾ
പൊൻകോയ ചൂടി നടപ്പുണ്ട് ചൊവ്വറ്
മീങ്കോയ ചൂടി നടപ്പുണ്ട് നാങ്കൾ
ചൊവ്വർ പലർകൂട നാട് പഴുക്കും
നാങ്കൾ പലർകൂട തോട് പഴുക്കും

ആനപ്പുറത്തേറി ചൊവ്വറ് വരുമ്പോ
പോത്തിൻ പുറം കേറി നാങ്കൾ വരുവൻ
തിരുമുറ്റം ചുറ്റും നടപ്പുണ്ട് ചൊവ്വറ്
കളപ്പുര ചുറ്റും നടപ്പുണ്ട് നാങ്കൾ
നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!
നിങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!
പെരിയോന്റെ കോയിക്കൽ എല്ലാരും ചെന്നാൽ
അവിടേക്ക് നിങ്കളും നാങ്കളുമൊക്കും
പിന്നെന്തേ ചൊവ്വറ് കുലം പിശക്ന്ന്
പിന്നെന്തേ ചൊവ്വറ് കുലം പിശക്ന്ന്....

*(പൊട്ടൻതെയ്യത്തോറ്റം)*

സമ്പാദകൻ: **ഡോ.എം.വി. വിഷ്ണുനമ്പൂതിരി**

- “നാങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!
  നിങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര!
  പിന്നെന്തേ ചൊവ്വറ് കുലം പിശക്ന്ന്”

  “തന്നോടു വഴിമാറാൻ പറഞ്ഞവരോട് മാത്രമുള്ള ചോദ്യമല്ല ഇത്; അക്കാലത്തെ സമൂഹമനസ്സാക്ഷിയോടുള്ള ചോദ്യം കൂടിയാണ്” - ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? തോറ്റംപാട്ടിലെ സൂചനകൾ പരിശോധിച്ച് വിശദമാക്കുക.
- “നാങ്കളെ കുപ്പയിൽ നട്ടൊരു തൃത്ത-
  പ്പൂവല്ലോ നിങ്കളെ തേവന് മാല
  നാങ്കളെ കുപ്പയിൽ നട്ടൊരു വാഴ-
  പ്പഴമല്ലോ നിങ്കളെ തേവന് പൂജ”

  “കരയാതെ മക്കളേ, കൽപ്പിച്ചു തമ്പിരാൻ...
  ഒരു വാഴ വേറെ... ഞാൻ കൊണ്ടുപോട്ടെ!”

*(വാഴക്കുല - ചങ്ങമ്പുഴ)*

താൻ നട്ടുനനച്ചുണ്ടാക്കിയ വാഴക്കുല ജന്മിയുടെ കാര്യസ്ഥൻ വെട്ടിക്കൊണ്ടുപോകുമ്പോൾ അലമുറയിട്ടുകരയുന്ന മക്കളെ ആശ്വസിപ്പിക്കുന്ന മലയപ്പുലയന്റെ ഈ വാക്കുകൾ തോറ്റംപാട്ടിലെ വരികളുടെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

- കോറാളുടെ ആജ്ഞയ്ക്കു മുന്നിൽ വഴിമാറില്ലെന്നു പ്രഖ്യാപിച്ച ചിന്നപ്പുലയന് തന്റെ വാദങ്ങൾ യുക്തിസഹമായി അവതരിപ്പിക്കാൻ കഴിഞ്ഞോ? - ചർച്ചചെയ്യുക.
- പാട്ടിലെ പരിചിതമല്ലാത്ത പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തുക. അവയ്ക്കു സമാനമായി ഇന്നുപയോഗിക്കുന്ന പദങ്ങൾകൂടി കണ്ടെത്തി പതിപ്പാക്കാം.



# കൂളിയുടെ പുറപ്പാട്

**കാ**വിന്റെ ഒരു മൂലയിൽ നിന്ന് 'അയ്യപ്പതിന്തകത്തോം' എന്ന താളത്തിലുള്ള കൊട്ടുയരുന്നു. ആളുകളുടെ ആരവവും ആർപ്പുവിളിയും ഉയരുന്നു. കൂളിയുടെ പുറപ്പാടാണു കേൾക്കുന്നത്. കുട്ടികളും ചെറുപ്പക്കാരും മറ്റും തൂപ്പൊടിച്ച് കൈയിലേന്തി കൂളിയെ എഴുന്നള്ളിച്ചുവരുകയാണ്. കൂളിയുടെ ഓളികളും (പൂയ് പൂയ് വിളികളും) ഉണ്ട്. ഈ കൂളിയെഴുന്നള്ളത്ത് കളിവിളക്കിന്റെ അരങ്ങു വരെയുണ്ടാകും. തെള്ളിയും പന്തങ്ങളു മുണ്ട്. 'തൂപ്പും തുള്ളലു'മായാണു വരവ്. വേലകെട്ടിന്റെ താളം. കൂളി പീഠത്തിൽ വന്ന് ഇരിക്കുന്നു. മേളം അവസാനിക്കുന്നു.

കൊട്ടുകാർ : അല്ലാ, എന്താപ്പൊ പോന്നേ?

കൂളി : ഞാനോ, ഞാൻ എന്റെ അമ്മേ അന്വേഷിച്ചു പോന്നതാണ്.

കൊട്ടുകാർ : അമ്മ്യോ? ഏതമ്മ?

കൂളി : അമ്മെ അറിയില്ലേ? വലിയൊരു രൂപം; മലപോലെ. അമ്മ ഇങ്ങോട്ട് പോന്നിട്ടുണ്ട്. അവള്, കാളി എന്റമ്മ്യാ.

കൊട്ടുകാർ : അമ്മ എന്തിനാപ്പൊ പോന്നേ?

കൂളി : അതു മനസ്സിലായില്ലേ? ആ രണ്ടു പേരില്ലേ. അവരെ അന്വേഷിച്ച് പോന്നതാണ്.

കൊട്ടുകാർ : ഏതു രണ്ടു പേർ? എന്താ അവരുടെ പേര്?

കൂളി : ആ രണ്ടുപേർ, രണ്ടുപേര് എറങ്ങീട്ടുണ്ട്. അവരുടെ പേര് ഞാൻ പറയില്ല.

കൊട്ടുകാർ : അതെന്താ?

കൂളി : എനിക്കു പേട്യാ...

കൊട്ടുകാർ : എന്തിനാ പേടിക്കണേ?

കൂളി : അവരുടെ പേര് കേട്ടാൽ പേട്യാവും!

കൊട്ടുകാർ : ആഹാ! പേരുകേട്ടാൽ പേട്യാവോ? ഇത്ര വലിയ കേമന്മാരാണോ?

കൂളി : കേമന്മാരാണ്, പേട്യാവും. പേര് പറയണ്ട. അവരെ അന്വേഷിച്ചാ അമ്മ ഇറങ്ങിയിരിക്കുന്നത്.

(ഈ സംഭാഷണത്തിനിടയിൽ കൂളി പലതരം ഗോഷ്ടികൾ കാണിക്കുന്നു. വസ്ത്രം നേരെയാക്കുന്നു, തലമുടി ശരിയാക്കുന്നു. ഇടയ്ക്ക് 'അമ്മേയ്', 'പൂയ്' എന്നൊക്കെ വിളിക്കുന്നു. പ്രേക്ഷകർ കൂളിയെ പ്രോൽസാഹിപ്പിക്കാൻ അടുത്തുകൂടുന്നു. കൂളി ഇടയ്ക്ക് പ്രേക്ഷകരിൽ ചിലരെ നോട്ടംവയ്ക്കുന്നുണ്ട്. തുടർന്ന് 'മക്കളേയ്' എന്നു വിളിക്കുന്നുണ്ട്. കൊട്ടുകാരുടെ സംഭാഷണം അശ്രദ്ധമായാണു കേൾക്കുന്നത്.)

കൊട്ടുകാർ : ആരാണവര്? അവരുടെ പേര് ദാ...ന്നാണോ തുടക്കം?

കൂളി (പെട്ടെന്ന് ഞെട്ടി) : അയ്യോ...വേണ്ട. പേര് പറയേണ്ട.

കൊട്ടുകാർ : ദാരികനും ദാനവേന്ദ്രനുമാണോ?

(ഇതു കേൾക്കുമ്പോൾ കൂളി ഭയപ്പെടുന്നു. മേളം ഏകതാളത്തിൽ മുറുകുന്നു. കൂളിവേഷക്കാരന്റെ അഭിനയത്തിനനുസരിച്ചാണ് കൊട്ടുന്നത്. സംഭാഷണത്തിൽ പ്രേക്ഷകരും പങ്കെടുക്കുന്നു).

കൂളി : മക്കളേ...

പ്രേക്ഷകർ : എന്തോ...

കൂളി : ഇവിടെ ഉള്ളവരൊക്കെ എന്റെ മക്കളാണ്. ദെ, ഇവനെ കണ്ടില്ലേ? (ഒരാളുടെ അടുത്തുപോകുന്നു. അയാൾ പേടിച്ച് പിന്മാറുന്നു. കൈയിലെടുത്താലോ എന്ന പേടിയാണ്). ഇവന് എന്റെ ഛായയില്ലേ. എന്നെപ്പോലെ ഭംഗിയുള്ള മുഖം. ഇവൻ പതിനയ്യായിരത്തി ഒരുനൂറ്റി ഇരുനൂറ്റിപ്പതിനഞ്ചാമത്തെ പുത്രനാ. കൊള്ളില്ല, പോക്കാ (അവനെ എടുക്കാൻ ശ്രമിക്കുമ്പോൾ ഓടിപ്പോകുന്നു.)

കൊട്ടുകാർ : ഇത്രയധികം മക്കളുണ്ടോ? പതിനയ്യായിരത്തി ഒരുനൂറ്റി ഇരുനൂറ്റിപ്പതിനഞ്ചാമത്തെ പുത്രനോ? ഇളേതാണോ?

കൂളി : അല്ല.

കൊട്ടുകാർ : പിന്നെ?

കൂളി : മൂത്തപുത്രൻ, അവൻ തൊലഞ്ഞുപോയി (ആരെയോ അന്വേഷിക്കുന്നതായി അഭിനയിക്കുന്നു. കാണികളുടെ ഇടയിലേക്കു പ്രവേശിക്കുന്നു).

കൂളി : ഇവിടെ എന്റെ ഒരു മകനെ കാണണമല്ലോ. ഇവിടെ എവിടെയോ ഉണ്ട്.

(എന്നുപറഞ്ഞ് കൂളി ആളുകളുടെ ഇടയിലേക്കു പ്രവേശിക്കുന്നു. നോട്ടംവച്ചയാൾ ഓടുന്നു. കൂളി നോട്ടംവച്ച ഒരാളെ പിടികൂടി രണ്ടു കൈയിലും എടുത്തു കൊണ്ടുവരുന്നു. ആളുകൾ ആവേശഭരിതരാകുന്നു. കൂളി പീഠത്തിലിരിക്കുന്നു. ആളെ മടിയിലിരുത്തുന്നു. മിക്കവാറും മധ്യവയസ്കരായിരിക്കും. അല്ലെങ്കിൽ കുട്ടികൾ).

കൊട്ടുകാർ : ഇയാളാണോ മകൻ?

കൂളി : ആ... കിട്ടിപ്പോയ്. ഇവനെന്റെ മൂത്തമോന്റെ ഇളേതാ. എന്റെ മോനെ കിട്ടിപ്പോയ്. അവന് മുല കൊടുക്കട്ടെ.

(എന്നുപറഞ്ഞ് താലോലിക്കുന്നു; താരാട്ടുന്നു. പ്രേക്ഷകർ ഈ കളിരസത്തിൽ പങ്കാളികളാകുന്നു. അതുകഴിഞ്ഞ് പെട്ടെന്ന് എഴുന്നേൽക്കുന്നു. മടിയിലിരുന്ന് 'കുട്ടി' മൂത്രമൊഴിച്ചതായി സങ്കൽപ്പിച്ച് മനോധർമാഭിനയം നടത്തുന്നു. മൂത്രം തട്ടിക്കളയുന്നതായി അഭിനയിക്കുന്നുണ്ട്. തുടർന്ന് വിളക്കിൽനിന്ന് എണ്ണയെടുത്ത് അനുഗ്രഹിച്ചുവിടുന്നു. വേറെ ചിലരെ എടുക്കാൻ നോട്ടമിടുന്നുണ്ട്).

കൊട്ടുകാർ : അല്ല, എന്തിനാ വന്നതെന്ന് പറഞ്ഞില്ലല്ലോ?

കൂളി : പറഞ്ഞില്ലേ, അമ്മയെ കാണാനാണ്.

കൊട്ടുകാർ : ന്നാ അമ്മയെ വിളിക്ക്യാ...

കൂളി : വിളിക്കണോ? വിളിക്കാം. അമ്മേ....... (പതുക്കെയാണ് വിളിക്കുന്നത്)

കൊട്ടുകാർ : അയ്യോ! ഇങ്ങനെ വിളിച്ചാൽ അമ്മ കേൾക്കും. അതുകൊണ്ട് പതുക്കെ വിളിക്ക്യാ.

കൂളി : അമ്മേ (എന്ന് ഉറക്കെ വിളിക്കുന്നു. ശബ്ദത്തിൽ മാറ്റം വരുത്തിയാണ് വിളിക്കുന്നത്. പ്രേക്ഷകർ ഒപ്പം ആരവമിടുന്നു. അരങ്ങിൽ ചുറ്റിനടക്കുന്നു).

കൂളി : ഒരു കാര്യം മറന്നുപോയി.

കൊട്ടുകാർ : അതെന്താണ്?

കൂളി : ഒന്നു ചുന്ദരിയാകണം. അടിച്ചില്ല, തെളിച്ചില്ല, കുളിച്ചില്ല.

കൊട്ടുകാർ : അന്നാ കുളിക്ക്യല്ലെ?

കൂളി : കുളിക്ക്യേ, ഇവിടെ വച്ചോ?

കൊട്ടുകാർ : എന്തായാലും കുളികഴിഞ്ഞിട്ട് സുന്ദരിയാകണ്ടെ?

കൂളി : എനിക്കു ചുന്ദരിയാകണം.

(പീഠത്തിലിരുന്ന് കുളിയുടെ ചിട്ടവട്ടങ്ങൾ ഓരോന്ന് അഭിനയിക്കുന്നു. കൈയിൽ എണ്ണയെടുക്കുന്നതായി കാണിക്കുന്നു. എണ്ണയെടുക്കുമ്പോൾ ഒരു തുള്ളി കൈത്തണ്ടയിൽ വീഴും. അതു പോകാതിരിക്കാൻ തലയിലേക്കു തേയ്ക്കുമ്പോൾ ഉള്ളംകൈയിലുള്ള എണ്ണ പുറത്തു പോകും. തുടർന്ന് മുടി വിടർത്തുന്നു. പിന്നെ പീഠത്തിൽ കയറിനിന്ന് വെള്ളത്തിൽ മുങ്ങുന്ന പോലെ കാണിക്കുന്നു. തുടർന്ന് മുങ്ങാങ്കുഴിയിട്ട് നീന്തുന്നതായി അഭിനയിക്കാൻ താഴേക്കു ചാടുന്നു, നീന്തുന്നു. അപ്പോൾ മൂക്കിൽ വെള്ളം കയറും. പീഠത്തിൽ കയറിനിന്ന് തോർത്തുന്നു. ഇതിനിടയ്ക്ക് സ്വയം ചില വർത്തമാനങ്ങൾ പറയുന്നുണ്ട്).

പ്രേക്ഷകർ : തോർത്തുന്നില്ലേ? (പ്രേക്ഷകർക്കും ചോദ്യങ്ങൾ ചോദിക്കാം).

കൂളി : നീ എന്റെ കുളി കാണാൻ വന്നതാണോ? തോർത്തുന്നത് കാണണില്ലേ. നീ എന്റെ മോനല്ലേ. നീ അവിടെ നിന്നോ. (മുടി വിടർത്തിക്കെട്ടി സുന്ദരിയായെന്ന് അഭിനയിക്കുന്നു നടക്കുന്നു).

കൂളി : എന്നെ കണ്ടാൽ ചുന്ദരിയല്ലേ?

കൊട്ടുകാർ : വേറെ എങ്ങുമില്ലെങ്കിൽ വളരെ സുന്ദരിയാണ്.

കൂളി : എന്നാൽ പൊട്ടുകുത്താം.

(വിളക്കിൽനിന്ന് എണ്ണയെടുത്ത് കൂളി പൊട്ടുതൊടുന്നു.)

കൂളി : ഇപ്പോൾ ഞാൻ ചുന്ദരിയായില്ലേ?

കൊട്ടുകാർ : അവസ്ഥ പഴയതുതന്നെ.

കൂളി : അന്നാ എനിക്ക് നിന്റെ ഛായയാണ്. എന്റെ അമ്മയ്ക്ക് ഇത്തിരി ശുത്തോക്ക കൂടുതലാണ്.

കൊട്ടുകാർ : അതിനെന്താ ചെയ്യേണ്ടത്?

കൂളി : ഇവിടെയൊക്കെ അടിച്ചു വൃത്തിയാക്കണം.

കൊട്ടുകാർ : അന്നാ ചെയ്തോളൂ.

പ്രേക്ഷകർ : അപ്പോ പല്ലുതേപ്പില്ലേ?

മറ്റൊരു പ്രേക്ഷകൻ : കുളി കഴിഞ്ഞിട്ടാണോ പല്ലുതേപ്പ്!

കൂളി : ഇവിടൊക്കെ ഇങ്ങനെയാണോ? ഞങ്ങടെ അവിടെ കുളികഴിഞ്ഞാണ് പല്ലുതേപ്പ്. (തുടർന്ന് കുരുത്തോല ഈർക്കിലിയെടുത്ത് നാക്കു വടിക്കുന്നതായി അഭിനയിക്കുന്നു. സ്വയം ഭക്ഷിച്ചുനോക്കി നല്ല സ്വാദു

ണ്ടെന്ന് അഭിനയിക്കുന്നു. നാക്കുവടിച്ചു കിട്ടുന്നത് പ്രേക്ഷകരിൽ ഒരാൾക്കു കൊണ്ടുചെന്നു കൊടുക്കുന്നു. തുടർന്ന് പല്ലുതേപ്പ്. അതിന് തൂപ്പെടുത്തു ശരിയാക്കുന്നു. വലിയ ഒരു തൂപ്പുകൊണ്ട് അതിശയോക്തിയോടെ പല്ലുതേയ്ക്കുന്നു. ഓരോ ആംഗ്യത്തിനുമനുസരിച്ച് മേളമുണ്ട്).

കൊട്ടുകാർ : അന്നാ ഇനി അടിച്ചുതളിയാകാം.

കൂളി : ആ മുറ്റമടിക്കണോ? മുറ്റമടിക്കാല്ലേ (തുടർന്ന് കൂളി തൂപ്പെടുത്ത് മുന്നോട്ടു കുനിയാതെ, പിറകോട്ടു കുനിഞ്ഞ് അടിച്ചുവാരുന്നു).

പ്രേക്ഷകർ : ഇതെന്താ ഇങ്ങനെ അടിച്ചുവാരുന്നത്? ഞങ്ങടെ അവടൊക്കെ മുമ്പിലേക്കാ അടിച്ചുവാരുന്നത്.

കൂളി : നിങ്ങൾക്ക് ഈ അവസ്ഥ കാണാൻ പാടില്ലേ? (വീർത്ത വയർ കാണിച്ചു കൊടുക്കുന്നു) എനിക്ക് കുനിയാൻ പാടില്ല. (കൂളി പിറകോട്ട് വളഞ്ഞ് അടിച്ചു തീർക്കുന്നു).

കൊട്ടുകാർ : അടിച്ചുകഴിഞ്ഞോ?

കൂളി : കഴിഞ്ഞു, ഇനി തളിക്കണം.

കൊട്ടുകാർ : ഇനി ചാണകം തളിക്കാം.

(കൂളി വിളക്കിനടുത്തു വച്ചിരിക്കുന്ന തെള്ളിയുടെ പാത്രമെടുത്തു തളിക്കുന്നതായി കാണിക്കുന്നു. അവസാനം കുറച്ച് തെള്ളിയെടുത്ത് വിളക്കിൽ എറിയുന്നു. അപ്പോൾ തീ പിടിക്കുന്നു. അറിയാതെ ചെയ്യുകയാണെന്നേ തോന്നൂ. പക്ഷേ, കൂളിയും പ്രേക്ഷകരും ഞെട്ടുന്നു. അഭിനയത്തിന്റെ മറ്റൊരു രംഗം സൃഷ്ടിക്കാനാണ് ഈ വ്യതിയാനം).

കൂളി : ഓ... ഇവിടെ പച്ചവെള്ളത്തിനു തീപ്പിടിക്കുന്ന കാലമാണ്.

കൊട്ടുകാർ : അതെന്താ അങ്ങനെ?

കൂളി : അതിവിടത്തെ ജനങ്ങളുടെ കുഴപ്പമാണ്.

പ്രേക്ഷകർ : തിരുവാതിരക്കളിയൊന്നുമില്ലേ?

കൊട്ടുകാർ : എന്നാ ഇനി എന്തെങ്കിലും കളികൾ പിള്ളേർക്ക് കാണിച്ചുകൊടുക്കല്ലേ?

കൂളി : എന്തു കളിയാണ് വേണ്ടത്?

കൊട്ടുകാർ : ഒരു തിരുവാതിരക്കളി ആയിക്കോട്ടെ.

കൂളി : അന്നാ... ഇനി കളിക്ക്യല്ലേ?

(കൂളി കാൽ പിറകോട്ടു നീട്ടി ചുവടുവയ്ക്കുന്നതുപോലെ കാണിക്കുന്നു).

കൊട്ടുകാർ : ഇതെന്താ, ഇങ്ങനെയാണോ തിരുവാതിര കളിക്കുന്നത്?

കൂളി : ഇപ്പോഴത്തെ തിരുവാതിരയൊക്കെ പശു തൊഴിക്കുന്നതുപോലെയാണ്.

കൊട്ടുകാർ : അതുപോരാ. ഇവിടെ ശരിക്കുള്ള ഒരു തിരുവാതിര കളിക്കണം.

കൂളി : ശരിക്കുള്ള തിരുവാതിര വേണല്ലേ?

(കൂളി വിളക്കിനു ചുറ്റും വെറുതെ നടക്കുന്നു. എന്തോ ആലോചിച്ചു നടക്കുന്നു).

കൊട്ടുകാർ : എന്താ വെറുതെ നടക്കുന്നത്?

കൂളി : ഞാനാലോചിക്കുകയായിരുന്നു.

പ്രേക്ഷകർ : വേഗം വേണം. അല്ലെങ്കിൽ ഇപ്പോ അമ്മ വരും (കൂളി ചുവടുവച്ചു കളിക്കുന്നു, പാട്ടുപാടുന്നില്ല).

കൊട്ടുകാർ : ഇതെന്താ, പാട്ടില്ലേ?

കൂളി : പാട്ട് എടുക്കാൻ മറന്നുപോയി!

കൊട്ടുകാർ : അതൊന്നും പോരാ. ഇവിടെ പാട്ടുള്ള തിരുവാതിര വേണം.

കൂളി : പാട്ടുപാടാം (തുടർന്ന് കൂളി ഏതെങ്കിലും തിരുവാതിരപ്പാട്ടു പാടി കളിക്കുന്നു. 'സുന്ദരാംഗാ കാന്താ എന്നെ ഒന്നെടുത്തിടാമോ' തുടങ്ങിയ ഏതെങ്കിലും തിരുവാതിരക്കളിപ്പാട്ടിന്റെ കുറച്ചു വരികൾ മാത്രം പാടിക്കളിക്കുന്നു).

കൂളി : (നിർത്തുന്നു) ഇത്രമതി, ബാക്കി മറന്നു.

കൊട്ടുകാർ : വേറെ കളിയൊന്നുമില്ലേ?

കൂളി : കോലുകളി വേണമെങ്കിലാകാം. പക്ഷേ, ഒരു കുഴപ്പമുണ്ട് - കോലില്ല (മേളക്കാരുടെ കൈയിൽ നിന്ന് കോലു വാങ്ങുന്നു. തുടർന്ന് കോലുകളി നടത്തുന്നു).

കൂളി : നായർ വിശന്നുവലഞ്ഞു വരുമ്പോൾ കായക്കഞ്ഞിക്കരിയിട്ടില്ല (കുറച്ചു മാത്രം അവതരിപ്പിക്കുന്നു).

കൊട്ടുകാർ : വളരെ കേമമായിട്ടാണ് കളികള്. ഇനി നിർത്തിക്കൊള്ളൂ. ഇനി എന്തിനാ വന്നിട്ടുള്ളതെങ്കിൽ അത് ചെയ്യ്യോ.......

കൂളി : അത് ഞാൻ ആദ്യം പറഞ്ഞതല്ലേ, എന്റെ അമ്മയെ തിന്നാൻ വന്നതാണ്. അവളുണ്ടായേപ്പിന്നെ എനിക്ക് ഗതിപിടിച്ചിട്ടില്ല.

കൊട്ടുകാർ : അമ്മയെ അവള്ന്ന് വിളിക്കാമോ?

കൂളി : ആദ്യം ഉണ്ടായത് അമ്മയാണെങ്കിലും മൂത്തത് ഞാനാ!

കൊട്ടുകാർ : എന്നാ അമ്മേ വിളിച്ചോളൂ.

കൂളി : (പ്രേക്ഷകരുടെ ഇടയിലേക്കു നോക്കുന്നു. തിരിച്ചുവന്നു പീഠത്തിൽ കയറി നിന്ന് അമ്മയെ വിളിക്കുന്നു) അമ്മേയ്, പൂയ്!

(ഇതിനിടെ കാളി പതുക്കെ വിളക്കത്തു വരുന്നു. കൂളി അതു കാണുന്നില്ല. ഈ സമയത്ത് മേളക്കാരൻ ചോദിക്കുന്നു).

കൊട്ടുകാർ : അവിടെ ഒരനക്കം കാണുന്നുണ്ട്. അതെന്താന്ന് നോക്കൂ.

കൂളി : അവിടെയോ?

(കൂളി പീഠത്തിൽ നിന്നിറങ്ങി നടക്കുന്നു. കൂളി അടുത്തേക്കു ചെല്ലുമ്പോൾ കാളി നടക്കുന്നു).

കൂളി : ഇതെന്താ സഞ്ചരിക്കുന്ന പർവതമോ?

കൊട്ടുകാർ : പർവതമോ? എന്നാൽ അതിന്റെ പിറകിൽ ചവിട്ടിക്കേറി നോക്കിക്കോളൂ.

(കൂളി കയറാൻ ശ്രമിക്കുന്നു. കാളി നടക്കുന്നതുകൊണ്ട് കൂളി ചവിട്ടാൻ തുടങ്ങുമ്പോൾ വീഴുന്നു. പിന്നീട് 'പൊഴിമാറ്റ്' ചവിട്ടിക്കേറാൻ തുടങ്ങുന്നു. പൊഴിമാറ്റിൽ പിടിക്കുമ്പോൾ കാളി തിരിയുന്നു. ഈ സമയം പേടിച്ച് പരിഭ്രമിച്ച് കൂളി ഓടുന്നു. കാളി ആംഗ്യഭാഷയിൽ കൂളിയെ വിളിക്കുന്നു. വരുന്നില്ല. കാളി അടുത്തേക്കു ചെല്ലുന്നു. കൂളി മാറിനിന്നു നോക്കുന്നു. വീണ്ടും കാളി അടുക്കുന്നു. അപ്പോൾ കൂളി നിലത്ത് ഒരു വര വരയ്ക്കുന്നു).

കൂളി : ഈ വരയ്ക്കിപ്രം കടക്കണ്ട. ഞാൻ എന്റെ അമ്മ തന്നെ ആണോന്ന് നോക്കട്ടെ (നോക്കുന്നു. കാളി വര മുറിച്ചുകടക്കുന്നു. കൂളി വരയ്ക്കപ്പുറം കടക്കുന്നു).

കൂളി : ഇനിയും മുറിഞ്ഞ് ഇക്കരയ്ക്ക് കടക്കല്ലേ. ഞാൻ നോക്കട്ടെ (വീണ്ടും കാളി കടക്കുന്നു).

എന്നാ ഞാൻ അപ്പുറത്തേക്കു പോകും (കടക്കുന്നു).

(പിന്നെ കാളി അനങ്ങാതെ നിൽക്കുന്നു. കൂളി സാവകാശം അടുത്തുചെന്ന് കാളിയെ തൊട്ടു നോക്കുന്നു. ആഭരണങ്ങളും ഉടുത്തുകെട്ടും പരിശോധിക്കുന്നു. ചില അവയവങ്ങൾക്കു മാറ്റ മുള്ളതായി അഭിനയിക്കുന്നു. തന്റെ ആഭരണങ്ങളുമായി ഒത്തുനോക്കുന്നു).

കൂളി : അമ്മ എവിടെയോ വീണുപോയി.

കൊട്ടുകാർ : അമ്മ തന്നെയാണോ? ഉറപ്പായോ?

കൂളി : അമ്മയ്ക്ക് ക്ഷീണമാണ്. അമ്മ മെലിഞ്ഞുമെലിഞ്ഞ് വൈക്കോൽത്തുറുപോലെയായി (പ്രേക്ഷകർ ചിരിക്കുന്നു). അമ്മ അവിടന്ന് പോന്നപ്പോൾ അവിടെ രണ്ട് ചേട്ടൻമാരുണ്ടായിരുന്നു. അവരെക്കാണാൻ അമ്മയെക്കാളും സുന്ദരന്മാരാ. അമ്മയെക്കണ്ടാ കൊല്ലുംന്നാ അവര് പറഞ്ഞിരിക്കുന്നത്. (ഇതു കേട്ട സമയം കാളി അട്ടഹാസം മുഴക്കി ആംഗ്യഭാഷയിൽ അവരാരാണെന്നു ചോദിക്കുന്നു. കൂളി കാളിയുടെ ചെവിയിൽ ദാരിക-ദാനവേന്ദ്രാദികളുടെ പേരു പറയുന്നു. 'അവരെവിടെ' എന്നു ചോദിച്ച് കാളി അട്ടഹസിക്കുന്നു. അമ്മയുടെ കൈയും പിടിച്ച് കൂളി അവരെ കാണിക്കാനായി കൊണ്ടുപോകുന്നു. കൈയും പിടിച്ച് നടക്കുന്ന സമയത്ത് തിരശ്ശീല പിടിക്കുന്നു. തിരശ്ശീലയുടെ പിന്നിൽ ദാരിക-ദാനവേന്ദ്രാദികൾ എത്തുന്നു).

***നാടോടിനേരരങ്ങ്*** — *സമ്പാദകൻ:* ***ജി. ഭാർഗവൻപിള്ള***

- "ഗ്രാമീണ കലാരൂപങ്ങളിലെ ഹാസ്യം ചിരിപ്പിക്കാൻ മാത്രമുള്ളതല്ല; ചിന്തിപ്പിക്കാനും കുടിയുള്ളതാണ്"- ഈ അഭിപ്രായം ശരിയാണോ? പാഠഭാഗം വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.
- കൂളി : ഓ, ഇവിടെ പച്ചവെള്ളത്തിന് തീ പിടിക്കുന്ന കാലമാണ്.
  കൊട്ടുകാരൻ : അതെന്താ അങ്ങനെ?
  കൂളി : അതിവിടത്തെ ജനങ്ങളുടെ കുഴപ്പമാണ്.

  -കൂളിയുടെ ഈ പരിഹാസം ഇന്നത്തെ സാമൂഹികസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വിശകലനംചെയ്യുക.
- പീഠത്തിലിരുന്ന് ചിട്ടവട്ടങ്ങൾ ഓരോന്ന് അഭിനയിക്കുന്ന കൂളിയെ കണ്ടല്ലോ. കൈയിൽ എണ്ണയെടുക്കുന്നതും എണ്ണ താഴെപ്പോകുന്നതും മുടിവിടർത്തുന്നതും വെള്ളത്തിൽ മുങ്ങുന്നതും നീന്തുന്നതും...

  ഈ ഭാഗം ക്ലാസിൽ അഭിനയിച്ചുനോക്കൂ..
- സ്റ്റേജ്നാടകങ്ങളുടെ അവതരണരീതിയും മുടിയേറ്റും തമ്മിൽ ഒട്ടേറെ സാമ്യവ്യത്യാസങ്ങളുണ്ട്. അവ എന്തെല്ലാമാണ്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കാം.



# നാടൻകലകളുടെ പകർന്നാട്ടം

എം.എൻ. കാരശ്ശേരി

കല എന്ന വാക്കിന്റെ ഒരർഥം ബാക്കി നിൽക്കുന്ന അംശം എന്നാണ്. സാംസ്കാരികജീവിതത്തിന്റെ അവശേഷമായി മനുഷ്യവംശത്തിൽ പുലരുന്നവയാണ് കലാരൂപങ്ങൾ.

ഏതെങ്കിലും വിധത്തിലുള്ള സൗന്ദര്യത്തിന്റെ ആവിഷ്കാരമായ കലാപ്രകടനങ്ങൾ ഇക്കാലത്ത് സാമാന്യമായി വ്യക്തികളുടെ സൃഷ്ടികളാണ്. സാഹിത്യകാരന്റെ എഴുത്ത്, നർത്തകിയുടെ ആട്ടം, ചിത്രകാരന്റെ വര മുതലായവ ഉദാഹരണങ്ങൾ.

പണ്ടു കലാവിഷ്കാരങ്ങൾ കൂട്ടായ്മയുടെ സൃഷ്ടികളായിരുന്നു. ഒറ്റയൊറ്റ വ്യക്തികളുടേതല്ല, അനേകം വ്യക്തികളുടെ സംഘാതമായ സമൂഹത്തിന്റേതാണ് അത്തരം രചനകൾ. തെയ്യം, തിറ, കോൽക്കളി തുടങ്ങിയവ ഉദാഹരണങ്ങൾ. ഇവയെ നാടിന്റെ കലാപ്രകടനങ്ങൾ എന്ന അർഥത്തിൽ നാടൻകലകൾ എന്നു വിളിക്കുന്നു. അവയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും പലദേശത്തും പലകാലത്തും ഉള്ള സമൂഹങ്ങൾ നാനാവിധമായ സംഭാവനകൾ നൽകിപ്പോരുന്നുണ്ട്.

സാമൂഹികനവോത്ഥാനം, സമുദായപരിഷ്കരണം, ദേശീയപ്രസ്ഥാനം തുടങ്ങിയ ആശയങ്ങൾ കേരളത്തിൽ ശക്തിപ്പെട്ടതോടെയാണ് ജാതിസമുദായങ്ങളായും മതസമുദായങ്ങളായും വേറിട്ടു ജീവിച്ചുപോന്നിരുന്ന മലയാളികൾ ഒരു പൊതുസമൂഹമാകാൻ തുടങ്ങിയത്. ഭാഷ, വിദ്യാലയം, യാത്ര, വേഷം, ഭക്ഷണം തുടങ്ങി അനേകം കാര്യങ്ങളിൽ ഒരേ കൂട്ടായ്മയുടെ പങ്കുകാരായിത്തീർന്ന കേരളീയർക്ക് ഒരു പൊതുസമൂഹത്തിലേക്കു പുരോഗമിക്കാൻ അധികകാലം വേണ്ടിവന്നില്ല. ഭൂപരിഷ്കരണം ജന്മി- കുടിയാൻ വ്യവസ്ഥയെ വേരോടെ പിഴുതെറിഞ്ഞത് ഇപ്പറഞ്ഞ പൊതുസമൂഹത്തിന്റെ സൃഷ്ടിക്ക് സഹായകമായി.

ജാതിവ്യവസ്ഥ ഓരോ ജാതിക്കും പ്രത്യേകം കുലവൃത്തി നിശ്ചയിച്ചിരുന്നു. ആശാരി, മൂശാരി, തട്ടാൻ മുതലായ ജാതിപ്പേരുകളിൽ അവരുടെ പാരമ്പര്യമായ തൊഴിൽ രേഖപ്പെട്ടുകിടപ്പുണ്ട്. അന്ന് ഒരു ജാതിക്കാർക്ക് അവരുടെ കുലത്തൊഴിൽ മാത്രമേ ചെയ്യാൻ അവകാശമുണ്ടായിരുന്നുള്ളൂ; മറ്റു സമുദായങ്ങളിൽ ജനിച്ചവർ ആ തൊഴിൽ ചെയ്യാൻ പാടില്ലായിരുന്നു.

കുലവൃത്തിയുടെ ഈ വിഭജനം കലാവൃത്തിക്കും ബാധകമായിരുന്നു. ചില കലാപ്ര

കടനങ്ങളുടെ പേരിൽ അത്തരം അടയാളങ്ങൾ കാണാം. മാതൃകയ്ക്ക് പുലയൻപാട്ട്, പാണപ്പാട്ട്, പുള്ളുവൻപാട്ട്, മണ്ണാർപാട്ട്, വേലർപാട്ട്, ബ്രാഹ്മണിപ്പാട്ട്, കണിയാൻപാട്ട് തുടങ്ങിയ പേരുകൾ ഓർത്തുനോക്കുക. ആ കലാരൂപങ്ങൾ അതത് ജാതിക്കാർ മാത്രമാണ് അവതരിപ്പിക്കുക. ചില ജാതിക്കാരുടെ കുല വൃത്തി തന്നെയും കലാവൃത്തിയായിരുന്നു എന്നതിന്റെ തെളിവാണ് ചാക്യാന്മാർ അഭി നയംവഴിയും മാരാന്മാർ ചെണ്ടകൊട്ടുവഴിയും ഉപജീവനം നേടണം എന്ന നിശ്ചയം.

അധ്വാനം, വിനോദം, ആഘോഷം, ആചാരം, അനുഷ്ഠാനം, ആയോധനം തുടങ്ങി ആളുകൾ സംഘം ചേരുന്ന സന്ദർഭങ്ങളിൽ നിന്നാണ് നാനാവിധമായ നാടൻകലാരൂപങ്ങൾ ഉരുവം കൊണ്ടത്. ഞാറുനടുമ്പോൾ അധ്വാനത്തിന്റെ ഭാരം കുറയ്ക്കുന്നതിനും തൊട്ടടുത്തുള്ള ആളു മായി സ്വന്തം വികാരവിചാരങ്ങൾ പങ്കുവച്ച് വൈരസ്യമകറ്റുന്നതിനും വേണ്ടി സ്ത്രീകൾ 'നാട്ടിപ്പാട്ട്' പാടുന്നു. വിവിധ പ്രദേശങ്ങളിലെ കൊയ്ത്തുപാട്ട്, തേക്കുപാട്ട് മുതലായ തൊഴിൽപ്പാട്ടുകൾ അധ്വാനത്തിന്റെ ശാരീരിക മായ ബുദ്ധിമുട്ടുകളെ മാനസികമായ ഉല്ലാസം കൊണ്ട് പ്രതിരോധിക്കുന്നവയാണ്.

വിശ്രമവേളകളിൽ ഒന്നിച്ചുകൂടി വിനോദിക്കാ നായി രൂപംകൊണ്ട കലാരൂപങ്ങൾ പലതുണ്ട്. കോൽക്കളി, പരിചമുട്ടുകളി എന്നിവ ഉദാഹര ണങ്ങൾ. വിവിധ പ്രദേശങ്ങളിൽ വിവിധ സമു ദായക്കാർ ഈ കലാരൂപങ്ങൾ കൊണ്ടുനടക്കു ന്നുണ്ട്. തെയ്യംതിറ, കുട്ടിച്ചാത്തൻതിറ, പൂതൻക ളി, മുടിയേറ്റ്, കെന്ത്രോൻപാട്ട് മുതലായ കല കൾ ഭിന്ന പ്രദേശങ്ങളിലെ അനുഷ്ഠാനവുമായി ബന്ധപ്പെട്ടവയാണ്. വിവാഹാഘോഷവുമായി ബന്ധപ്പെട്ട് ക്രിസ്ത്യാനികളുടെ മൈലാഞ്ചി പ്പാട്ട്, മുസ്‌ലിംകളുടെ ഒപ്പന എന്നിവപോലെ ഭിന്നപ്രദേശങ്ങളിൽ പല സമുദായക്കാർക്കും വ്യത്യസ്ത കലാപ്രകടനങ്ങളുണ്ട്. കളരിപ്പയറ്റ് ആയോധനകലയാണ്.

പോയകാലത്ത് കൂട്ടായ്മയെ നിയന്ത്രിച്ചിരു ന്നതു ജാതിയോ മതമോ പ്രദേശമോ തൊഴിലോ ആയിരുന്നു. അങ്ങനെ വ്യത്യസ്ത മായ കൂട്ടായ്മകളിൽ നിന്നു വ്യത്യസ്തമായ കലാരൂപങ്ങൾ ഉണ്ടായിവന്നു. പ്രാർഥന യിലോ ആംഗ്യങ്ങളിലോ ചുവടുകളിലോ ചില്ലറ വ്യത്യാസങ്ങൾ ഉള്ളപ്പോഴും അവയുടെ ഉള്ളടക്കം ഒന്നുതന്നെയായിരുന്നു. വിതയെക്കു റിച്ചുള്ള ആകാംക്ഷയും കൊയ്ത്തിന്റെ ആഘോഷവും വിവാഹത്തിന്റെ ആനന്ദവും നട പ്പുദീനത്തിന്റെ ആശങ്കയും ഒക്കെ എല്ലാ സമൂ ഹങ്ങളിലും തുല്യമായിരിക്കുമല്ലോ. ആ നിലയ്ക്ക് വിവിധ പ്രദേശങ്ങളിൽ വിവിധ സമൂഹങ്ങളിൽ നിലനിന്നുപോന്ന നമ്മുടെ നാടൻകലകൾ പരസ്പരപൂരകങ്ങളാണ്.

ഇന്നത്തെ ജനാധിപത്യസമൂഹം ആ പരസ്പ രപൂരകത്വം കണ്ടെടുക്കുകയാണ്. കലാരൂപങ്ങ ളുടെ അവതരണത്തിനും ആസ്വാദനത്തിനും ആചാരങ്ങളുടെ അതിരുകൾ തടസ്സമല്ല.

ഒന്നുരണ്ട് മാതൃകകൾ:

ക്ഷേത്രകലകൾ എന്ന് അറിയപ്പെടുന്നവയാണ് കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ എന്നിവ. എത്രയോ നൂറ്റാണ്ടുകാലം ക്ഷേത്ര പരിസരങ്ങളിലേക്കുപോലും പ്രവേശനമില്ലാ തിരുന്ന സമൂഹങ്ങൾക്കു സ്വാഭാവികമായും ആ കലാപ്രകടനങ്ങൾ ആസ്വദിക്കാൻ അവസരമു ണ്ടായിരുന്നില്ല. വള്ളത്തോളിന്റെ ഉത്സാഹ ത്തിൽ കലാമണ്ഡലം സ്ഥാപിതമായതോടെ കഥകളിക്കും മറ്റും ദേവാലയങ്ങളിൽനിന്നു പുറ ത്തിറങ്ങാൻ സൗകര്യം കിട്ടി. വിശ്വാസാചാര ങ്ങളുടെ വിലക്കുകൾ ബാധകമല്ലാത്ത വേദി കളിൽ അത്തരം കലാരൂപങ്ങൾ ഇടം കണ്ടെ ത്തിയതോടെ അവയുടെ അവതരണത്തിനും ആസ്വാദനത്തിനും മതമോ ജാതിയോ പ്രശ്ന മല്ലെന്നുവന്നു. കലാമണ്ഡലം ഹൈദരലി കഥ കളിസംഗീതത്തിന്റെ ആശാന്മാരിൽ ഒരാളായി രുന്നു.

കേരളീയ മുസ്‌ലിംകളുടെ കലാപ്രകടനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് മാപ്പിളപ്പാട്ട്. 'നീലക്കുയിൽ' എന്ന സിനിമയ്ക്കുവേണ്ടി പി. ഭാസ്കരൻ എഴുതിയ 'കായലരികത്ത്' എന്ന പാട്ട് കെ. രാഘവൻ ചിട്ടപ്പെടുത്തി പാടിയത് നമ്മുടെ കലാചരിത്രത്തിലെ ശ്രദ്ധേയമായ ഒരു സംഭവമാണ്. ആ പാട്ടിന്റെ പ്രചാരത്തോടെ മാപ്പിളപ്പാട്ട് ഒരു കേരളീയ അനുഭവമായിത്തീർന്നു. അതോടെ മാപ്പിളപ്പാട്ടിന്റെ രചന, ആലാപനം, ആസ്വാദനം എന്നിവയിലേക്ക് മതഭേദമില്ലാതെ ഓരോ കേരളീയനും പ്രവേശനം കിട്ടി.

ഇത്തരം കലാസ്വാദനങ്ങൾ ആ കലാരൂപങ്ങളുടെ സാധ്യത വിപുലീകരിക്കുന്നു; ഭിന്ന സമുദായങ്ങൾ തമ്മിലുള്ള അടുപ്പം വർധിപ്പിക്കുന്നു; കലയുടെ വിവിധ മേഖലകളിലേക്കു ജനാധിപത്യവും മതേതരത്വവും കൊണ്ടുവരുന്നു.


നമ്മുടെ നാടോടിക്കലകളിൽ പതിഞ്ഞു കിടക്കുന്ന ജാതിയുടെയോ സമുദായത്തിന്റെയോ പേര് ഇന്ന് അവയുടെ ഉൽപ്പത്തിചരിത്രത്തിന്റെ അടയാളം മാത്രമാണ്. അവയെല്ലാം ഒരുപോലെ കേരളീയ കലാപാരമ്പര്യത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. അത്തരം കലകളുടെ ആവിഷ്കാരവും ആസ്വാദനവും കേരളത്തിലെ പൊതുസമൂഹത്തിന്റെ, മലയാളിസമൂഹത്തിന്റെ, കലാഭിരുചിയുമായി ബന്ധപ്പെട്ടതാണ്.

ഒരു നടൻ ഒരേ വേദിയിൽ പല കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നതിനെ 'പകർന്നാട്ടം' എന്നു പറയും. വിവിധ പാരമ്പര്യങ്ങളിൽ പുലർന്നുപോരുന്ന വ്യക്തിമനസ്സുകളിലേക്ക് അതിരുകൾ വകവയ്ക്കാതെ കടന്നുചെന്ന് മറ്റൊരു പകർന്നാട്ടം നടത്താൻ ഈ കലകൾക്കു പ്രാപ്തിയുണ്ട്. അബ്രഹാം ലിങ്കൺ ജനാധിപത്യത്തെ "ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണം" എന്നു പറഞ്ഞപോലെ, കൂട്ടായ്മയ്ക്കു വേണ്ടി കൂട്ടായ്മയാൽ നടത്തപ്പെടുന്ന കൂട്ടായ്മയുടെ പ്രകടനം എന്നു നാടൻകലകളെ വിശേഷിപ്പിക്കാം.

- "കൂട്ടായ്മയ്ക്കുവേണ്ടി കൂട്ടായ്മയാൽ നടത്തപ്പെടുന്ന കൂട്ടായ്മയുടെ പ്രകടനം എന്നു നാടൻകലകളെ വിശേഷിപ്പിക്കാം"- ഈ പ്രസ്താവനയെ ഏതെങ്കിലും കലാരൂപങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.
- ഈ ലേഖനത്തിൽ പരാമർശിക്കുന്ന നാടൻകലാരൂപങ്ങൾ പട്ടികപ്പെടുത്തുക. അവയിൽ ചിലത് ഇന്നു പ്രചാരത്തിലില്ലാത്തവയാണല്ലോ. അതിന്റെ കാരണം കണ്ടെത്തി ലഘു ഉപന്യാസം തയാറാക്കുക.
- "കുലവൃത്തിയുടെ ഈ വിഭജനം കലാവൃത്തിക്കും ബാധകമാണ്"- ഈ വാക്യം 'കുലത്തിന്റെ വൃത്തിയുടെ ഈ വിഭജനം കലയുടെ വൃത്തിക്കും ബാധകമാണ്, എന്നു മാറ്റിയെഴുതിയാലോ? വാക്യഭംഗി നഷ്ടപ്പെടുന്നുണ്ടോ? - പരിശോധിച്ച് കുറിപ്പെഴുതുക.
- വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അവരുടെ സാംസ്കാരികത്തനിമ വെളിപ്പെടുത്തുന്ന കലാരൂപങ്ങൾ പ്രചരിച്ചിരുന്നു. അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ ചിത്രങ്ങളും വിവരണവും ഉൾപ്പെടുന്ന ആൽബം തയാറാക്കുക.

  പരിഗണിക്കാവുന്ന ചില കലകൾ:

  - ഒപ്പന
  - മാർഗംകളി
  - കാക്കാരിശ്ശിനാടകം



# 5

# അകം തെളിയുമ്പോൾ

“ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം
ഇന്ദ്രധനുസ്സിൻ തൂവൽ കൊഴിയും തീരം
ഈ മനോഹരതീരത്തു തരുമോ
ഇനിയൊരു ജന്മം കൂടി”

- വയലാർ

ഭൂമിയുടെ സൗന്ദര്യത്തെക്കുറിച്ചും അതിലെ ജീവിതസൗഭാഗ്യങ്ങളെക്കുറിച്ചും വയലാർ രാമവർമ വർണിക്കുന്നു. 'ഈ മനോഹരതീരം' നമ്മുടെ ഭൂമിതന്നെയല്ലേ? ജീവിതം കവിയെ ആകർഷിച്ചത് എന്തുകൊണ്ടാവാം? ഭൂമിയെക്കുറിച്ച് മറ്റൊരു കാഴ്ച...



# ഭൂമി

ഒ.എൻ.വി. കുറുപ്പ്

**കാ**ണെക്കാണെ വയസ്സാവുന്നു
മക്കൾക്കെല്ലാ; മെന്നാലമ്മേ!
വീണക്കമ്പികൾ മീട്ടുകയല്ലീ
നവതാരുണ്യം നിൻതിരുവുടലിൽ.

ഇന്നലെയിവിടെക്കുഞ്ഞിക്കാലടി-
യടയാളത്താൽ പൂക്കളമെഴുതീ;-
ഇന്നവർ വാഴ്‌വിൻ വൻചുമടേറ്റി
നടന്നീടുന്നൂ പാഴ്ച്ചുവടൂന്നി!

ഓരോ വട്ടവുമോണക്കളിയുടെ
താളമയഞ്ഞീടുന്നു ഞങ്ങളിൽ;
ഓണനിലാവിൻ പുടവയുടുത്താ-
ലമ്മയ്ക്കിന്നും പുതുലാവണ്യം!

സർഗലയങ്ങളിലൊരുപോൽ പുളകം-
കൊൾവൂ നീ; പുതുനാമ്പുകളുണരു;-
ന്നൊപ്പമതിന്റെ ഞരമ്പുകളിൽ പുഴു-
പോലെയരിച്ചു നടപ്പൂ ജീർണത!

പൂവിന്നൊരു പകൽ; പൂർണേന്ദുവിനൊരു
രാ; വൊരുഷസ്സിനു തിരുനെറ്റിയിലെ-
പ്പൂവിരിയുംവരെ; യൊരു പുരുഷായു-
സ്സൊരുപിടി നീർപ്പോളകൾ പൊലിയുംവരെ!

പൂവുമുഷസ്സും ഞാനും നിമിഷ-
ത്തിരകളിലൊഴുകിപ്പോകേ, മറ്റൊരു
പൂവും മറ്റൊരുഷസ്സും മറ്റൊരു
ഞാനും കനകക്കണ്ണികൾ കോർക്കെ,

നശ്വരനാദകണങ്ങൾ ഞങ്ങ-
ളനശ്വരതേ! നിൻ സംഗീതത്തിൻ
നിശ്ചിതമാം സ്വരവിന്യാസത്തിനു
പൂർണത ചേർത്തമൃതം നുകരുന്നു!

*(ഒരുതുള്ളി വെളിച്ചം)*

- “കാണെക്കാണെ വയസ്സാവുന്നു
  മക്കൾക്കെല്ലാമെന്നാലമ്മേ!
  വീണക്കമ്പികൾ മീട്ടുകയല്ലീ
  നവതാരുണ്യം നിൻതിരുവുടലിൽ”-

ഭൂമിയാകുന്ന അമ്മയെക്കുറിച്ച് കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ടാവാം? - ചർച്ചചെയ്യുക.

- “പൂവുമുഷസ്സും ഞാനും നിമിഷ-
  ത്തിരകളിലൊഴുകിപ്പോകേ, മറ്റൊരു
  പൂവും മറ്റൊരുഷസ്സും മറ്റൊരു
  ഞാനും കനകക്കണ്ണികൾ കോർക്കെ”-

ഭൂമിക്ക് സൗന്ദര്യമുണ്ടാകുന്നത് പൂവും പുലരിയും മനുഷ്യനും കണ്ണിചേരുമ്പോഴാണെന്നു കവി പറയുന്നു. നിങ്ങളുടെ അഭിപ്രായമെന്താണ്? - കുറിപ്പ് തയാറാക്കുക.

- ‘ഓണനിലാവിൻ പുടവയുടുക്കുക’ എന്ന പ്രയോഗം ശ്രദ്ധിക്കൂ. ഈ പ്രയോഗം മറിച്ചിട്ടാലോ? ആശയപരമായ എന്തെല്ലാം വ്യത്യാസങ്ങളാണു സംഭവിക്കുന്നത്? - ചർച്ചചെയ്യുക.
- “പുഴുപോലെയരിച്ചു നടപ്പൂ ജീർണത” എന്ന വരി നൽകുന്ന സൂചന എന്താണ്? ജീവിതവുമായി ഇത് എങ്ങനെയാണ് ബന്ധപ്പെട്ടിരിക്കുന്നത്? കാവ്യഭംഗി വിശദമാക്കി കുറിപ്പ് തയാറാക്കുക.

*“പാല പൂത്ത പരിമളമെത്തി–*
*പ്പാതിരയെപ്പുണർന്നൊഴുകുമ്പോൾ*
*മഞ്ഞണിഞ്ഞു, മദാലസയായി*
*മഞ്ജുചന്ദ്രിക നൃത്തമാടുമ്പോൾ*
*മന്ദമന്ദം പൊടിപ്പതായ്ക്കേൾക്കാം*
*സ്പന്ദനങ്ങളിക്കല്ലറയ്ക്കുള്ളിൽ!”*

**– ചങ്ങമ്പുഴ**

*മധുനിലാവൊഴുകുന്ന പാതിരാവിൽ പാലപൂത്ത്, പരിമളം പടർന്ന് ഭൂമി സൗന്ദര്യം ചുടുമ്പോൾ തന്റെ കല്ലറയ്ക്കുള്ളിൽനിന്നു സ്പന്ദനങ്ങൾ കേൾക്കാമെന്നാണ് ഇവിടെ കവി പറയുന്നത്. ആരും കാണാത്ത കാഴ്ച കാണുകയും ആരും പറയാത്ത കാര്യം പറയുകയും ചെയ്യുന്നവരാണ് കവികൾ. അങ്ങനെയാണവരുടെ സൗന്ദര്യസങ്കൽപ്പങ്ങൾ. നിങ്ങൾക്കുമില്ലേ സൗന്ദര്യത്തെക്കുറിച്ച് ചില കാഴ്ച പ്പാടുകൾ.. വാസ്തവത്തിൽ, സൗന്ദര്യമെന്നാലെന്താണ്?*

# ബസവപ്പൻ എന്ന സ്വർണനാണയം

**നിത്യചൈതന്യയതി**



**ജീ**വിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ മറക്കാനാവാത്ത എത്ര സംഭവങ്ങളാണ് ഓർമയിലേക്കു വരുന്നത്. ഓരോ അനുഭവവും വിലപ്പെട്ടതാണ്. ചിലതു ചിരിപ്പിക്കുന്നവയാണ്; ചിലതു കരയിക്കുന്നവയും. എന്നാൽ, അധികവും ചിന്തിപ്പിക്കുന്നവയാണ്. പല സംഭവങ്ങളും പുതിയ അറിവിന്റെ വെളിച്ചത്തിൽ വിലയിരുത്തുമ്പോൾ ഇതിനുമുമ്പു കാണാതിരുന്ന മുത്തുകൾ അതിൽ നിന്നു കിട്ടിയെന്നുവരും. ജീവിതം അനുഭവങ്ങളുടെ ഒരു തുടർക്കഥയായിത്തന്നെ നീണ്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അതിൽ പത്തുപതിനഞ്ചു വർഷം മുമ്പു നടന്ന ഒരു ചെറിയ സംഭവം പറയാം.

നടരാജഗുരു ലോകപര്യടനത്തിനായി പോയി; ഏറെ താമസിയാതെ ജോൺ സ്പിയേഴ്സും. ജോൺ അന്ന് ബാംഗ്ളൂരിനടുത്തുള്ള കഗ്ഗാളിപുരത്തിലെ നാരായണഗുരുകുലത്തിന്റെ അധിപനും ‘വാല്യൂസ്’ പത്രത്തിന്റെ പത്രാധിപരുമായിരുന്നു. ആ ചുമതലകളെല്ലാം ഇങ്ങോട്ട് ഏൽപ്പിച്ചുതന്നിട്ടാണ് അദ്ദേഹം യൂറോപ്പിലേക്കു പോയത്. ഗുരു പോകുന്നതിനുമുമ്പുതന്നെ ‘ഏകലോകത്തിലേക്കു നയിക്കുന്ന ഒരു സാമ്പത്തികശാസ്ത്രം’ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമെന്നു കരുതിയിരുന്നു. അതിനുവേണ്ടി ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്താൻ അദ്ദേഹം ലേഖനങ്ങൾ അയച്ചുകൊണ്ടിരുന്നു. ധനം ധൂർത്തടിക്കുന്ന മഹാ

നഗരങ്ങളുടെ ഹൃദയസ്ഥാനത്തു തന്നെ ദാരിദ്ര്യം ചുരുണ്ടുകൂടിക്കിടക്കുന്നതിന്റെ ഹൃദയസ്പൃക്കായ വർണ്ണനകൾ ഗുരു അന്നയച്ചിരുന്ന കത്തുകളിൽ എഴുതിയിരുന്നു. ജോണും ഇതേ വിഷയത്തെ സംബന്ധിക്കുന്ന പുസ്തകങ്ങളും പേപ്പർ കട്ടിങ്സും കത്തുകളും അയച്ചുകൊണ്ടിരുന്നു.

'ഗുരുകുലക്ലിഷ്ടം' എന്ന പ്രയോഗം പൂർണമായും ജീവിതത്തിൽ യാഥാർഥ്യമായിത്തീർന്നത് അക്കാലത്തായിരുന്നു. വിജനപ്രദേശത്തുള്ള ആശ്രമം. വളരെ ദൂരം നടന്നു കുന്നിനടിയിൽ നിന്നു ബക്കറ്റിൽ വെള്ളം നിറച്ചു കൊണ്ടുവരണം. തീയെരിക്കാനുള്ള വിറകും ചുള്ളിക്കമ്പും ശേഖരിക്കണം. അതിനുവേണ്ടി വെളിയിലിറങ്ങിയാൽ തിരിയുന്നിടത്തെല്ലാം കട്ടക്കാരമുള്ള്. അതു കാലിന്റെ വെള്ളയിൽ കുത്തിത്തറയ്ക്കുമ്പോഴെല്ലാം ചെരിപ്പു വാങ്ങണമെന്നു വിചാരിക്കും. ഒരിക്കലും അതു സാധിച്ചിട്ടില്ല. 'വാല്യൂസ്' എന്ന പത്രത്തിന്റെ വരിസംഖ്യയല്ലാതെ പണം കിട്ടാൻ ഒരു മാർഗവും ഉണ്ടായിരുന്നില്ല. വളരെ താണുവീണ് പല പ്രാവശ്യം എഴുതിയാലേ ആരെങ്കിലും വരിസംഖ്യ തരുകയുള്ളു. പാലും പഞ്ചസാരയും വാങ്ങാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ ചായ ജീരകവെള്ളമായി മാറി. ഊണിന്റെ സ്ഥാനത്തേക്കു പഞ്ഞപ്പുല്ലു കുറുക്കിയുണ്ടാക്കിയ 'കളി' മതിയെന്നുവച്ചു.

കിട്ടുന്ന മണിയോർഡറുകൾ അങ്ങനെത്തന്നെ കൊണ്ടുപോയി മാസികയുടെ പ്രിന്ററുടെ കൈയിൽ ഏൽപ്പിച്ചാലും ആ വയസ്സൻ ചെട്ടിയാരുടെ മുഖം തെളിയുകയുമില്ല. എന്നും രണ്ടു മാസത്തെ കടം ബാക്കികാണും. അതിലുമധികം കടമാകുമ്പോൾ പരസ്യങ്ങൾ വാങ്ങാൻ ബാംഗ്ളൂർ പട്ടണത്തിൽ വെയിലുംകൊണ്ട് അലഞ്ഞുനടക്കും. ചില മുതലാളിമാരുടെ മുമ്പിൽപ്പോയി തലകുമ്പിട്ടിരുന്നു വളരെ കെഞ്ചിയാൽ ഇരുപത്തഞ്ചുരൂപയുടെ ഒരു പരസ്യം കിട്ടിയെന്നു വരും. പലപ്പോഴും ബസ്സുകൂലിക്കു പണമില്ലാത്തതുകൊണ്ട് പതിമൂന്നു മൈൽ നടന്നുവന്ന് തോട്ടത്തിൽ നിന്നു കിട്ടുന്ന ഒന്നോ രണ്ടോ തക്കാളിപ്പഴം കൊണ്ടു പശിയടക്കിയിട്ട്, ഈസിച്ചെയർ എടുത്തു വെളിയിലിട്ട് ആകാശത്തു നക്ഷത്രങ്ങൾ പൊട്ടിവിരിയുന്നതും നോക്കിക്കിടക്കും. പിന്നെ സുഖമാണ്. രാത്രിയിൽ തണുത്ത കാറ്റുവരും. കാളവണ്ടിക്കാർ കന്നഡത്തിൽ രാമായണകഥാകാലക്ഷേപം നടത്തിക്കൊണ്ടു റോഡിൽക്കൂടി കടന്നുപോകുന്നതു കേട്ടുകൊണ്ടു കിടക്കും. ഭൂമി ബഹിരാകാശഗമനത്തിനുള്ള ഒരു വാഹനമാണെന്നു സങ്കൽപ്പിക്കും. നക്ഷത്രങ്ങളുടെ ഇടയിൽക്കൂടി ഉരുണ്ടുരുണ്ടു പോകുന്ന ഭൂമിയുടെ കപ്പിത്താനായി ഈ ഭൂഗോളത്തിന്റെ ഗതിയെ നയിക്കുമെന്നുള്ള സങ്കൽപ്പം മനസ്സിൽ ധന്യതയുണ്ടാക്കും. നേരം വെളുക്കുന്നതുവരെ പിന്നെ ദാരിദ്ര്യമില്ല. വാൾട്ട് വിറ്റ്മാന്റെയോ ടാഗോറിന്റെയോ സ്വപ്നങ്ങളും അയവിറക്കിക്കൊണ്ട് അവിടെ കിടക്കും. ഞായറാഴ്ചയായാൽ ഗോപി വരും. റൊട്ടിയും വെണ്ണയും പഴവും എല്ലാം കൊണ്ടുവരും - ഐ.ടി.ഐയിലെ ഗോപി.

അവസാനം ജോൺ സ്പിയേഴ്സ് മടങ്ങിവന്നു. പിന്നെ ഒട്ടും സമയം കളയാതെ സ്വന്തം താവളത്തിലേക്കു മടങ്ങാൻ തീരുമാനിച്ചു. ഊട്ടിയിലുള്ള ഫേൺഹിൽ ഗുരുകുലത്തിൽ പോയി ഗുരുപാദർ പന്ത്രണ്ടുവർഷം തപസ്വിയായി കഴിഞ്ഞിരുന്ന ചെറിയ തകരക്കുടിലിൽ കിടക്ക വിരിച്ചു കിടക്കുമ്പോഴാണ്, ശരിക്കും സ്വസ്ഥാനത്തു വന്നതായി തോന്നുന്നത്. ജോൺ വന്ന ദിവസം തന്നെ എല്ലാം അദ്ദേഹത്തെ ഏൽപ്പിച്ചു. ഒരു ഇരുമ്പുപെട്ടി നിറയെ പുസ്തകം, ഒരു സഞ്ചിയിൽ തുണികൾ, പിന്നെ ടൈപ്പ്റൈറ്റർ. എല്ലാമായി ബാംഗ്ളൂരിൽ നിന്നു തീവണ്ടിമാർഗം മൈസൂരിലെത്തി.

ഏതായാലും രാത്രി മൈസൂർ റെയിൽവേസ്റ്റേഷനിൽത്തന്നെ കഴിച്ചുകൂട്ടി. വെളുപ്പിന് ആറുമണിക്ക് ഊട്ടിക്കുള്ള ബസ്സ് പോകും. നാലരമണിയായപ്പോൾ റെയിൽവേസ്റ്റേഷനിൽ നിന്നു ബസ്സ്റ്റാന്റിലേക്കു പോകാൻ തീരുമാനിച്ചു. പെട്ടി നിറയെ പുസ്തകമാണ്. എടുത്തിട്ടു പൊങ്ങുന്നില്ല. അത്താഴം കഴിക്കാത്തതിന്റെ

ക്ഷീണവുമുണ്ട്. ഒരു ചുമട്ടുകാരൻ അടുത്തു വന്നു സഹായിക്കാമെന്നു പറഞ്ഞു. അയാൾക്ക് രണ്ടുരൂപ വേണം. അതുകേട്ട് കഷ്ടിച്ചു പന്ത്രണ്ടുവയസ്സുള്ള ഒരു ചെറിയ കുട്ടി ഉറക്കച്ചടവോടെ അടുത്തുവന്നു പറഞ്ഞു: "സ്വാമീ, ഞാൻ ഒരു രൂപയ്ക്ക് കൊണ്ടുത്തരാം." അതുകേട്ട് ആദ്യത്തെ തടിയൻ പോർട്ടർ കുട്ടിയെ അടിക്കാൻ വന്നു. ഞാനയാളെ കുട്ടിയിൽ നിന്നു തള്ളിമാറ്റി. കുട്ടിയുടെ സഹായത്തോടുകൂടി പെട്ടിയെടുത്ത് ഞാൻ എന്റെ തലയിൽ കയറ്റി. ടൈപ്പ്റൈറ്ററും വലിയ സഞ്ചിയും പെട്ടിയും കൂടി എടുക്കാൻ വളരെ പ്രയാസപ്പെട്ടു. ഭാരമൊന്നും തലയിൽ എടുത്തുവച്ച് ശീലിച്ചിട്ടില്ലാത്തതുകൊണ്ട് കഴുത്ത് ഒടിഞ്ഞുപോകുമെന്നു തോന്നി. ഇതെല്ലാം എടുത്തുകൊണ്ട് ഒരു ഓവർബ്രിഡ്ജ് കയറി ഇറങ്ങുകയും വേണം. എന്റെ വിഷമം കണ്ട് ആ ചെറിയ കുട്ടി വന്നു പറഞ്ഞു: "സ്വാമീ, എന്റെയടുത്തു തരൂ. ഞാൻ കൊണ്ടുത്തരാം." ഞാൻ എന്റെ സത്യം അവനോടു പറഞ്ഞു: "കുഞ്ഞേ, എന്റെ കൈവശം അരരൂപയേയുള്ളു. ബാക്കി പണം ബസ്സിനു കൊടുക്കണം." അവൻ അതു മതിയെന്നു സമ്മതിച്ചു.

ഞാനൊരു തടിയൻ. എന്റെ കഴുത്തു ഞെരിയുന്നു. അത്ര കനമുള്ള ആ പെട്ടി എങ്ങനെ ഞാൻ ആ കുട്ടിയുടെ തലയിൽ വച്ചുകൊടുക്കും? അതും ചുമന്നുകൊണ്ട് ഒരു പടി പോലും കയറാൻ എന്നെക്കൊണ്ടു സാധിക്കുകയുമില്ല. മനസ്സില്ലാമനസ്സോടെ പെട്ടി ഞാൻ അവന്റെ തലയിൽ വച്ചുകൊടുത്തു. പാവം കുട്ടി. അവൻ ഊഹിച്ചതിലും എത്രയോ അധികം ഭാരമായിരുന്നു ആ പെട്ടിക്ക്! അവന്റെ പിഞ്ചുകഴുത്ത് വിറയ്ക്കുന്നതു കണ്ടപ്പോൾ ഞാനാ പെട്ടി തിരികെവാങ്ങാൻ ശ്രമിച്ചു. അവൻ അതു കൂട്ടാക്കിയില്ല. ഓവർബ്രിഡ്ജ് കഴിഞ്ഞപ്പോൾ ടൈപ്പ്റൈറ്റർ കൂടി അവൻ എടുത്തുകൊള്ളാമെന്നു പറഞ്ഞു. ഞാനൊഴിഞ്ഞുമാറിയെങ്കിലും അവസാനം അതും അവൻ കൈക്കലാക്കി.

ബസ്സ്റ്റാന്റിലേക്കു പോകുന്ന വഴിക്ക് ഞാൻ അവനെപ്പറ്റിയും അവൻ എന്നെപ്പറ്റിയും പലതും മനസ്സിലാക്കി. അവന് അമ്മ മാത്രമേയുള്ളൂ. അവർ രോഗിണിയായി ഏതോ ചേരിയിൽ കിടക്കുകയാണ്. വേലയെടുക്കാൻ ശക്തിയില്ല. അവൻ ചുമടു ചുമന്നു കിട്ടുന്ന കാശുകൊണ്ടു വേണം രണ്ടുപേരും കഴിയാൻ. ഞാൻ 'വാല്യൂസ്' മാസികയിൽ ആറുലക്കം തുടർച്ചയായി പൂജ്യ നടരാജഗുരു എഴുതിയ, ഏകലോക സാമ്പത്തികവ്യവസ്ഥിതിയുടെ കരടുപത്രിക പ്രസിദ്ധപ്പെടുത്തിയിട്ടു വരുന്ന വഴിയാണ്. ആഡം സ്മിത്തും കാൾ മാർക്സും ലെനിനും ഗാന്ധിയുമെല്ലാം പറഞ്ഞിട്ടുള്ള തത്ത്വങ്ങൾ എന്റെ ബുദ്ധിയിൽ പേനിഴയുന്നപോലെ ഇഴഞ്ഞുനടക്കാൻ തുടങ്ങി. ബസവപ്പനെന്ന ഈ പിഞ്ചുകുഞ്ഞിന്റെ ചുമലിൽ ഒരു വലിയ പെട്ടിയും കയറ്റിവച്ചുകൊണ്ടു ജീവകാരുണ്യത്തെപ്പറ്റി ചിന്തിക്കുന്ന എനിക്ക് എന്നോടു തന്നെ വല്ലാത്ത വെറുപ്പു തോന്നി. റൂസ്സോയും റസ്കിനും വിക്ടർ യൂഗോയുമെല്ലാം എന്നെ പരിഹാസത്തോടുകൂടി ഉറ്റുനോക്കുന്നതു പോലെ തോന്നി. 'അരുളുള്ളവനാണു ജീവി' എന്ന നാരായണഗുരുമന്ത്രം എന്നും ഉരുവിട്ടു നടക്കുന്നവനാണു ഞാൻ. എനിക്ക് എന്നിൽനിന്നു തന്നെ ഓടിയൊളിക്കണമെന്നു തോന്നി. എന്റെ ജീവിതദർശനമെല്ലാം അവന്റെ ദയാവായ്പിന്റെ മുമ്പിൽ അപഹാസ്യമായി ത്തീർന്നിരിക്കുന്നു.

ഞങ്ങൾ ബസ്സ്റ്റാന്റിലെത്തി. അവനു ഞാൻ എന്റെ കൈവശം മിച്ചമുണ്ടായിരുന്ന അരരൂപ എടുത്തു നീട്ടി. അവൻ ചിരിച്ചുകൊണ്ട് അതു വാങ്ങിയിട്ട് എന്റെ കൈയിൽ കടന്നുപിടിച്ചുകൊണ്ട് പറഞ്ഞു: "സ്വാമീ, വരൂ, നമുക്കു ചായ കഴിക്കാം." ഞാനെങ്ങനെ ചായ കഴിക്കും? ബസ്സിനു ടിക്കറ്റ് വാങ്ങണ്ടേ? ഞാൻ കഴിക്കുന്നില്ലെന്നു പറഞ്ഞു. "ഞാൻ ചായ വാങ്ങിത്തരാം. നിങ്ങൾക്കധികനേരം ബസ്സിൽ ഇരിക്കേണ്ടതല്ലേ?'' എന്നായി ബസവപ്പൻ. എനിക്കു വ്യസനവും ലജ്ജയും തോന്നി.


"വേണ്ട ബസവപ്പാ."അവന്റെ മുഖം വളരെ ദയനീയമായി മാറി. അവൻ എന്റെ കണ്ണുകളിൽ ഉറ്റുനോക്കിക്കൊണ്ടു ചോദിച്ചു: "ഞാനൊരു ചുമട്ടുകാരൻ പയ്യൻ. പാവമായതുകൊണ്ടാണോ, സ്വാമി എന്റെ ചായ വേണ്ടെന്നു പറയുന്നത്?" അവന്റെ മുഖത്തു വേദനയും അപമാനഭീതിയും തിരസ്കരണത്തിന്റെ ദുഃഖവും വ്യക്തമായി കാണാമായിരുന്നു. വാസ്തവത്തിൽ ആരാണു ദരിദ്രൻ? എന്റെ കണ്ണുനിറഞ്ഞു, കണ്ഠമിടറി. ഞാൻ ഒന്നും പറയാതെ അവന്റെ കൂടെ ബസ്സ്റ്റാന്റിലെ ചായക്കടയിൽ കയറി ഒരു സ്റ്റൂളിലിരുന്നു. അവൻ സുപ്രസന്നനായി വിളമ്പുകാരനോടു പറഞ്ഞു: "രണ്ടു മസാലദോശ, വട, സാമ്പാർ, കാപ്പി."

ഒരിക്കലും ഇങ്ങനെയൊരു നിസ്സഹായത ഞാൻ അനുഭവിച്ചിട്ടില്ല. ബസവപ്പന്റെ സന്തോഷം കണ്ടപ്പോൾ ഒന്നും പറയാതെ അവൻ വാങ്ങിത്തന്നതെല്ലാം കഴിച്ചു. ഫേൺഹില്ലിൽ എത്തിയശേഷം അവനു കുറച്ചു പണം അയച്ചുകൊടുക്കാമെന്നു സമാധാനിച്ചു. ബസ്സിൽ കയറുന്നതിനുമുമ്പ് ഞാൻ ബസവപ്പനോട് അവന്റെ മേൽവിലാസം ചോദിച്ചു. ബസവപ്പൻ പറഞ്ഞു: "എനിക്ക് എഴുത്തും വായനയും ഒന്നും അറിഞ്ഞുകൂടാ. വീടുമില്ല. അമ്മ ഒരു ചേരിയിൽ കിടന്നുറങ്ങുന്നു. എനിക്കെഴുത്തൊന്നും വേണ്ട." അല്ല, പണമയക്കാമെന്നു പറയാൻ എന്റെ നാവു പൊന്തിയില്ല. വണ്ടിവിടുന്നതുവരെ അവൻ ജീവിതസാഫല്യം ലഭിച്ച സന്തോഷത്തോടുകൂടി അവിടെ നിന്നു.


വർഷങ്ങൾ പലതും കഴിഞ്ഞു. ഇന്നും മൈസൂർ റെയിൽവേസ്റ്റേഷനിലും ബസ്സ്റ്റാന്റിലും വരുമ്പോൾ എന്റെ കണ്ണുകൾ അവിടെയെല്ലാം ബസവപ്പനെത്തേടി നടക്കും. അവനെ ഓർത്തു ഞാൻ പലപ്പോഴും ചുമട്ടുകാർ കുട്ടികൾക്ക് അവർ ചോദിക്കുന്നതിലും അധികം പണം കൊടുക്കും. അവർ ചോദിക്കാതെതന്നെ അവരെ ചായക്കടയിൽ കൊണ്ടുപോയി ചായയും പലഹാരവും വാങ്ങിക്കൊടുക്കും. എന്നാലും മനസ്സിലിന്നും ബസവപ്പനോടുള്ള കടപ്പാടു നിറവേറ്റപ്പെടാത്ത ഒരു ശൂന്യതയായി ശേഷിക്കുന്നു. ഒരിക്കലും ചെമ്പുതുട്ടുകൾകൊണ്ടു തീർക്കാനാവാത്ത ഒരു സ്വർണനാണയമാണ് അവന്റെ ഓർമ.

*(ദൈവം സത്യമോ മിഥ്യയോ?)*

- നിത്യചൈതന്യയതിയിലെ നന്മ വെളിപ്പെടുത്തുന്ന സന്ദർഭങ്ങൾ അനുഭവക്കുറിപ്പിൽ നിന്നു കണ്ടെത്തി വിശദീകരിക്കുക.
- ബസവപ്പനെ സ്വർണനാണയം എന്നാണു നിത്യചൈതന്യയതി വിശേഷിപ്പിച്ചിരിക്കുന്നത്. നിങ്ങൾ ബസവപ്പനെ എങ്ങനെ വിശേഷിപ്പിക്കാനാണ് ഇഷ്ടപ്പെടുന്നത്? എന്തുകൊണ്ട്?
- "കാളവണ്ടിക്കാർ കന്നഡത്തിൽ രാമായണകഥാകാലക്ഷേപം നടത്തിക്കൊണ്ടു റോഡിൽക്കൂടി കടന്നുപോകുന്നതു കേട്ടുകൊണ്ടു കിടക്കും. ഭൂമി ബഹിരാകാശഗമനത്തിനുള്ള ഒരു വാഹനമാണെന്നു സങ്കൽപ്പിക്കും. നക്ഷത്രങ്ങളുടെ ഇടയിൽക്കൂടി ഉരുണ്ടുരുണ്ടു പോകുന്ന ഭൂമിയുടെ കപ്പിത്താനായി ഈ ഭൂഗോളത്തിന്റെ ഗതിയെ നയിക്കുമെന്നുള്ള സങ്കൽപ്പം മനസ്സിൽ ധന്യതയുണ്ടാക്കും. നേരം വെളുക്കുന്നതുവരെ പിന്നെ ദാരിദ്ര്യമില്ല"- വിശപ്പും ഏകാന്തതയുമെല്ലാം വിസ്മരിക്കാൻ ഇത്തരം ഉപായങ്ങൾ സഹായകമാവുകയില്ലേ? വിരസതയെ മറികടക്കാൻ നിങ്ങൾ സ്വീകരിച്ച ഒരു ഉപായം ആവിഷ്കരിക്കൂ.



# 6
# ത്യാഗമെന്നതേ നേട്ടം



# വംശാനന്തരതലമുറ

വി.ആർ. സുധീഷ്

കീറിമുറിക്കപ്പെടുന്നതിനുമുമ്പ് ആഴത്തിൽ പേടിനിറഞ്ഞ കണ്ണുകൾ തുറിച്ച് അത് കുട്ടികളെയെല്ലാം നിസ്സഹായമായി നോക്കുകയുണ്ടായി. ഭൂതകാലത്തിൽനിന്നെന്നപോലെ പാളിവീണ ഒരു നോട്ടമായിരുന്നു അത്. എന്നിട്ടും ആ തവളക്കണ്ണുകളിൽ അജ്ഞാതമായ ഒരു സദ്ഭാവത്തിന്റെയും ജാഗരണത്തിന്റെയും മുകുളങ്ങൾ വിടർന്നുനിന്നിരുന്നു.

കാലങ്ങൾക്കു മുമ്പുള്ള ഒരു ജീവശാസ്ത്രക്ലാസാണ്. ആറാംതരത്തിൽ തവളയുടെ ശരീരശാസ്ത്രം പഠിപ്പിക്കുകയാണ് ബാലക്കുറുപ്പു മാഷ്. ജീവനുള്ള ഒരു തവളയെ ആരെങ്കിലും കൊണ്ടുവന്നാൽ കീറിമുറിച്ചു പഠിപ്പിക്കാമെന്ന് കഴിഞ്ഞ ദിവസം മാഷ് പറഞ്ഞിരുന്നു. അന്ന് സ്കൂൾ വിട്ടപാടെ ആവേശത്തോടെ കുട്ടികൾ തവളയെ പിടിക്കാനിറങ്ങി. ഉച്ചയിലെ പട്ടിണി ത്തളർച്ചപോലും കൂട്ടാക്കാതെ കുളത്തിലും പാടത്തിലും ചളിക്കുഴികളിലുമെല്ലാം അവർ തവളയെ തിരഞ്ഞുനടന്നു. പലർക്കും കിട്ടിയതു ചെറിയ തവളയെയായിരുന്നു. മൂന്നുനാലുപേർക്കാണു വലിയ തവളയെ കിട്ടിയത്. പക്ഷേ, അവയ്ക്കൊന്നിനും കാലില്ലായിരുന്നു. തവളപിടിത്തക്കാർ കാലുവെട്ടിയെടുത്ത് 'കനിവോടെ' ജീവിക്കാൻ വിട്ടവയായിരുന്നു അവ. വലിയ തവളയെ കൊണ്ടുവരാനാണ് മാഷ് പറഞ്ഞത്. ഏറ്റവും വലിയ തവളയെ കൊണ്ടുവന്നത് ഗോപിക്കുട്ടനായിരുന്നു. ഒരു പോത്താച്ചിത്തവള തന്നെയായിരുന്നു അത്. കാലുള്ളതും ജീവനുള്ളതുമായ ആ തവളയെത്തന്നെ കീറിമുറിക്കാൻ മാഷ് തിരഞ്ഞെടുത്തു.

സ്റ്റാഫ്റൂമിൽനിന്നു കൊണ്ടുവന്ന ഒരു കാർഡ്ബോഡിൽ തവളയുടെ കാലുകൾ ഇരുവശത്തേക്കും വലിച്ചുനീട്ടി ആണിയടിക്കുമ്പോൾ ഹരിതവർണമുള്ള കണ്ണുകൾ കുട്ടികളെ മിഴിച്ചുനോക്കി. ക്ലാസ്മുറിയിൽ അന്ന് ഒരു ത്സവംതന്നെയായിരുന്നു. ആ പോത്താച്ചിത്തവളയെ സ്കൂൾക്കുളത്തിൽ നിന്നും രാവിലെ പിടിച്ച് സഞ്ചിയിലാക്കിയ സാഹസികകഥ ഇടയ്ക്ക് ഗോപിക്കുട്ടൻ വിവരിക്കുന്നുണ്ടായിരുന്നു. നന്നേ രാവിലെ സ്കൂളിൽ വന്ന് അവൻ കുളക്കരയിൽ കാത്തിരിക്കുമ്പോഴാണ് തവള വെള്ളത്തിൽനിന്ന് എടുത്തുചാടിയത്. ഉടുമുണ്ടെറിഞ്ഞാണ് അവൻ അതിനെ പിടിച്ചത്. ഏറ്റവും വലിയ തവളയെ കൊണ്ടുവന്ന് അവൻ ക്ലാസിൽ ആളായെന്നുമാത്രമല്ല, ബാലക്കുറുപ്പുമാഷുടെ പിശുക്കന്റെ നാണയം പോലുള്ള അഭിനന്ദനവും അടിച്ചെടുത്തുകളഞ്ഞു. അതു കുട്ടികളെയൊക്കെ തെല്ലൊന്നുമല്ല ചൊടിപ്പിച്ചത്.

മലർത്തി ആണിയടിച്ചുറപ്പിച്ച, നെഞ്ചിടിപ്പുകൾ ഉയർത്തിക്കാട്ടുന്ന ആ ഉഭയജീവിയെ കീറിമുറിച്ചതും ഗോപിക്കുട്ടനായിരുന്നു.

"സൂക്ഷിച്ച്..... വളരെ സൂക്ഷിച്ച്...."

മാഷ് മുന്നറിയിപ്പു നൽകിക്കൊണ്ടിരിക്കെ തവളയുടെ ഉദരത്തിൽ ബ്ലേഡ്കൊണ്ട് ഗോപിക്കുട്ടൻ നെടുങ്ങനെ ഒരു വരയിട്ടു. ഇരുവശത്തേക്കും തൊലി മാറ്റിയപ്പോൾ അപകൃഷ്ടമായ ഔത്സുക്യത്തോടെ ശരീരരഹസ്യങ്ങൾ പുറത്തായി. തവളയുടെ പ്രത്യക്ഷമായ ആന്തരലോകം മാഷെ ശരിക്കും ഊർജസ്വലനാക്കി. മേശയ്ക്കുചുറ്റും കൂടിനിന്ന കുട്ടികളോട് അതതു സ്ഥാനങ്ങളിൽ ചെന്നിരിക്കാൻ മാഷ് പറഞ്ഞു. ബെഞ്ചിൽ പോയിരിക്കുമ്പോൾ ഒരു മനുഷ്യശരീരം കീറിമുറിച്ച അഹന്തയും ആനന്ദവും അവർക്കുണ്ടായിരുന്നു.

ഗോപിക്കുട്ടനെ മാത്രം അടുത്തുനിർത്തി ഉച്ചത്തിൽ മാഷ് ക്ലാസ് തുടങ്ങി. അന്തഃസ്രാവികളുമായി പിണഞ്ഞുകിടന്ന ഗ്രന്ഥികളിലൂടെ ചൂരലോടിച്ച് മാഷ് പറഞ്ഞുതുടങ്ങി. ശ്രോണിക്ക് ഇരുവശങ്ങളിലുമായി കാണപ്പെടുന്ന പരന്നു വിസ്തൃതമായ തരുണാസ്ഥിയും പിത്തവാഹിനിയും ഗ്രസനിയുമെല്ലാം മാഷ് തൊട്ടുകാണിച്ചു. അപ്പോഴും തവളയുടെ ജീവൻ സ്പന്ദിച്ചുകൊണ്ടിരുന്നു. അതിന്റെ കരളിടിപ്പുകളും മലാശയത്തിനു ചുവടെ കണ്ട അവക്ഷിപ്തങ്ങളും കുട്ടികളെ രസിപ്പിച്ചിരുന്നു.

ക്ലാസ് അവസാനിച്ചപ്പോൾ അഭിനവമായ ഒരു മ്മേഷം എല്ലാവർക്കുമുണ്ടായി. അസാധാരണമായ ചൈതന്യവിശേഷം മാഷുടെ മുഖത്തും കാണപ്പെട്ടു. സമീപകാലത്തൊന്നും ഇങ്ങനെയൊരു നിറഞ്ഞ ചാരിതാർഥ്യത്തോടെ മാഷ് ക്ലാസെടുക്കുകയുണ്ടായിട്ടില്ലെന്നു സ്പഷ്ടം.

അനന്തരം ഗോപിക്കുട്ടനോട് തവളയുടെ കീറിമുറിച്ച ശരീരം തുന്നിക്കെട്ടാൻ മാഷ് പറഞ്ഞു. സഹായത്തിന് ഒന്നുരണ്ടു കുട്ടികളും കൂടി. സൂചിയും നൂലും സംഘടിപ്പിച്ച് വിദഗ്ധമായി തവളയുടെ ശരീരം മൂവരും ചേർന്നു തുന്നിച്ചേർക്കാൻ തുടങ്ങി. കൗതുകത്തോടെ മാഷും കുട്ടികളും അതു കണ്ടുനിന്നു. അപ്പോഴും തവളയിൽ ബാക്കിയായ ജീവസ്പന്ദം എല്ലാവരെയും കൂടുതൽ ഉത്തേജിപ്പിച്ചു.

തുന്നിച്ചേർത്ത തവള ചെറുതായി ഒന്നു പിടഞ്ഞപ്പോൾ കുട്ടികൾ ഒന്നടങ്കം കൈയടിച്ചു. സ്കൂൾ കുളത്തിൽത്തന്നെ അതിനെ ഇറക്കിവിടാൻ മാഷ് കല്പിച്ചു:

"ജീവിക്കുന്നേല് ജീവിച്ചോട്ടെ. കൊണ്ടുപോയിട്...."

കുട്ടികൾ ക്ലാസിൽ നിന്നിറങ്ങി തുന്നിക്കെട്ടിയ തവളയെയുംകൊണ്ട് ഒരു ഘോഷയാത്രപോലെ കുളക്കരയിലേക്കു നടന്നുപോയി. ഇപ്പോൾ, തവള കീറിമുറിക്കപ്പെട്ട ഒന്നാണെന്ന് ആരും പറയുകയില്ല. അതു തീർത്തും തന്റെ ജീവിതാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഗോപിക്കുട്ടൻ അതിനെ കുളക്കരയിൽ ഇറക്കിവച്ചതേയുള്ളൂ. അതു കുട്ടികളെയെല്ലാം തിരിഞ്ഞൊന്ന് നോക്കിയതുപോലെ തോന്നി. ആ ശരീരത്തിൽ വർധിച്ചുവന്ന ജീവചലനങ്ങൾ അവരെ ആവേശം കൊള്ളിച്ചു. കുട്ടികൾ ഒന്ന് ആർപ്പുവിളിക്കാനൊരുങ്ങവെ തവള ചെറുതായി മുന്നോട്ടു ചാടി. ഓരിയിട്ട് തുള്ളിച്ചാടുന്ന കുട്ടികളെ പിന്നെയും അതൊന്നു തിരിഞ്ഞു നോക്കി, വീണ്ടും ചാടി. കുളത്തിന്റെ ആഴങ്ങളിലേക്ക് ഒരു ചെറിയ ശബ്ദത്തോടെ അതു മുങ്ങിയിറങ്ങുന്നത് ഉച്ചത്തിലുള്ള ഘോഷങ്ങളുമായി കുട്ടികൾ കണ്ടുനിന്നു.

ആഴങ്ങളിലൂടെ ആ തവള തിരിച്ചുകിട്ടിയ ജീവിതവുമായി മുന്നോട്ട് നീങ്ങിപ്പോയി. അതിന്റെ സഞ്ചാരപഥങ്ങൾ ഇരുണ്ടതും ക്ലേശകരവുമായിരുന്നു. കാഴ്ചയ്ക്ക് വല്ലാതെ മൂടൽ വന്നുപെട്ടിരുന്നു. നീറിപ്പുകയുകയായിരുന്നു ശരീരം. എങ്ങനെയൊക്കെയോ ഉടലിൽ കരുത്തു സംഭരിച്ച് ഒട്ടും സന്തപ്തനാകാതെ ആവുംവിധം നീന്തിപ്പോയ ആ തവള കുളത്തിന്റെ മറുകരയിലെ, നിറയെ പൂപ്പലുള്ളതും പൊട്ടിയടർന്നതുമായ പടവുകൾക്കു കീഴെ, ഇലപ്പച്ചകൾക്കു മധ്യേയുള്ള തന്റെ വീട്ടിൽ ഒരുവിധം നീന്തിക്കയറി. അതൊരു ചന്ദ്രക്ഷയത്തിന്റെ രാത്രി

യായിരുന്നു. കാത്തുകാത്തു വിലപിച്ചവശരായി തളർന്നുകിടക്കുകയായിരുന്നു ഭാര്യയും കുഞ്ഞുങ്ങളും. ഭർത്താവിനെ കണ്ടപ്പോൾ പ്രിയതമയുടെയും അച്ഛനെ കണ്ടപ്പോൾ കുഞ്ഞുങ്ങളുടെയും കണ്ണുകളിൽ ആഹ്ലാദത്തിന്റെ കൊള്ളിമിന്നലുകളുണ്ടായി. എല്ലാവരും ചേർന്ന് തവളയെ ആഞ്ഞുപുൽകിയപ്പോൾ ശരീരം വേദനിച്ച് അതു ഞെരങ്ങി. ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ഒന്നും മനസ്സിലായില്ല. കുടുംബനാഥന്റെ ശരീരത്തിൽ ഒരു മാറ്റവും കാണാനായില്ല. ശരീരത്തിലെ തുന്നിച്ചേർക്കലുകളൊന്നും അവരുടെ ശ്രദ്ധയിൽ പ്പെട്ടില്ല.

"ഞങ്ങൾ പേടിച്ചുപോയി... എവിടെയായിരുന്നു?" ഉൽക്കണ്ഠാപൂർവമായ ചോദ്യത്തിന് പെട്ടെന്നു മറുപടികൊടുക്കാൻ ആ തവളയ്ക്കു കഴിഞ്ഞില്ല. അതു നീണ്ടുനിവർന്നു തളർന്നു കിടന്നു. ദീർഘമായി കിതയ്ക്കാൻ തുടങ്ങി. അതിന് എന്തോ പറ്റിപ്പോയിട്ടുണ്ടെന്ന് അപ്പോഴാണ് എല്ലാവർക്കും ബോധ്യമായത്. കുഞ്ഞുങ്ങൾ കരയാൻ തുടങ്ങി. അവരെ ആശ്വസിപ്പിച്ചുകൊണ്ട് തവള വിളിച്ചു:

"മക്കളേ...."

പിന്നെയും ആ വിളി കേട്ടപ്പോൾ കുഞ്ഞുങ്ങൾ ശിരസ്സുയർത്തി. തവള പറഞ്ഞുതുടങ്ങി:

"മഹത്തായ ഒരു കർമനിർവഹണത്തിനുശേഷമാണ് അച്ഛൻ വരുന്നത്. ഈശ്വരപൂർണമായ ഒരു നന്മയിൽ എന്റെ ശരീരമാകെ കുതിർന്നിരിക്കുകയാണ്. അർഥങ്ങൾ ഏറെയൊന്നും അവകാശപ്പെടാനില്ലാത്ത നമ്മുടെ വംശജീവിതത്തിന് നിത്യവും നിരതിശയകരവുമായ ഒരു പ്രകാശം ലഭിച്ചിരിക്കുന്നു. എന്റെ മക്കളിലേക്ക് അതു പകർന്നുകൊണ്ട് ഏറ്റവും ധന്യമായ ഒരു ജീവിതവുമായി അച്ഛന് ഇനി വിരമിക്കാമെന്നു തോന്നുന്നു."

മിഴിച്ചുനോക്കിയതല്ലാതെ കുഞ്ഞുങ്ങൾക്ക് ഒന്നും മനസ്സിലായില്ല. ഹൃദയേശ്വരന് ഭ്രാന്തു പിടിച്ചുപോയോ എന്നു പെൺതവളയ്ക്കു സംശയമായി. 'നിങ്ങൾക്കെന്തുപറ്റി' എന്നു ചോദിച്ച് അവൾ ഒന്നു കുലുക്കിയുണർത്തിയപ്പോൾ 'ങ്ഹാ'എന്ന് ശരീരത്തിലാകെ ഉഗ്രമായി വേദനിച്ച്, ഒച്ചവച്ച് ആ തവള പുളഞ്ഞു നിലവിളിച്ചു. അപ്പോഴാണ് പ്രിയതമന്റെ ശരീ



രത്തിലെ തന്തുക്കൾ അവളുടെ ദൃഷ്ടിയിൽപ്പെട്ടത്. ഉച്ചത്തിൽ ആക്രോശിക്കാൻ തുടങ്ങിയ അവളെ തലോടി ആ തവള വീണ്ടും ആശ്വസിപ്പിച്ചു. കരയരുതെന്ന് അഭ്യർഥിച്ചു. താൻ പറയുന്നതു മുഴുവനും സാവകാശം കേട്ട് ആലോചിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചു.

അനന്തരം പ്രിയതമയും കുഞ്ഞുങ്ങളും കുടുംബനാഥൻ പറഞ്ഞ കഥ കേട്ടു. ആ ക്ലാസ്മുറിയിൽ നാൽപ്പതോളം കുഞ്ഞുങ്ങൾക്കു മുന്നിൽ താനൊരു പാഠ്യവസ്തുവായി നിന്നുകൊടുത്ത ത്യാഗത്തിന്റെ കഥ ഒട്ടും സങ്കടച്ചുവയില്ലാതെ ആ തവള വിശദീകരിച്ചു. അറിവിന്റെ നന്മകൊണ്ട് സമ്പന്നമാക്കി, സ്നേഹകാരുണ്യംകൊണ്ട് ജീവിതത്തെ വെളിച്ചപ്പെടുത്തി, ഏറ്റവും ഉദാരപൂർണമായ ഒരു മനുഷ്യഭാവി നിർമിക്കാൻ വളർന്നുവരുന്ന കുട്ടികൾക്കുമുന്നിൽ ഒരുമണിക്കൂർ, കീറിമുറിക്കപ്പെട്ട ശരീരവുമായി, പാഠ്യോപകരണമായി കിടക്കാൻ കഴിഞ്ഞതിലെ സാഫല്യം ആ തവളയുടെ വാക്കുകളിൽ തുടിച്ചുനിന്നു. ഇപ്പോഴും അവശേഷിച്ചിട്ടുള്ള ശരീരത്തിലെ ജീവാംശങ്ങൾ ഐശ്വര്യസമൃദ്ധമായ മാനവികതയ്ക്കായി ത്രസിക്കുന്നുവെന്ന് അത് സാഭിമാനം പറഞ്ഞുനിർത്തി.

അച്ഛൻ പറഞ്ഞ കഥ കുട്ടികളെ പേടിപ്പിച്ചുകളഞ്ഞു. പെൺതവളയുടെ നിലവിളിയുയർന്ന് കുളത്തിലാകെ തരംഗങ്ങളുണർത്തി.

"കരയരുത്...."

കുടുംബനാഥന്റെ ഗാംഭീര്യമുള്ള ശബ്ദമുയർന്നു. പ്രിയതമയും കുഞ്ഞുങ്ങളും പെട്ടെന്നു കരച്ചിൽ നിർത്തി.

"ഞാൻ ഏറ്റവും ആഹ്ലാദിച്ചിരിക്കുമ്പോൾ നിങ്ങൾ കരയുന്നത് ശരിയാണോ?"

അതിന്റെ ശരീരത്തിലെ തന്തുക്കളും ചോരപുരണ്ട പാടുകളും ഒന്നുകൂടി നോക്കിയപ്പോൾ പെൺതവളയ്ക്കു പിടിച്ചുനിൽക്കാനായില്ല. അത് മൂർച്ഛിച്ചുവീണു. ഹൃദയേശ്വരൻ പറഞ്ഞതൊന്നും അവൾ പിന്നെ കേൾക്കുകയുണ്ടായില്ല. ബോധരഹിതയായ അമ്മയ്ക്കരികിൽനിന്നു കുഞ്ഞുങ്ങൾ അച്ഛനു നേരെ മിഴികളുയർത്തി.

"മക്കളേ...."

അച്ഛൻ പറഞ്ഞുതുടങ്ങി:

"അച്ഛന്റെ ജീവിതം വ്യർഥമായില്ല. മഹത്തായ ദാനം കൊണ്ട് സർവാശ്ലേഷിയായിത്തീർന്നിരിക്കുന്നു എന്റെ ജീവിതം. ആ മനുഷ്യക്കുട്ടികളുടെ കൈയിൽ ചെന്നുപെട്ടത് എന്റെയും നിങ്ങളുടെയും ഭാഗ്യമെന്നു വേണം പറയാൻ. എന്റെ ആമാശയവും മൂത്രസഞ്ചിയും പിത്തകോശവും തൊട്ടും കണ്ടും ഒരു തവളയുടെ ശരീരശാസ്ത്രത്തിന്റെ അറിവുകളാകെ ആ കുഞ്ഞുമസ്തിഷ്കങ്ങളിൽ നിറഞ്ഞു."

ഒന്നു നിർത്തി അച്ഛൻതവള തുടർന്നു:

"എനിക്കിനി ജീവിക്കാനാവില്ല. ഞാനിതാ യാത്രപറയുകയാണ്. ഒരിക്കലും ആ മനുഷ്യക്കുട്ടികളോട് നിങ്ങൾ സ്പർധയുള്ളവരാകരുത്. നാം ആരുടെയും വിധികർത്താക്കളല്ല. കർമങ്ങളിൽ പാപമുദ്രകൾ ആരോപിക്കാൻ പോലും നമുക്കവകാശമില്ല. കാലു വെട്ടിയെടുത്ത് നമ്മെ വലിച്ചെറിയുന്ന തവളപിടിത്തക്കാരെപ്പോലെ ദുഷ്ടന്മാരല്ല ആ മനുഷ്യക്കുട്ടികൾ. നിങ്ങളെയൊക്കെ അവസാനമായി കണ്ട് മരിക്കാൻ എന്നെ തിരിച്ചയച്ച നിഷ്കളങ്കരായ ആ പഠിതാക്കളോട് എന്നും കൂറുള്ളവരായിരിക്കുക."

ഇത്രയും പറഞ്ഞ് ആ തവള ഒരശ്രുകണം പോലും പൊഴിക്കാതെ നിര്യാണം പ്രാപിച്ചു. അപ്പോഴും പെൺതവള മൂർച്ഛിച്ചുകിടക്കുകയായിരുന്നു. അച്ഛന്റെ വാക്കുകളിലെ ഗഹനമായ പ്രത്യാശയും ഉദാരമായ അനുഭാവവും മനസ്സിലോർത്ത് കുഞ്ഞുങ്ങൾ കരയാൻ അറച്ചുനിന്നു. അച്ഛന്റെ മൃതശരീരത്തിൽ ക്ലാസ്മുറിയിൽനിന്നു കെട്ടിയ തന്തുക്കളിൽ വിരലോടിച്ച് അവർ അമ്മ ഉണരുന്നതും കാത്തുകിടന്നു. അവളുണരുകയുണ്ടായില്ല. ഹൃദയേശ്വരന്റെ ത്യാഗമൃത്യുവെ അവൾ ആദരിച്ച് പിന്തുടർന്നു. അങ്ങനെ ചരമത്തിലും അവർ പങ്കാളികളായി.

കാലം മാറിപ്പോയി. ബാലക്കുറുപ്പ് മാഷ് പെൻഷൻപറ്റി വൃദ്ധനായി. ആ തവളക്കുഞ്ഞുങ്ങളെക്കുറിച്ച് പിന്നീട് ഒരറിവുമില്ല. അവരുടെ അച്ഛനെ കീറിമുറിച്ച് ക്ലാസിൽ ജീവശാസ്ത്രം പഠിച്ച ആ കുഞ്ഞുങ്ങളാവട്ടെ, വളർന്നുവലുതായി. അവർ പിന്നെയും പലതും കീറിമുറിച്ചു. കീറിമുറിച്ചാണ് അവർ സ്നേഹം പഠിച്ചത്. കാരുണ്യവും നീതിയും സകല മനുഷ്യാവകാശങ്ങളും കീറിമുറിച്ചുതന്നെ പഠിച്ചു. കീറിമുറിച്ചുകൊണ്ട് അവർ ചരിത്രത്തിൽ തുടരുക തന്നെയാണ്.

പിതാക്കളുടെ അന്നത്തെ വീരമൃത്യുവെ സ്മരിക്കുകയാകണം, കൂട്ടമായ കരച്ചിലിലൂടെ ഇന്നും പാടങ്ങളിലും കുളക്കരയിലും നാട്ടുവഴികളിലും വംശാനന്തരതലമുറ.

***(വംശാനന്തരതലമുറ)***

- "അച്ഛന്റെ ജീവിതം വ്യർഥമായില്ല. മഹത്തായ ദാനം കൊണ്ട് സർവാശ്ലേഷിയായിത്തീർന്നിരിക്കുന്നു എന്റെ ജീവിതം" - തവളയുടെ ഈ സംതൃപ്തിക്ക് അടിസ്ഥാനമുണ്ടോ? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.
- "ഞങ്ങള് പേടിച്ചുപോയി. എവിടെയായിരുന്നു?" അമ്മത്തവളയുടെ ഉൽക്കണ്ഠ നിറഞ്ഞ വാക്കുകൾ. ഇവിടെ 'ഞങ്ങൾ പേടിച്ചുപോയി' എന്നതിനു പകരം 'ഞങ്ങൾ പേടിച്ചു, എവിടെയായിരുന്നു' എന്നായാലോ? - അഭിപ്രായമെഴുതുക.
- "പൂവുകളായിരം കീറിമുറിച്ചു ഞാൻ
  പൂവിന്റെ സത്യം പഠിക്കാൻ
  ഹൃദയങ്ങളായിരം കൊത്തിനുറുക്കി ഞാൻ
  സ്നേഹത്തിൻ തത്ത്വം പഠിക്കാൻ."

  ഈ വരികൾക്കു കഥയിലെ ആശയവുമായി ബന്ധമുണ്ടോ? - വിശദീകരിച്ചെഴുതൂ.
- "ഏറ്റവും വലിയ തവളയെ കൊണ്ടുവന്നത് ഗോപിക്കുട്ടനായിരുന്നു. ഒരു പോത്താച്ചിത്തവള തന്നെയായിരുന്നു അത്. കാലുള്ളതും ജീവനുള്ളതുമായ ആ തവളയെത്തന്നെ കീറിമുറിക്കാൻ മാഷ് തിരഞ്ഞെടുത്തു. ക്ലാസ്മുറിയിൽ അന്ന് ഒരുത്സവംതന്നെയായിരുന്നു."

  ക്ലാസ്മുറിയിലെ ഈ രംഗം വിവരിക്കുന്ന ഭാഗത്ത് 'തന്നെ' എന്ന പദം കഥാകൃത്ത് ആവർത്തിച്ചു പ്രയോഗിച്ചത് ശ്രദ്ധിച്ചോ? ഈ വാക്യങ്ങളിൽ നിന്ന് ഈ പദം ഒഴിവാക്കിയാലോ? എല്ലായിടത്തും ഒരേ അർഥത്തിൽ തന്നെയാണോ ഈ പദം പ്രയോഗിച്ചിട്ടുള്ളത്?- പരിശോധിച്ച് സ്വന്തം അഭിപ്രായമെഴുതുക.
- "അച്ഛൻ പറഞ്ഞ കഥ കുട്ടികളെ പേടിപ്പിച്ചുകളഞ്ഞു,"

  കുട്ടിത്തവളയെ കുളത്തിലേക്ക് എറിഞ്ഞുകളഞ്ഞു"- കളഞ്ഞു എന്ന പദമില്ലെങ്കിലും രണ്ടു വാക്യങ്ങളിലും തെറ്റൊന്നുമില്ലല്ലോ. ഈ പദപ്രയോഗത്തിന്റെ സാധ്യത എന്താണ്? - കഥാസന്ദർഭവുമായി ബന്ധപ്പെടുത്തി പരിശോധിക്കുക.
- "കാലുവെട്ടിയെടുത്ത് 'കനിവോടെ' ജീവിക്കാൻ വിട്ടു" - ഈ വാക്യത്തിലെ കനിവോടെ എന്ന പദം നൽകുന്ന അർഥവിശേഷം എന്താണ്? ഇത്തരം വാക്യപ്രയോഗങ്ങൾ ഭാഷയ്ക്കു നൽകുന്ന ഗുണങ്ങൾ എന്തെല്ലാം? - കുറിപ്പെഴുതുക.

*വിദ്യ നേടാൻ മനുഷ്യൻ ജീവജാലങ്ങളെ കീറിമുറിക്കുന്നു. വിദ്യ നേടിക്കഴിഞ്ഞാലോ?*

# വിദ്യകൊണ്ടറിയേണ്ടത്



പൂന്താനം

സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ.

മദമത്സരം ചിന്തിച്ചുചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ;

ചഞ്ചലാക്ഷിമാർ വീടുകളിൽ പുക്കു
കുഞ്ചിരാമനായാടുന്നിതു ചിലർ.

കോലകങ്ങളിൽ സേവകരായിട്ടു
കോലംകെട്ടി ഞെളിയുന്നിതു ചിലർ;

ശാന്തിചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ;

അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉണ്മാൻപോലും കൊടുക്കുന്നില്ല ചിലർ;

അഗ്നിസാക്ഷിണിയായൊരു പത്നിയെ
സ്വപ്നത്തിൽ പോലും കാണുന്നില്ല ചിലർ;

സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ;

വന്ദിതന്മാരെക്കാണുന്ന നേരത്തു
നിന്ദിച്ചത്രേ പറയുന്നിതു ചിലർ;

കാൺക നമ്മുടെ സംസാരം കൊണ്ടത്രേ
വിശ്വമീവണ്ണം നിൽപ്പൂവെന്നും ചിലർ;

ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചുകുന്തിച്ചു
ബ്രഹ്മാവുമെനിക്കൊവ്വായെന്നും ചിലർ;

അർഥാശയ്ക്കു വിരുതു വിളിപ്പിപ്പാൻ
അഗ്നിഹോത്രാദി ചെയ്യുന്നിതു ചിലർ;

സ്വർണങ്ങൾ നവരത്നങ്ങളെക്കൊണ്ട്
എണ്ണം കൂടാതെ വിൽക്കുന്നിതു ചിലർ.

മത്തേഭംകൊണ്ടു കച്ചവടം ചെയ്തും
ഉത്തമതുരഗങ്ങളതുകൊണ്ടും

അത്രയുമല്ല, കപ്പൽവെപ്പിച്ചിട്ടു-
മെത്രനേടുന്നിതർഥം ശിവ! ശിവ!

വൃത്തിയുംകെട്ടു ധൂർത്തരായെപ്പൊഴും
അർഥത്തെക്കൊതിച്ചെത്ര നശിക്കുന്നു.

അർഥമെത്ര വളരെയുണ്ടായാലും
തൃപ്തിയാകാ മനസ്സിനൊരുകാലം.

പത്തു കിട്ടുകിൽ നൂറു മതിയെന്നും
ശതമാകിൽ സഹസ്രം മതിയെന്നും

ആയിരം പണം കൈയിലുണ്ടാകുമ്പോൾ
അയുതമാകിലാശ്ചര്യമെന്നതും

ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ.

സത്തുക്കൾ ചെന്നിരന്നാലായർഥത്തിൽ
സ്വൽപ്പമാത്രം കൊടാ ചില ദുഷ്ടന്മാർ.

ചത്തുപോം നേരം വസ്ത്രമതുപോലു-
മെത്തിടാ കൊണ്ടുപോവാനൊരുത്തർക്കും.

പശ്ചാത്താപമൊരെള്ളോളമില്ലാതെ
വിശ്വാസപാതകത്തെക്കരുതുന്നു.

വിത്തത്തിലാശ പറ്റുക ഹേതുവായ്
സത്യത്തെ ത്യജിക്കുന്നു ചിലരഹോ!

സത്യമെന്നതു ബ്രഹ്മമതുതന്നെ
സത്യമെന്നു കരുതുന്നു സത്തുക്കൾ.

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം.

***(ജ്ഞാനപ്പാന)***

- "അർഥമെത്ര വളരെയുണ്ടായാലും തൃപ്തിയാകാ മനസ്സിനൊരുകാലം" - ഇത് പുതിയ കാലത്തെയും പ്രശ്നമല്ലേ? 'മനുഷ്യന്റെ അമിതമായ ധനമോഹം' എന്ന വിഷയം മുൻനിർത്തി സ്കൂൾ അസംബ്ലിയിൽ നടത്താനുള്ള ഒരു പ്രസംഗം തയാറാക്കുക.
- "സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
  നാണംകെട്ടു നടക്കുന്നിതു ചിലർ" -

  ഈ ആശയത്തിന്റെ തുടർച്ചയായി ആനുകാലികസംഭവങ്ങളുമായി ബന്ധിപ്പിച്ച് ഇതേ ഈണത്തിൽത്തന്നെ ഏതാനും വരികൾ രചിക്കൂ.
- "മദമത്സരം ചിന്തിച്ചുചിന്തിച്ചു
  മതികെട്ടു നടക്കുന്നിതു ചിലർ"

  "ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു
  ബ്രഹ്മാവുമെനിക്കൊവ്വായെന്നും ചിലർ"

  ഇവിടെ ചില പദങ്ങൾ ആവർത്തിച്ചുവരുന്നില്ലേ? ഇങ്ങനെ വന്നില്ലെങ്കിൽ അർഥത്തിനോ താളത്തിനോ മാറ്റം സംഭവിക്കുമോ? പരിശോധിക്കുക.
- "അച്ഛന്റെ ജീവിതം വ്യർഥമായില്ല. മഹത്തായ ദാനം കൊണ്ട് സർവാശ്ലേഷിയായിത്തീർന്നിരിക്കുന്നു എന്റെ ജീവിതം" എന്നു പറയുന്ന 'വംശാനന്തരതലമുറ'യിലെ തവളയെയും ജ്ഞാനപ്പാനയിൽ പരാമർശിക്കുന്ന മനുഷ്യരെയും താരതമ്യംചെയ്തു കുറിപ്പു തയാറാക്കുക.

“അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ”

*സ്വന്തം ജീവിതം ധന്യമാക്കാൻ നിങ്ങളും ഈ മാർഗം സ്വീകരിക്കുമോ?*



# കാടുവാഴാൻ

സി.എൻ. ശ്രീകണ്ഠൻനായർ

കൈകേയി : (പ്രേമവൈവശ്യത്തോടെ) ആര്യപുത്രാ!

ദശരഥൻ : (കൈകേയിയുടെ നീട്ടിയ കരം വികാരവിധുരനായി ഗ്രഹിച്ചുകൊണ്ട്) കബരീഭരം അഴിച്ചിട്ട് അലസയായ രാത്രി നിന്നെപ്പോലെ നക്ഷത്രേശനെ മാടിവിളിക്കുന്നു.

കൈകേയി : രാത്രി അവളുടെ സർവസ്വവും നക്ഷത്രേശനു നൽകി. നക്ഷത്രേശനോ!

ദശരഥൻ : അവൾ ഇച്ഛിച്ചതെല്ലാം.

കൈകേയി : (പരിഭവത്തോടെ) വാഗ്ദാനങ്ങളല്ലാതെ മറ്റെന്താണ് ആര്യപുത്രൻ ഇവൾക്കു നൽകിയിട്ടുള്ളത്? പടകുടീരത്തിൽ, ഉദ്യാനവാടിയിൽ, നിത്യവും രാവിൽ എന്തെന്തു വാഗ്ദാനങ്ങൾ ഇവൾക്കു നൽകി!

ദശരഥൻ : (പാരവശ്യത്തോടെ കൈകേയിയെ സമീപിച്ചുകൊണ്ട്) നീ നമ്മോടൊന്നും അർഥിച്ചിട്ടില്ല.

കൈകേയി : അർഥിച്ചാൽ നൽകുമോ?

ദശരഥൻ : നമ്മുടെ സമസ്തവും നൽകും.

കൈകേയി : (കണ്ണുകൾ അടയുകയും മാറിടം ഉയർന്നുപൊങ്ങുകയും നെടുനിശ്വാസം ഉയരുകയും ചെയ്യുന്നു) സത്യമാണോ?

ദശരഥൻ : സത്യം...

കൈകേയി : ഈ കളിത്തോഴിയുടെ ശിരസ്സിൽ തൊട്ടു സത്യം ചെയ്യൂ.

ദശരഥൻ : (അതീവദുർബലനായി കൈകേയിയുടെ ശിരസ്സിൽ കൈവച്ച്) സത്യം, സത്യം, സത്യം. ഈ പൂമെയ്യാണെ, ഈ അധരക്കനിയാണെ, ഈ കുളിർനെറ്റിയിൽ മുത്തിട്ട ജലബിന്ദുക്കളാണെ സത്യം!

കൈകേയി : (മുട്ടുകുത്തി ദശരഥന്റെ കരം ഗ്രഹിച്ചുകൊണ്ടും ഊർധ്വമുഖിയായി നോക്കിക്കൊണ്ടും) പ്രാണേശാ! കൈകേയിക്ക് ഒരു വരം മാത്രം മതി.

ദശരഥൻ : (കൈകേയിയെ പിടിച്ചെഴുന്നേൽപ്പിച്ചുകൊണ്ട്) ചോദിച്ചുകൊള്ളൂ.

കൈകേയി : കൗസല്യയുടെ പുത്രൻ നാളെമുതൽ പതിന്നാലു സംവത്സരം കാട്ടിൽ പാർക്കണം.

ദശരഥൻ : (നടുക്കത്തോടെ) രാക്ഷസീ!

കൈകേയി : ആര്യപുത്രാ! ദേവിയും രാക്ഷസിയും ഒന്നല്ലല്ലോ? അവർക്കു തമ്മിൽ ഒരുനിമിഷത്തിന്റെ അകലമെങ്കിലും വേണ്ടതില്ലേ?

ദശരഥൻ : നിന്റെ ശിരസ്സ് ആയിരം ശകലങ്ങളായി തെറിക്കട്ടെ! സൂര്യബിംബം തകർന്നുടയട്ടെ! നമുക്കു ചാഞ്ചല്യമില്ല...

കൈകേയി : ആര്യപുത്രൻ ഇവൾക്ക് ആയിരം തവണ ഇഷ്ടവരം നൽകി. ഒരുനിമിഷം മുൻപ് അങ്ങു സത്യം, സത്യം, സത്യം എന്നു മൂന്നുരു പറഞ്ഞു, ഇവളുടെ ശിരസ്സിൽ കൈവച്ചു പറഞ്ഞു.

ദശരഥൻ : നീ......... നീ വിഷം ചേർത്ത മദ്യമാണ്.

കൈകേയി : വിഷം ചേർത്ത മദ്യം ആര്? കേകയപുത്രിയോ കോസലാധിപനോ? സർവവും സമർപ്പിച്ച കൈകേയിയെ ചാടുവാക്യങ്ങളാൽ മയക്കിച്ചതിച്ചതാര്? അങ്ങു രാജ്യശുല്ക്കം പറഞ്ഞല്ലേ കൈകേയിയെ പരിണയിച്ചത്? എന്നിട്ട് ഗൂഢമായി മറ്റൊരാൾക്കു രാജ്യം കൈമാറുന്നു. ഇതോ കോസലാധിപന്മാർക്കു നീതി? തരൂ എന്റെ മകന്റെ രാജ്യം. കൗസല്യയുടെ പുത്രൻ കാടുവാഴട്ടെ.

ദശരഥൻ : (സരൗദ്രം) ഭയങ്കരീ! നീ മൃത്യുവാണ്, നാം മുത്തുമാലയെന്നോർത്ത് അണിഞ്ഞ കാളസർപ്പമാണ്. നിന്റെ സൗന്ദര്യവും അതിന്റെ ദുഷ്ടശക്തിയും നിന്നോടുകൂടി ഒടുങ്ങട്ടെ.

(ദശരഥൻ കൈകേയിയെ കഴുത്തു ഞെക്കിക്കൊല്ലാൻ തുനിയുന്നു. പക്ഷേ, കൈകേയിയുടെ കരുണാർദ്രമായ നോട്ടവും അവളുടെ സ്പർശവും ദശരഥന്റെ കൈകളെ പരിക്ഷീണമാക്കിക്കളയുന്നു).

കൈകേയി : ഇതോ ആര്യപുത്രന്റെ കളിത്തോഴിക്കു ലഭിച്ച സമ്മാനം?

ദശരഥൻ : (പിൻവാങ്ങി) നീയും രാമനുമാണ് നമ്മുടെ സർവസ്വവും.

കൈകേയി : ആര്യപുത്രന്റെ പൊന്നോമനയിൽ പിറന്ന പുത്രനല്ലേ ഭരതൻ....?

ദശരഥൻ : ഭരതൻ ഒരിക്കലും രാജ്യം ചോദിക്കുകയില്ല. അവൻ ധർമനിഷ്ഠൻ!

കൈകേയി : അവന് അവകാശപ്പെട്ട രാജ്യം അവന്റെ രക്ഷിതാവ് ചോദിക്കുന്നു. നൽകൂ അവനു രാജ്യം.

ദശരഥൻ : പക്ഷേ, നീ ശുല്ക്കം ചോദിക്കുമെന്ന് നാം വിചാരിച്ചില്ല. നാളെ പ്രഭാതത്തിൽ നമ്മുടെ സീമന്തപുത്രന് ആചാര്യവിധിപ്രകാരം യൗവരാജ്യം നൽകുന്നു. അതിന്റെ ഉത്സവം അയോധ്യയിൽ ആരംഭിച്ചിരിക്കുന്നു. നാലുദിക്കും പെരുമ്പറകൾ മുഴങ്ങുന്നു. ഈ സന്തോഷം അറിഞ്ഞു വിടരുന്ന പുഞ്ചിരി നുകരാൻ ഓടിയെത്തിയതാണ് നാം..... വർഷർത്തുവിൽ ചാഞ്ചാടുന്ന പുൽത്തഴപ്പുകൾ അറിയുന്നില്ല, അടിയിൽ അഗ്നിശിലാപാളികൾ തകരുന്ന ഘോഷം. രാജാ ദശരഥനും ഒരു പുൽക്കൊടിയും തമ്മിലെന്തു ഭേദം? പ്രിയപ്പെട്ട കൈകേയീ.... നാം ഈ സത്യം എങ്ങനെ പാലിക്കും?

കൈകേയി : സത്യം പാലിക്കാൻ ശിബി സ്വന്തം ശരീരം മുറിച്ചു പരുന്തിനു നൽകി. അളർക്കൻ കണ്ണു രണ്ടും ചുരന്നെടുത്ത് അന്ധബ്രാഹ്മണനു നൽകി. ആര്യപുത്രന് ഒരു വ്യഥയും കൂടാതെ സത്യം പാലിക്കാമല്ലോ.....

ദശരഥൻ : നമുക്ക് ഒരു വ്യഥയുമില്ലെന്നോ?

കൈകേയി : സത്യദീക്ഷയിൽ ലഭിക്കുന്ന ചിത്തശാന്തിയിൽ ആ വ്യഥ അരക്ഷണംകൊണ്ടു മാറും. സത്യത്തിൽ ധർമവും അന്തർഹിതമായിരിക്കുന്നു. സത്യം നിത്യമാണ്.

ദശരഥൻ : ഉണ്ണിക്ക് രാജ്യം നൽകാൻ പാടില്ലെന്നാണോ?

കൈകേയി : രാജ്യം ഭരതന്റെയാണ്.

ദശരഥൻ : പക്ഷേ, അയോധ്യയുടെ ഓമനപ്പുത്രൻ എന്തിനു കാട്ടിൽ പാർക്കണം?

കൈകേയി : അച്ഛന്റെ സത്യം പാലിക്കാൻ.

ദശരഥൻ : (മുട്ടുകുത്തിനിന്ന്) പ്രിയേ! കോസലാധിപൻ ഇതാ കുമ്പിടുന്നു. ആ സത്യത്തിൽനിന്ന് എന്റെ ഉണ്ണിയെ മോചിപ്പിക്കൂ. അവന് യൗവരാജ്യം ലഭിച്ചുകൊള്ളട്ടെ.

കൈകേയി : (ദശരഥനെ എഴുന്നേൽപ്പിച്ചുകൊണ്ട്) ആര്യപുത്രൻ എന്തിനധീരനാകുന്നു? എന്റെയും അങ്ങയുടെയും ഭരതനോട് അങ്ങേക്കു പ്രിയമില്ലേ?

ദശരഥൻ : നാം ഒരു പുത്രന്റെ മുഖം ആദ്യം കണ്ടത് രാമൻ പിറന്നപ്പോഴാണ്. ഈ ജീവിത നെടുമ്പാത നിത്യചക്രവാളത്തിൽ ലയിക്കാറായി. അവസാനത്തെ പടവിൽ എത്തുമ്പോൾ, പ്രിയപ്പെട്ടവരോടു വിടവാങ്ങുമ്പോൾ, ആ മുഖം ഒന്നു തിരിഞ്ഞു നോക്കാൻ നമുക്കു കൊതിയാവുകയില്ലേ? ഭരതൻ നാടുവാഴണമെങ്കിൽ ആയിക്കൊള്ളട്ടെ. രാമൻ കാടുവാഴണമെന്ന് എന്തിനു ശഠിക്കുന്നു?

കൈകേയി : രാമൻ കാടുവാണില്ലെങ്കിൽ ഭരതനു നാടുവാഴാനും സാധ്യമല്ല.

ദശരഥൻ : ഭവതിയുടെ പ്രാണാധിനാഥനുവേണ്ടി ആ ശുല്ക്കവും സത്യവും ഇളയ്ക്കാൻ സാധ്യമല്ലേ?

കൈകേയി : അങ്ങയുടെ ഹൃദയേശ്വരിക്കുവേണ്ടി ഒരു നിസ്സാരത്യാഗം അങ്ങു ചെയ്യുകയില്ലേ?

ദശരഥൻ : മഹാകോസലത്തിന്റെ അധിപൻ കേണിരക്കുന്നു. സൂര്യചക്രം ഉരുളുന്ന കിഴക്കു ദിക്കെല്ലാം, സിന്ധുവും സൗവീരവും സൗരാഷ്ട്രവും അംഗവും വംഗവും മഗധവും കാശിയും കോസലവും മത്സ്യദേശങ്ങളും ദക്ഷിണാപഥങ്ങളും നമ്മുടെ രാജ്യമാണ്. അതിൽ ഭവതി ഏത് ഇച്ഛിക്കുന്നുവോ, അതു ചോദിച്ചുകൊള്ളുക.

കൈകേയി : (ദൃഢമായി) ആര്യപുത്രാ! കൈകേയി ജീവിതത്തിൽ മറ്റൊന്നും അങ്ങയോട് അഭ്യർഥിച്ചിട്ടില്ല. ഇതിൽ ഇവൾക്ക് ഇളക്കവും ഇല്ല. എന്റെ പുത്രനു രാജ്യാവകാശമുണ്ട്. ആ അവകാശം ചോദിക്കാൻ എന്തിനു ലജ്ജിക്കണം? ഇല്ല, മഹാരാജൻ! ഇവൾക്കിതിൽ മാറ്റമില്ല. രാമനെ കാടുവാഴിക്കാനും ഭരതനെ നാടുവാഴിക്കാനും ഞാൻ മൂന്നുരു യാചിക്കുന്നു. അങ്ങിതു സ്വീകരിച്ചില്ലെങ്കിൽ കൈകേയി അങ്ങയുടെ മുമ്പിൽ ജീവൻ ത്യജിക്കും.

ദശരഥൻ : മഹാവിഷ്ണോ! എല്ലാ വഴിയും അടഞ്ഞ ഈ വനമധ്യത്തിൽ നാം എങ്ങനെ എത്തി? ഇരുളും ക്രൂരസർപ്പങ്ങളുടെ സീൽക്കാരവും മാത്രം. ആപത്തിനെ തരണംചെയ്യുന്ന വനത്രേ മർത്ത്യൻ. തരണംചെയ്യാനാവാത്ത ആപത്ത് ഒന്നേയുള്ളൂ. അത് അവന് ആ മനോഹരമായ പേരും നൽകി.

കൈകേയി : (സ്നേഹവാത്സല്യങ്ങളോടെ) പ്രാണേശാ!..... അങ്ങേക്ക് ഇവൾ ശക്തി നൽകാം... ആകാശവും കടലും കരയും സൂക്ഷിക്കുന്ന ലാവണ്യം എല്ലാം അങ്ങയുടെ കാൽക്കൽ ഞാൻ അർച്ചിക്കാം. (ദശരഥന്റെ കരം ഗ്രഹിക്കുന്നു) വരൂ മട്ടുപ്പാവിൽ.

(ദശരഥൻ നിശ്ചലനായി നിൽക്കുന്നു).

ദശരഥൻ : നക്ഷത്രഭൂഷണേ! രാവേ! നീ പുലരാതിരുന്നെങ്കിൽ! (സാവധാനം മഞ്ചത്തിൽ ചാരിക്കിടക്കുന്നു).

(രംഗം ക്രമേണ ഇരുളുന്നു. ഒരു പ്രകാശനാളത്തിൽ സൂത്രധാരൻ തലപ്പാവില്ലാതെ പ്രത്യക്ഷപ്പെടുന്നു).

സൂത്രധാരൻ : രാജാവ് ഉറങ്ങിയില്ല. പക്ഷേ, അയോധ്യയിലും അന്ന് ആരും ഉറങ്ങിയില്ല. അവർ ഉത്സവം ഘോഷിക്കുകയായിരുന്നു. പിറ്റേന്നു നേരം പുലർന്നു. നഗരവീഥികൾ അണിഞ്ഞൊരുങ്ങിക്കഴിഞ്ഞു. ജനങ്ങൾ കുളിച്ചൊരുങ്ങി അഭിഷേകയാത്ര കണ്ടു വന്ദിക്കാൻ രാജപാതയിൽ സ്ഥാനംപിടിച്ചുകൊണ്ടിരിക്കുന്നു. അഭിഷേകസംഭാരങ്ങൾ രാജഗൃഹത്തിലെ അഗ്നിശാലയിൽ എത്തിക്കഴിഞ്ഞു. നാലംഗപ്പട കൊട്ടാരമുറ്റത്തു നിരക്കുന്നു. സർവത്ര തിക്കും തിരക്കും. എങ്ങും ഭേരീരവം തന്നെ. ദശരഥരാജേന്ദ്രൻ കിഴക്കേദിക്കും നോക്കി കിടക്കുകയാണ്...... (പോകുന്നു).

(ക്രമേണ രംഗവേദി തെളിയുമ്പോൾ ഉറങ്ങാതെ അസ്വസ്ഥനായി മഞ്ചത്തിൽ ചാരിയിരിക്കുന്ന രാജാവിന്റെ രൂപം വ്യക്തമാകുന്നു. ഒരു നിമിഷം രാജാവ് എഴുന്നേറ്റിരുന്ന് പൂർവദിങ്മുഖം ഉറ്റുനോക്കുന്നു.)

ദശരഥൻ : ഉദയാസ്തമയങ്ങൾ കണ്ട് ഈ ഭൂമി മുഷിഞ്ഞു. ലക്ഷ്യമില്ലാതെ പിന്നെയും തുഴയാൻ ഈ നശിച്ച ആവർത്തനം പ്രേരിപ്പിക്കുന്നു. (വാൽക്കണ്ണാടി കണ്ട് അതെടുത്ത് മുഖംനോക്കി മന്ദമായി ഹസിക്കുന്നു.) ആജീനവാന്തം കണ്ണാടി നോക്കട്ടെ.

മുഖം ഏതോ ഒരു മുഹൂർത്തത്തിൽ മാത്രമേ കാണുന്നുള്ളൂ. കാണുന്നതോ, ലജ്ജയും ഭീതിയും വടുകെട്ടി മുരടിച്ച ഭീകരരൂപം! അപ്പോഴേക്കും വൈകിപ്പോകും. ആ കേട് മാറ്റാൻ ഒരു വേദവും പഠിപ്പിക്കുന്നില്ല.

(കൈകേയി ഉടുത്തൊരുങ്ങി പ്രവേശിക്കുന്നു. ദശരഥൻ കൈകേയിയെ തുറിച്ചു നോക്കിയിട്ട് കണ്ണാടി നീട്ടുന്നു. അവൾ വാങ്ങിക്കുന്നു. എന്നിട്ട് അറിയാതെ മുഖം നോക്കിപ്പോകുന്നു).

ഭവതിയുടെ മുഖം കാണുന്നുണ്ടോ?

കൈകേയി : (ശൃംഗാരമധുരമായി) ഞാനും ഒന്നു കണ്ടുകൊള്ളട്ടെ.

ദശരഥൻ : കാണുന്നത് സ്വന്തം മുഖമായിരിക്കുകയില്ല.

കൈകേയി : പുലരുമ്പോൾ എന്നും ആര്യപുത്രന് പരിഹാസമല്ലേയുള്ളൂ!

ദശരഥൻ : (പെട്ടെന്ന് എഴുന്നേറ്റ്) നാം രാമമന്ദിരത്തിലേക്കു പുറപ്പെടുകയാണ്.

കൈകേയി : രാമനും സുമന്ത്രരും ഉടനെ എത്തും. ഞാൻ ആളയച്ചുകഴിഞ്ഞു.

ദശരഥൻ : നാം അതാവശ്യപ്പെട്ടില്ലല്ലോ?

(സുമന്ത്രരാൽ അനുഗതനായി രാമൻ പ്രവേശിക്കുന്നു).

(അൽപ്പനേരം മകനെ ഉറ്റുനോക്കി വികാരവൈവശ്യം ശ്രമപ്പെട്ട് അടക്കുന്നു).

ഉണ്ണീ.... ദർഭയിൽ നിനക്കുറങ്ങാൻ സാധിച്ചോ?

രാമൻ : ഉറക്കം വന്നില്ല.

(ദശരഥൻ അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു).

സുമന്ത്രർ : മഹാരാജൻ! എഴുന്നള്ളാനുള്ള സമയമായി.

ദശരഥൻ : സുമന്ത്രരും രാത്രി വളരെ ക്ലേശിച്ചിരിക്കണം.

സുമന്ത്രർ : പ്രഭോ! അടിയൻ എല്ലാ സജ്ജീകരണങ്ങളും പരിശോധിച്ചിട്ട് അർധരാത്രി കഴിഞ്ഞപ്പോൾ, ജനങ്ങളുടെ ആഹ്ലാദം കാണാൻ വേഷം മാറി ഊരുചുറ്റി നടന്നു. ഒരിടത്ത് അടിയനും കുതിരപ്പുറത്തുനിന്നിറങ്ങി നൃത്തം ചെയ്തുപോയി.

ദശരഥൻ : ജനങ്ങൾ അത്രയധികം ആഹ്ലാദിക്കുന്നു!

കൈകേയി : (അക്ഷമയോടെ) കുമാരാ! പ്രിയനായ നിന്നോട് അപ്രിയം ചൊല്ലാൻ ആര്യപുത്രൻ അധൈര്യപ്പെടുകയാണ്. എന്നാൽ സത്യത്തിനു പ്രിയവും അപ്രിയവുമില്ല. ആര്യപുത്രനു മടിയാണെങ്കിൽ....

ദശരഥൻ : മതി, ഭവതിക്കു നാം സിംഹാസനം ഒഴിഞ്ഞുതന്നിട്ടില്ല. കൈകേയി നമുക്കു പത്നിമാരിൽ ഒരുവൾ മാത്രം. (അൽപ്പം കഴിഞ്ഞ്) ഉണ്ണീ! നീ കാവലിട്ടു കിടന്നുറങ്ങാൻ നാം കൽപ്പിച്ചു. എന്നാൽ നമുക്കു കാവലില്ലായിരുന്നു. ഏതു ഗർത്തം തരണം ചെയ്യാൻ നാം ഓരോ ചുവടും കരുതിവച്ചുവോ, ആ ദുസ്തരഗർത്തം എത്രയോ മുൻപ് നമ്മെ വിഴുങ്ങിക്കഴിഞ്ഞിരുന്നു! നിങ്ങൾ നാൽവരും ഈ മുറ്റത്തു കളിച്ചപ്പോൾ നാം ജയിച്ചുവെന്നു കരുതി. ജയിച്ചില്ല. നാം വിധിയുടെ കൈകളിൽ ഒരു ശിശുവിനെപ്പോലെ അമരുന്നു. കുമാരാ! കേകയപുത്രിക്കു നാം രാജ്യശുല്ക്കം

വാഗ്ദത്തം ചെയ്തിട്ടുണ്ട്. പുത്രൻ ഭരതനു കൈകേയി രാജ്യം ചോദിക്കുന്നു. ഭരതൻ നാടുവാഴണമെങ്കിൽ രാമൻ പതിന്നാലുവത്സരം കാട്ടിൽ പാർക്കണമെന്നും അവൾ ശഠിക്കുന്നു. നാം രണ്ടും സമ്മതിച്ചു. ഭരതൻ രാജ്യം ഏൽക്കട്ടെ. നീ പതിന്നാലുവത്സരം വനവും ധന്യമാക്കട്ടെ. (ദശരഥൻ മറയുന്നു)

രാമൻ : (നിമിഷം കഴിഞ്ഞു പ്രശാന്തമായി) സുമന്ത്രരേ! അശ്വദൂതന്മാർ രാജകൽപ്പനയും വഹിച്ച് അതിശീഘ്രം കേകയത്തെത്തി ഭരതനെ കൂട്ടിക്കൊണ്ടുവരട്ടെ.

***(സാകേതം)***

- രാമായണകഥയിലെ ഒരു പ്രധാന വഴിത്തിരിവാണല്ലോ നാടകഭാഗത്ത് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിലെ എല്ലാ കഥാപാത്രങ്ങളുടെയും പ്രവൃത്തികൾക്ക് അവരുടേതായ നിലയിൽ സാധൂകരണം കണ്ടെത്താൻ നാടകകൃത്ത് ശ്രമിച്ചിട്ടുണ്ട്. ഇതിൽ ഏതു കഥാപാത്രത്തിന്റെ നിലപാടിനോടാണ് നിങ്ങൾ കൂടുതൽ യോജിക്കുന്നത്? - വിശദമാക്കുക.
- "മറ്റുള്ളവർക്കായ് സ്വന്തം ജീവിതം മാറ്റിവയ്ക്കുന്നവരാണ് യഥാർഥ ത്യാഗികൾ" - ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ രാമന്റെ വനയാത്രയെ വിശകലനം ചെയ്യുക.
- ".... മഗധവും കാശിയും കോസലവും മത്സ്യദേശങ്ങളും ദക്ഷിണാപഥങ്ങളും നമ്മുടെ രാജ്യമാണ്. അതിൽ ഭവതി ഏത് ഇച്ഛിക്കുന്നുവോ, അതു ചോദിച്ചുകൊള്ളുക" - ദശരഥൻ കൈകേയിയോടു പറയുന്നതാണിത്. ഈ രണ്ടു വാക്യങ്ങളും ഒന്നാക്കിമാറ്റിയാണ് പറയുന്നതെങ്കിലോ? അപ്പോൾ വാക്യത്തിന് വരുന്ന വ്യത്യാസം കണ്ടെത്തുക; കുറിപ്പ് തയാറാക്കുക.

# നിഘണ്ടു

| | |
|---|---|
| **അ**ഗാധം | - ആഴമേറിയ |
| അണ | - പഴയ നാണയം, പല്ലിന്റെ കടഭാഗം |
| അത്തൽ | - ദുഃഖം |
| അത്താഴം | - രാത്രിഭക്ഷണം |
| അതിശയോക്തി | - ഉള്ളതിൽ കൂടുതലോ കുറവോ പറയുന്നത്. |
| അധിപൻ | - പ്രഭു, മുഖ്യൻ, രാജാവ് |
| അധിഷ്ഠിത | - ആശ്രയിക്കപ്പെട്ട |
| അനക്ക് | - എനിക്ക്, നിനക്ക് |
| അനർഘം | - വിലമതിക്കാനാവാത്തത് വളരെ വിലപ്പെട്ടത് (അർഘം = വില) |
| അനുഷ്ഠാനം | - ആചാരം (മതപരമായ ആചാരം) |
| അന്തഃസ്രാവി | - അകത്തു സ്രവങ്ങളെ ഉൽപാദിപ്പിക്കുന്നത്. |
| അനൽപ്പം | - അധികം - അൽപ്പമല്ലാത്തത് |
| അന്തർഹിതമായ | - മറച്ചുവയ്ക്കപ്പെട്ട, അകത്തു സ്ഥിതിചെയ്യുന്ന |
| അപകൃഷ്ടം | - നീചമായ, താഴ്ന്ന |
| അപരാധം | - കുറ്റം, തെറ്റ് |
| അപരിഷ്കൃതം | - പരിഷ്കരിക്കപ്പെടാത്തത്, പ്രാകൃതം |
| അപവാദം | - ദുഷ്പേര്, അപഖ്യാതി |
| അഭിനവം | - വളരെ പുതിയത് |
| അഭിരുചി | - താൽപ്പര്യം |
| അഭിഷേകം | - രാജസ്ഥാനത്ത് അവരോധിക്കൽ |
| അയ്ന് | - അതിന് |
| അർഥം | - ധനം |
| അർഥന | - യാചന |
| അവക്ഷിപ്തം | - കീഴോട്ട് എറിയപ്പെട്ട, അധിക്ഷേപിക്കപ്പെട്ട |
| അവബോധം | - അറിവ്, ഉണർവ് |
| അവരോഹണം | - ഇറക്കം |
| അശ്രു | - കണ്ണീർ |
| അഷ്ടി | - ഭക്ഷണം |
| അസ്തിത്വം | - നിലനിൽപ്പ്, ഉണ്ടെന്നുള്ള അവസ്ഥ |
| അസ്തിവാരം | - അടിസ്ഥാനം, അടിത്തറ |
| അഹമ്മതി | - അഹങ്കാരം |
| | |
| **ആ**കാരം | - ആകൃതി |
| ആക്രോശം | - നിലവിളി |
| ആചമിക്കുക | - കുടിക്കുക (ധ്യാനിച്ചുകൊണ്ടു കുടിക്കുക) |
| ആത്മമിത്രം | - ഉറ്റചങ്ങാതി |
| ആയോധനം | - യുദ്ധം |
| ആരവം | - ശബ്ദം |
| ആരോഹണം | - കയറ്റം |
| ആർത്തൻ | - ദുഃഖിതൻ |
| ആർത്തസ്വരം | - ദീനസ്വരം, കരച്ചിൽ |
| ആർത്തി | - ദുഃഖം, കൊതി |
| ആവിഷ്കാരം | - വെളിപ്പെടുത്തൽ |
| ആശങ്ക | - സംശയം |
| ആറ്റുനോറ്റ് | - കാത്തുകാത്തിരുന്ന് |
| | |
| **ഇ**ംഗിതം | - ഇഷ്ടം |
| ഇച്ഛ | - ആഗ്രഹം |
| ഇത്തിരീസുംപാടെ | - കുറച്ചു ദിവസംകൂടി |
| ഇമ്മിണി | - കുറച്ച്, ഇത്തിരി |
| ഇഹ | - ഇവിടെ |
| ഇറമ്പ് | - വക്ക് |
| ഇറയം | - തിണ്ണ |
| | |
| **ഉ**ക്കത്ത് | - ഒക്കത്ത് |
| ഉക്തി | - വാക്ക് |
| ഉച്ചാടനം | - ഇല്ലായ്മ ചെയ്യൽ |
| ഉത്തേജനം | - മൂർച്ചകൂട്ടൽ, പ്രോത്സാഹിപ്പിക്കൽ |
| ഉത്കൃഷ്ടത | - ശ്രേഷ്ഠമായ അവസ്ഥ |
| ഉൽപ്പത്തി | - ആരംഭം |
| ഉത്ഭവംകൊള്ളുക | - ജനിക്കുക, ആരംഭിക്കുക |
| ഉദരം | - വയറ് |
| ഉന്മദം | - ഭ്രാന്തുള്ള, ലഹരിപിടിച്ച |
| ഉദ്യാനവാടി | - പൂന്തോട്ടം |
| ഉപജീവനം | - ദിവസവൃത്തി, കഴിഞ്ഞുകൂടൽ |
| ഉപാധി | - വ്യവസ്ഥ |
| ഉഭയം | - രണ്ടുംകൂടി |
| ഉരുവം | - ജനനം, ഉൽപ്പത്തി, രൂപം |
| ഉലകം | - ലോകം |
| ഉലാത്തുക | - വിശ്രമാർഥം നടക്കുക |
| ഉഷസ്സ് | - പ്രഭാതം |
| | |
| **ഊ**ര് | - ദേശം, നാട് |
| | |
| **എ**രുത് | - കാള |
| എഴിപ്പും കരുത്തും | - ഊർജസ്വലത |

**ഏ**ണം - മാൻ
ഏവം - ഇപ്രകാരം

**ഔ**ത്കൃഷ്ട്യം - ഉത്കൃഷ്ടത, മേന്മ
ഔത്സുക്യം - ഉത്സുകത, താൽപ്പര്യം

**ക**ണ്ഠം - കഴുത്ത്
കതിര - കള
കഥാകാലക്ഷേപം - കഥാപ്രസംഗം
കല്പവൃക്ഷം - ദേവലോകത്തെ ഒരു വൃക്ഷം (ഫലവൃക്ഷം എന്ന അർഥത്തിൽ പ്രയോഗിച്ചിരിക്കുന്നു).
കെറുവിക്കുക - ദേഷ്യപ്പെടുക
ക്ലിഷ്ടം - ക്ലേശമുള്ളത്

**ഗ**മനാഗമനം - പോക്കും വരവും (ഗമനവും ആഗമനവും)
ഗർത്തം - കുഴി
ഗഹനം - ആഴമുള്ളത്
ഗോത്രം - വംശം, സവിശേഷ സംസ്കാരമുള്ള ജനവിഭാഗം
ഗോഷ്ടി - കോക്രി, സഭ

**ഘ**ട്ടിസ്സാദം - കട്ടച്ചോറ്
ഘോഷം - ഒച്ച, കോലാഹലം (വനത്തിനുള്ളിൽ പശുക്കളെ താമസിപ്പിക്കുന്ന സ്ഥലം)

**ച**കിത - ഭയപ്പെട്ടവൾ
ചക്കാത്ത് - ദാനം (സകാത്ത്)
ചമ്മട്ടി - (കുതിരയെ) തെളിക്കാനുള്ള ചാട്ട
ചന്ദ്രക്ഷയം - ചന്ദ്രൻ ഇല്ലാത്ത രാത്രി (കറുത്തപക്ഷത്തിലെ രാത്രി)
ചാക്രികം - ചക്രം ചുറ്റുന്ന, ആവർത്തന സ്വഭാവമുള്ള
ചാഞ്ചല്യം - ഇളക്കം
ചാടുവാക്യം - കളിവാക്ക്
ചാരിതാർഥ്യം - സാഫല്യം (ചെയ്യേണ്ടതു ചെയ്തു, നേടേണ്ടതു നേടി എന്ന തൃപ്തി).
ചിന്തേരിടുക - മിനുക്കുക (ആശാരിപ്പണിയിൽനിന്നു വന്ന പദം)
ചിന്നിയ - ചിതറിയ
ചൊവ്വറ് - ചൊവ്വുള്ളവർ (മേലാളർ)
ചോനക്കായ് - സോപ്പിനു പകരം ഉപയോഗിക്കുന്ന കായ് (ഉറുവഞ്ചിക്കായ്)

**ഛാ**യ - നിഴൽ

**ജ**പ്തി - കണ്ടുകെട്ടൽ
ജംഗമം - ഇളകുന്ന
ജാഗരണം - ഉണർത്തൽ
ജിഹ്വ - നാക്ക്
ജീവസ്പന്ദം - പ്രാണന്റെ തുടിപ്പ്

**ത**ത്ത്വാവബോധം - തത്ത്വത്തെപ്പറ്റിയുള്ള അറിവ്
തത്ര - അവിടെ
തപോനിധി - തപോധനൻ, ഋഷി
തന്ത്രജ്ഞൻ - തന്ത്രശാലി
തന്തു - നൂല്
തന്ത്രി - കമ്പി
തരു - വൃക്ഷം
തരുണൻ - യുവാവ്
തരുണാസ്ഥി - മൃദുവായ അസ്ഥി
തിരസ്കരിക്കുക - തള്ളിക്കളയുക
തിര്യക്ക് - വിശേഷബുദ്ധിയില്ലാത്ത ജീവി, വിലങ്ങനെ
തൃത്ത (തൃത്താവ്) - തുളസി
തെള്ളി - തീ ആളിക്കത്തുന്നതിന് ഉപയോഗിക്കുന്ന ഒരുതരം പൊടി.
തേരാളി - തേര് തെളിക്കുന്നവൻ, സാരഥി
ത്യജിക്കുക - ഉപേക്ഷിക്കുക
തൊങ്കൽ - അലങ്കാരത്തിനു വേണ്ടി തൂക്കിയിടുന്നത്

**ദു**നിയാവ് - ലോകം

**ധാ**ര - ഒഴുക്ക്
ധൂളി - പൊടി

**ന**ക്ഷത്രേശ്വരൻ - നക്ഷത്രരാജൻ, ചന്ദ്രൻ
നടപ്പുദീനം - പകർച്ചവ്യാധി, കോളറ
നമിക്കുക - കുനിയുക, താഴുക
നയചതുരൻ - സാമർഥ്യക്കാരൻ, തന്ത്രശാലി
നമ്രം - കുനിഞ്ഞ
നയിക്കുക - അധ്വാനിക്കുക, കൊണ്ടുവരുക
നർത്തനം - നൃത്തം
നാങ്കൾ - ഞങ്ങൾ
നികൃഷ്ടം - ഹീനമായ
നിക്കി - നിൽക്കൂ
നിരന്തരം - തുടർച്ചയായ
നിരപായം - അപായമില്ലാത്ത

| | |
|---|---|
| നിരഹങ്കാരിത | - അഹങ്കാരമില്ലാത്ത അവസ്ഥ |
| നിർഗതം | - നിർഗമിച്ചത്, മലം, മായം, അപായം, സങ്കോചം |
| നിർമലം | - കളങ്കമില്ലാത്തത്, പരിശുദ്ധമായത് |
| നിർധനൻ | - ധനമില്ലാത്തവൻ, ദരിദ്രൻ |
| നിർമായം | - മായമില്ലാത്തത് |
| നിഷ്കൃഷ്ടം | - വളരെ ശ്രദ്ധയോടെ |
| നിസ്സങ്കോചം | - മടികൂടാതെ, സങ്കോചമില്ലാതെ |
| നിസ്തേജർ | - തേജസ്സു നശിച്ചവർ |
| നീചനാരി | - താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീ |
| നെസീബ് | - ഭാഗ്യം |
| നൈകൃഷ്ട്യം | - നികൃഷ്ടമായ അവസ്ഥ |
| നൈരന്തര്യം | - തുടർച്ച |
| **പ**ടകുടീരം | - പടവീട്, പടയാളികളെ പാർപ്പിച്ചിട്ടുള്ള കൂടാരം |
| പട്ടട | - ചിത |
| പഥം | - മാർഗം, വഴി |
| പയ്യാരം | - നേരമ്പോക്കിനുള്ള സംസാരം, പായാരം |
| പരമം | - ശ്രേഷ്ഠം |
| പരവശം | - ക്ഷീണിച്ച (പരവശത-പാരവശ്യം-ക്ഷീണം) |
| പരാധീനം | - അന്യനു കീഴ്പ്പെട്ടത് |
| പരാവർത്തനം | - മറ്റൊരു വിധത്തിൽ പറയൽ (പദ്യത്തിന്റെ അർഥം ഗദ്യമാക്കൽ) |
| പരിജ്ഞാനം | - അറിവ് |
| പരിണയം | - വിവാഹം |
| പരിക്ഷീണം | - വലിയ ക്ഷീണം |
| പവിത്രം | - പരിശുദ്ധം |
| പാടലം | - ഇളം ചുവപ്പ് |
| പാരം | - വളരെ |
| പാട്ടം | - കൃഷിസ്ഥലത്തിന്റെ വാടക |
| പാരുഷ്യം | - മാർദവമില്ലാത്ത |
| പാവകൻ | - തീയ് |
| പിശകുക | - അധികം വേണമെന്നു നിർബന്ധിക്കുക, തർക്കിക്കുക, ശാഠ്യംപിടിക്കുക |
| പിളേക് | - പ്ലേഗ് |
| പൃഥ്വി | - ഭൂമി |
| പെരിയോൻ | - വലിയവൻ |
| പൊൻകോയ | - പൊന്നു കോർത്തുകെട്ടിയത് |
| പോറകൾ | - വഷളന്മാർ |
| പുലഭ്യം | - ചീത്ത, വഷളത്തം |
| പെരുമ്പറ | - തുകൽകൊണ്ട് ഉണ്ടാക്കിയ ഒരു വലിയ വാദ്യോപകരണം |
| പൊലിക | - വളരട്ടെ, വർധിക്കട്ടെ |
| പ്രകൃത്യവബോധം | - പ്രകൃതി + അവബോധം (പ്രകൃതിയെക്കുറിച്ചുള്ള അറിവ്) |
| പ്രജ്ഞ | - വിശേഷബുദ്ധി, ബോധം |
| പ്രതിരോധം | - തടസ്സപ്പെടുത്തൽ |
| പ്രവണം | - താൽപ്പര്യമുള്ള |
| പ്രവാഹം | - ഒഴുക്ക് |
| പ്രശാന്തം | - വളരെ ശാന്തം |
| പ്രാചീനം | - പഴയത് |
| പ്രാപ്തി | - കഴിവ് |
| പൈതൃകം | - പിതാവിനെ സംബന്ധിച്ച, പാരമ്പര്യം |
| **ഫ**ണി | - പാമ്പ് (ഫണം ഉള്ളത്) |
| ഫണം | - പത്തി |
| **ബ**ലി | - ഒരനുഷ്ഠാനം, ദേവന്മാർക്കും പിതൃക്കൾക്കും സമർപ്പിക്കുന്നു. |
| ബാഹു | - കൈ |
| ബല്ലിച്ച | - വല്ലതും |
| ബിട്ടത് | - വിട്ടത്, ഉപേക്ഷിച്ചത് |
| ബിരോതം | - വിരോധം |
| ബെച്ചാൽ | - വച്ചാൽ |
| ബെറുക്കനെ | - വെറുതെ |
| ബേണ്ടുക | - കൃപ |
| ബ്രഹ്മപദം | - മോക്ഷം |
| ബ്രാഹ്മണ്യം | - ബ്രാഹ്മണൻ എന്ന ഭാവം |
| **ഭ**ഗിനി | - സഹോദരി |
| ഭവ്യത | - വിനയം |
| ഭീമാകാരം | - വലിയ രൂപം |
| ഭേരി | - പെരുമ്പറ |
| ഭേരീരവം | - പെരുമ്പറയുടെ ശബ്ദം |
| **മ**ഞ്ചട്ടി | - ഒരു മരുന്ന്, മൺചട്ടി |
| മതി | - ബുദ്ധി |
| മനോധർമം | - ഭാവനാശക്തി, ആലോചനാശക്തി |
| മനോരാജ്യം | - വിചാരം, ആകാശക്കോട്ട |
| മന്നത്ത് | - സമ്മതം, ശപഥം |
| മയ്നപറച്ചിൽ | - മേനിപറച്ചിൽ |
| മർത്ത്യൻ | - മനുഷ്യൻ |

മാച്ചറ് - മണി
മാത്തിരം - മാത്രം
മാരുതൻ - കാറ്റ്
മാലിക - മാല
മീൻകോയ - മീൻ കോർത്തുകെട്ടിയത്
മൂർച്ഛ - ബോധക്കേട്
മുകുളം - വിടർന്നു തുടങ്ങിയ മൊട്ട്
മൃത്യു - മരണം
മേക്കാത് - കാതിന്റെ മുകൾഭാഗം
മേവുക - പാർക്കുക, വസിക്കുക
മോഹനം - സുന്ദരം
മംഗളം - ശുഭം

**യ**ഷ്ടികൾ - ഭോഷന്മാർ
യൗവരാജ്യാഭിഷേകം - യുവരാജാവായി വാഴിക്കൽ

**രാ**ജ്യശുല്ക്കം - രാജ്യം പണയം വയ്ക്കൽ
രൗദ്രം - നവരസങ്ങളിൽ ഒന്ന് (പേടിപ്പെടുത്തുന്ന ഭാവം)

**വ**ങ്കത്തം - വിഡ്ഢിത്തം
വന്യത - വനത്തിന്റെ ഭാവം, പ്രാകൃതഭാവം
വലാഹം - മേഘം
വറുതി - ക്ഷാമം
വാരണം - ആന
വാരസോപ്പ് - ബാർസോപ്പ്
വിക്രീതം - വിറ്റ, വിക്രയം ചെയ്യപ്പെട്ട
വിണ്ണവർ - ദേവൻമാർ (വിണ്ണിലുള്ളവർ)
വിധുരൻ - ദുഃഖിതൻ, നഷ്ടഭാര്യൻ
വിമ്മിട്ടം - ശ്വാസംമുട്ടൽ, പ്രയാസം
വിലക്ഷണർ - ലക്ഷണമൊക്കാത്തവർ
വിവേകം - വിചാരിച്ചറിയാനുള്ള ശക്തി, തിരിച്ചറിവ്
വീരാളി - പലനിറമുള്ള (പട്ടുതുണി)
വൃഷഭം - കാള
വൈരസ്യം - വിരസത
വ്യഥ - ദുഃഖം
വ്യർഥം - പ്രയോജനമില്ലാത്ത
വ്യവഹാരം - കേസ്

**ശ**കലം - അംശം
ശക്തിക്ഷയം - ബലക്ഷയം
ശുത്തം - ശുദ്ധം
ശുഭ്രം - വെളുത്ത
ശുഷ്കം - ഉണങ്ങിയ
ശോകം - ദുഃഖം
ശൈലം - പർവതം

ശ്രോണി - അരക്കെട്ടിന്റെ പിൻഭാഗം

**സ**ദ്ഭാവം - നല്ല ഭാവം
സന്നദ്ധൻ - തയാറായവൻ
സന്തപ്തൻ - ദുഃഖിതൻ
സന്താപം - ദുഃഖം
സമ്പുഷ്ടം - പുഷ്ടി പ്രാപിച്ച
സമസ്തം - മുഴുവൻ
സർവാശ്ലേഷി - എല്ലാറ്റിനെയും ഉൾക്കൊള്ളുന്നത്
സഹസ്രം - ആയിരം
സാധു - സന്ന്യാസി
സാന്ത്വനം - സമാധാനപ്പെടുത്തൽ
സാന്ത്വോക്തി - സമാധാനിപ്പിക്കുന്ന വാക്ക്
സാഫല്യം - ഫലമുണ്ടായ അവസ്ഥ
സ്നിഗ്ധം - സ്നേഹമുള്ള, മെഴുമെഴുപ്പുള്ള
സ്തുത്യം - സ്തുതിക്കത്തക്കത് (പ്രശംസനീയം)
സ്പർധ - മത്സരം, അസൂയ, വിരോധം
സ്ഫുരിക്കുക - പ്രകാശിക്കുക
സീൽക്കാരം - പാമ്പും മറ്റും ചീറ്റുമ്പോൾ ഉണ്ടാവുന്ന ശബ്ദം
സുകൃതി - പുണ്യവാൻ
സുഖദം - സുഖം നൽകുന്നത്
സുന്ദരാംഗൻ - സുന്ദരമായ അവയവങ്ങളോടു കൂടിയവൻ
സെയ്ത്താൻ - ചെകുത്താൻ
സംക്രമിക്കുക - പകരുക
സംഘാതം - കൂട്ടം
സംഭാരങ്ങൾ - ഒരുക്കങ്ങൾ
സംഭ്രമം - പരിഭ്രമം
സംഭ്രാന്തർ - പരിഭ്രമിച്ചവർ, സംഭ്രമിച്ചവർ
സംവത്സരം - കൊല്ലം, വർഷം
സംവേദനം - അറിയിക്കൽ
സ്വത്വം - തിരിച്ചറിയാൻ കഴിയുന്ന പ്രത്യേകത, വ്യക്തിത്വം
സ്രോതസ്സ് - ഉറവിടം

**ഹ**നിക്കുക - കൊല്ലുക
ഹമ്ക്ക് - വിഡ്ഢി
ഹരിതം - പച്ച
ഹർമ്യം - മാളിക
ഹുങ്കാരം - ഹും എന്ന ശബ്ദം
ഹൃദയതന്ത്രികൾ - ഹൃദയമാകുന്ന വീണയുടെ തന്ത്രികൾ
ഹേമന്തം - ആറ് ഋതുക്കളിൽ ഒന്ന് (തണുപ്പുകാലം)
ഹൃദയസ്പൃക്ക് - ഹൃദയത്തെ സ്പർശിക്കുന്ന

# ഗ്രന്ഥകാരന്മാരും കൃതികളും

**പൂന്താനം നമ്പൂതിരി**

1547-നടുത്ത് നെന്മേനി തിരുമാന്ധാംകുന്ന് ക്ഷേത്രത്തിനടുത്ത് പൂന്താനം ഇല്ലത്ത് ജനിച്ചു. നിഷ്കളങ്കമായ ഭക്തിയും സത്യസന്ധമായ ആവിഷ്കാരവുമായിരുന്നു പൂന്താനംകൃതികളുടെ മുഖമുദ്ര. മേല്പത്തൂർ നാരായണ ഭട്ടതിരിയുടെ സമകാലികനായിരുന്നു പൂന്താനം. സാമൂഹികമായ അനാചാരങ്ങളെയും ദുഷ്പ്രവണതകളെയും വേണ്ടുംവണ്ണം വിമർശിച്ചു.

പ്രധാന കൃതികൾ : ഘനസംഘം, ജ്ഞാനപ്പാന, ശ്രീകൃഷ്ണകർണാമൃതം, സന്താനഗോപാലം, ആനന്ദനൃത്തം, നൂറ്റെട്ടു ഹരി, തമിഴ്സ്തോത്രങ്ങൾ

**കുഞ്ചൻനമ്പ്യാർ**

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവി. പ്രാചീന കവിത്രയത്തിൽപ്പെടുന്നു. 'കവിത ചാട്ടവാറാക്കിയ കവി.' പാലക്കാട് ജില്ലയിലെ ലക്കിടി തീവണ്ടിയാപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്ത് ഭവനത്തിലാണ് ജനനം. തുള്ളൽക്കലയുടെ പരിഷ്കർത്താവ്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി ഒട്ടനവധി കൃതികൾ രചിച്ചു. കല്യാണസൗഗന്ധികം, കിരാതം, ഘോഷയാത്ര, ബാലിവിജയം, സ്യമന്തകം, കാർത്തവീര്യാർജുനവിജയം, ത്രിപുരദഹനം തുടങ്ങിയവ അവയിൽ ചിലതാണ്. ശ്രീകൃഷ്ണചരിതം മണിപ്രവാളം മുതലായവയും നമ്പ്യാരുടെ കൃതികളിൽപ്പെടുന്നു.

സാമൂഹികവിമർശനം, നിശിതമായ ഫലിതപരിഹാസങ്ങൾ, കേരളീയത, സാധാരണക്കാരന്റെ ഭാഷ, ലോകോക്തികൾ എന്നിവ നമ്പ്യാർക്കവിതകളുടെ മുഖമുദ്രകളാണ്.

**കുമാരനാശാൻ (1873 – 1924)**

തിരുവനന്തപുരം ജില്ലയിലെ കായിക്കര ഗ്രാമത്തിൽ ജനിച്ചു. ശ്രീനാരായണഗുരുവിന്റെ പ്രധാന ശിഷ്യൻ. എസ്.എൻ.ഡി.പി. യോഗം സെക്രട്ടറിയായി പ്രവർത്തിച്ചു. ബാംഗ്ലൂരിലും മദ്രാസിലും കൽക്കത്തയിലും ഉപരിപഠനം നടത്തി. 1907-ൽ പ്രസിദ്ധീകരിച്ച 'വീണപൂവ്' മലയാളകവിതയിൽ പരിവർത്തനത്തിനു തുടക്കം കുറിച്ചു. നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, കരുണ തുടങ്ങിയ ഖണ്ഡകാവ്യങ്ങളും ധാരാളം മികച്ച ഭാവഗീതങ്ങളും രചിച്ചിട്ടുണ്ട്.

**വൈലോപ്പിള്ളി ശ്രീധരമേനോൻ (1911– 1985)**

എറണാകുളം ജില്ലയിലെ കലൂരിൽ ജനിച്ചു. 'കാച്ചിക്കുറുക്കിയ കവിത'എന്ന് അദ്ദേഹത്തിന്റെ കവിതകളെ വിശേഷിപ്പിക്കാറുണ്ട്. പ്രധാന കൃതികൾ: കയ്പവല്ലരി, കടൽക്കാക്കകൾ, കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, ശ്രീരേഖ, വിത്തും കൈക്കോട്ടും, ഓണപ്പാട്ടുകാർ, വിട, കുടിയൊഴിക്കൽ, കുന്നിമണികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

**തകഴി ശിവശങ്കരപ്പിള്ള (1912 – 1999)**

ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. വക്കീലായി പ്രാക്ടീസ് നടത്തി. നോവലിസ്റ്റ്, കഥാകാരൻ എന്നീ നിലകളിൽ പ്രസിദ്ധനായി. കേരള സാഹിത്യ അക്കാദമിയുടെയും സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെയും പ്രസിഡന്റായിരുന്നു. ജ്ഞാനപീഠ പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വള്ളത്തോൾ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയവ ലഭിച്ചു.

പ്രധാന കൃതികൾ: രണ്ടിടങ്ങഴി, കയർ, ചെമ്മീൻ, തോട്ടിയുടെ മകൻ, അനുഭവങ്ങൾ പാളിച്ചകൾ, ഏണിപ്പടികൾ (നോവൽ), തോറ്റില്ല

(നാടകം), എന്റെ വക്കീൽ ജീവിതം (ഓർമക്കുറിപ്പുകൾ), ഘോഷയാത്ര, അടിയൊഴുക്കുകൾ, തിരഞ്ഞെടുത്ത കഥകൾ (കഥകൾ).

**എസ്.കെ.പൊറ്റെക്കാട്ട് (1913 – 1982)**

ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട് എന്നു പൂർണനാമം. കോഴിക്കോട്ട് ജനിച്ചു. ചെറുകഥാകൃത്ത്, നോവലിസ്റ്റ്, സഞ്ചാരസാഹിത്യകാരൻ, കവി.

വിഷകന്യക, മുടുപടം, നാടൻപ്രേമം, ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ (നോവലുകൾ), പുള്ളിമാൻ, രാജമല്ലി, നിശാഗന്ധി, കള്ളിപ്പൂക്കൾ, ഇന്ദ്രനീലം, ജലതരംഗം (കഥകൾ), ഹിമാലയസാമ്രാജ്യത്തിൽ, നേപ്പാൾയാത്ര, കാപ്പിരികളുടെ നാട്ടിൽ, നൈൽഡയറി (സഞ്ചാരസാഹിത്യം), സഞ്ചാരിയുടെ ഗീതങ്ങൾ (കവിത) എന്നിവ പ്രധാന കൃതികൾ. ജ്ഞാനപീഠ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ലോകസഭാംഗമായിരുന്നു.

**ഉറൂബ് (1915–1979)**

യഥാർഥ നാമം പി.സി.കുട്ടിക്കൃഷ്ണൻ. പൊന്നാനിയിൽ ജനിച്ചു. അധ്യാപകൻ, ഗുമസ്തൻ, പത്രപ്രവർത്തകൻ എന്നിങ്ങനെ പല ജോലികളും ചെയ്തു.

പ്രധാന കൃതികൾ : പിറന്നാൾ (കവിത), ഗോപാലൻനായരുടെ താടി, ലാത്തിയും പൂക്കളും, തുറന്നിട്ട ജാലകം (കഥകൾ), ഉമ്മാച്ചു, മിണ്ടാപ്പെണ്ണ്, സുന്ദരികളും സുന്ദരന്മാരും, കുഞ്ഞമ്മയും കൂട്ടുകാരും (നോവലുകൾ), തീകൊണ്ട് കളിക്കരുത് (നാടകം). കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**കെ. സുരേന്ദ്രൻ (1921 – 1996)**

കൊല്ലം ജില്ലയിലെ ഓച്ചിറയിൽ ജനനം. നോവലിസ്റ്റ്, ജീവചരിത്രകാരൻ, നിരൂപകൻ, നാടകകൃത്ത് എന്നീ നിലകളിൽ പ്രസിദ്ധൻ. കാട്ടുകുരങ്ങ്, താളം, മായ, സീമ, മരണം ദുർബലം, പതാക, കരുണാലയം, സീതായനം, ഗുരു (നോവലുകൾ), ടോൾസ്റ്റോയിയുടെ കഥ, കുമാരനാശാൻ (ജീവചരിത്രം), കലയും സാമാന്യജനങ്ങളും, നോവൽസ്വരൂപം സൃഷ്ടിയും നിരൂപണവും (നിരൂപണം), ബലി, അരക്കില്ലം, പളുങ്കുപാത്രം, പാനപാത്രത്തിലെ കൊടുങ്കാറ്റ് (നാടകം), ജീവിതവും ഞാനും (ആത്മകഥ).

**നിത്യചൈതന്യയതി (1924 – 2002)**

പത്തനംതിട്ട ജില്ലയിൽ ജനിച്ചു. 1949-ൽ സന്ന്യാസം സ്വീകരിച്ചു. ലോകത്തിലെ മിക്ക രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. നിരവധി വിദേശ സർവകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറായിരുന്നു. മനഃശാസ്ത്രം ജീവിതത്തിൽ, ഭാരതീയ മന:ശാസ്ത്രത്തിന് ഒരാമുഖം, തുമ്പപ്പൂ മുതൽ സൂര്യൻ വരെ, പരിവർത്തനോന്മുഖ വിദ്യാഭ്യാസം, മൂല്യങ്ങളുടെ കുഴമറിച്ചിൽ, യാത്ര, സ്വപ്നം, തത്ത്വമസി: തത്ത്വവും അനുഷ്ഠാനവും, നളിനി എന്ന കാവ്യശില്പം തുടങ്ങിയവ കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**സി.എൻ. ശ്രീകണ്ഠൻ നായർ (1928 – 1976)**

കൊല്ലം ജില്ലയിലെ ചവറയിൽ ജനനം. നാടകത്തിന്റെ ഘടനയിലും രംഗാവിഷ്കരണസങ്കേതത്തിലും ഇതിവൃത്ത വ്യാഖ്യാനത്തിലും നവീകരണം നടത്തിയ നാടകകൃത്ത്.

കൃതികൾ : കാഞ്ചനസീത, ലങ്കാലക്ഷ്മി, സാകേതം, ആ കനി തിന്നരുത്, നഷ്ടക്കച്ചവടം, കലി (നാടകങ്ങൾ), സിന്ദൂരപ്പൊട്ട്, പിച്ചിപ്പൂവ്, പുളിയിലക്കര നേര്യത് (ചെറുകഥാ സമാഹാരങ്ങൾ). കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

**ഒ.എൻ.വി. കുറുപ്പ്**

1931-ൽ കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. നാടൻശീലുകളോടുള്ള ആഭിമുഖ്യം, ഗാനാത്മകത, ലയഭംഗി, ആശയസമ്പുഷ്ടി എന്നിവ ഒ.എൻ.വി. കവിതകളുടെ സവിശേഷതകൾ. ചലച്ചിത്രഗാന രചയിതാവ് എന്ന നിലയിലും ശ്രദ്ധേയനാണ്. കൃതികൾ: ഒരു തുള്ളി വെളിച്ചം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, കറുത്തപക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൂമിക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, ഭൈരവന്റെ തുടി, സ്വയംവരം.

എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര-കേരള

സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചു.

**ജി. ഭാർഗവൻപിള്ള**

1933 ൽ പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്തുള്ള കുടശ്ശനാട് എന്ന സ്ഥലത്തു ജനിച്ചു. ആകാശവാണിയുടെ തിരുവനന്തപുരം നിലയത്തിൽ ജോലി നോക്കിയിട്ടുണ്ട്. പ്രസിദ്ധ ഫോക്‌ലോർ ഗവേഷകൻ.

പ്രധാന കൃതികൾ : പരണപ്പാട്ടുകൾ, കാക്കാരിശ്ശിനാടകം, പ്രകൃതിയുടെ മടിത്തട്ടിൽ, പൂമുഖം.

**ഡോ.എം.വി.വിഷ്ണുനമ്പൂതിരി**

1939-ൽ കണ്ണൂർ ജില്ലയിലെ പയ്യന്നൂരിനടുത്ത കുന്നരുവിൽ ജനനം. നാടൻകലാ ഗവേഷണ രംഗത്ത് പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്നു. കേരള ഫോക്‌ലോർ അക്കാദമിയുടെ മുൻ ചെയർമാൻ.

നാടോടിവിജ്ഞാനീയം, തെയ്യവും തിറയും, പൂരക്കളി, ഗവേഷണ പ്രവേശിക, ഫോക്‌ലോർ നിഘണ്ടു തുടങ്ങിയവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി എൻഡോവ്മെന്റ് അവാർഡ്,

കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ സീനിയർ ഫെല്ലോഷിപ്പ് എന്നിവ ലഭിച്ചിട്ടുണ്ട്.

**നാരായൻ**

ഇടുക്കി ജില്ലയിലെ കുടയത്തൂർമലയുടെ അടിവാരത്തുള്ള ചാലപ്പുറത്തു വീട്ടിൽ 1940 സെപ്തംബർ 26ന് ജനനം. തപാൽവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു.

കൊച്ചരേത്തി, ഊരാളിക്കുടി, പെലമറുത എന്നിവ പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്.

**എം.എൻ.കാരശ്ശേരി**

മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ എന്നു പൂർണ നാമം. 1951-ൽ കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ ജനിച്ചു. കോഴിക്കോട് സർവകലാശാലാ അധ്യാപകൻ.

വിശകലനം, മക്കയിലേക്കുള്ള പാത, കുറിമാനം, തിരുവരുൾ, ആലോചന, ഒന്നിന്റെ ദർശനം, കാഴ്ചവട്ടം, മാരാരുടെ കുരുക്ഷേത്രം, കുളിച്ചല്ലേന്നു പറഞ്ഞാലെന്താ?, ആരും കൊളുത്താത്ത വിളക്ക്, തുഞ്ചൻപറമ്പിലെ ബ്ലീച്ച് എന്നിവയാണ് പ്രധാന കൃതികൾ.

**കെ.ജെ.ബേബി**

1954-ൽ കണ്ണൂർ ജില്ലയിലെ മാവടിയിൽ ജനനം. അധ്യാപകൻ. 'കനവ്' എന്ന വിദ്യാലയത്തിന്റെ സ്ഥാപകൻ. നാടകപ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ മാവേലിമൻറം (1994) എന്ന നോവലാണ് പ്രധാന കൃതി. നാടുഗദ്ദിക (നാടകം) തനതു നാടകപ്രസ്ഥാനത്തിലെ ശ്രദ്ധേയമായ രചനയാണ്.

**വി.ആർ.സുധീഷ്**

കോഴിക്കോട് ജില്ലയിലെ വടകരയിൽ ജനനം. മുപ്പതിലധികം കൃതികൾ പ്രസിദ്ധീകരിച്ചു. കോളേജ് അധ്യാപകൻ.

ദൈവത്തിനൊരു പൂവ്, ക്രൂരഫലിതക്കാരൻ ദൈവം, കല്ലേരിയിലെത്തുന്ന തപാൽക്കാരൻ, സ്വാതന്ത്ര്യത്തിനു വയസ്സാവുന്നു, വംശാനന്തരതലമുറ, ചോലമരപ്പാതകൾ, രാജാവിന്റെ മീനുകൾ, സങ്കടമരം, ക്ഷീരപഥം, വാക്കുകൾ സംഗീതമാകുകാലം, വിമതലൈംഗികം, തീയ്യക്കുട്ടികൾ ഇന്നു വിചാരിക്കുന്നത് (കഥാസമാഹാരങ്ങൾ).

അഞ്ച് ലഘുനോവലുകൾ (നോവലെറ്റ്), അമ്പിളിപ്പൂതം, ഓർമക്കുറിപ്പുകൾ: ആത്മഗാനം (നിരൂപണം).



State Council of Educational
Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012. Website www.scert.kerala.gov.in
e-mail scertkerala@asianetindia.com

കേരളപാഠാവലി

# മലയാളം



കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

VIII